"ദൂതൻ അവരോടു പറഞ്ഞു: ഭയപ്പെടേണ്ട. സകല ജനങ്ങൾക്കും അത്യാനന്ദകരമായ ഒരു സദ്വാർത്ത ഇതാ ഞാൻ കൊണ്ടുവന്നിരിക്കുന്നു. ഇന്നു ദാവീദിൻെറ പട്ടണത്തിൽ നിങ്ങൾക്കു ഒരു രക്ഷകൻ ജനിച്ചിരിക്കുന്നു. അവനെ തിരിച്ചറിയാനുള്ള അടയാളം ഇതാണ്: പിള്ളക്കച്ചയിൽ പൊതിഞ്ഞു പുൽതൊട്ടിയിൽ കിടക്കുന്നതായി ആ ശിശുവിനെ നിങ്ങൾ കാണും"

-ലൂക്കാ II: 10—12

# സത്യദീപം

"ഈശ്വരസേവനത്തിൽ ശ്രദ്ധിക്കാതെ വ്യർത്ഥമായ വൈദുഷ്യത്താൽ എത്ര അധികം പേർ ലോകത്തു നശിച്ചുപോകുന്നു! എളിമയെക്കാൾ മഹത്വത്തെ അവർ ഇച്ഛിക്കുകയാൽ അവർ സ്വന്തം വ്യാമോഹങ്ങളിൽ മുഴുകിവശായിരിക്കുന്നു. സ്നേഹത്തിൽ മഹത്വമുള്ളവനത്രെ സാക്ഷാൽ മഹാൻ"

-ക്രിസ്ത്വനുകരണം.

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1956 ഡിസംബർ 19—ബുധനാഴ്ച | Vol. 30, No. 19

# അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി;
# ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം

## നക്ഷത്രമേ നയിച്ചാലും

(എബ്രാഹം മൂഴൂർ)

മഞ്ജരി

കൂരിരുൾച്ചാർത്തിൻെറ ഭീക
രപാളികൾ
പാരിനെ പാർത്തു പകച്ചു
നില്ലേ,
പാതിരക്കാററത്തു പൂമരച്ചി
ല്ലകൾ
പാതയിൽ പൂക്കൾപൊഴിച്ചു
നില്ലേ,
വെള്ളിപ്പൂ ചാർത്തിയ മുല്ലപ്പട
പ്പുകൾ
തുള്ളിക്കളിച്ചുങ്ങ ലാലസിക്കെ,
ആശകൾ മങ്ങിയ മാനവഹൃ
ത്തിലൊ-
രാശ വിരിക്കും വിളക്കു
പോലെ,
വിണ്ണിൻ വിശാല വിരിപ്പി
ലുദിച്ചല്ലോ
വെള്ളിനക്ഷത്രമൊന്നാഭ
വീശി!
വാനിൽനിന്നെത്തിയ ദൂത
നെപ്പോലവേ-
യാ നൽപ്രകാശം പാന്നു
ചെന്നു
നില്ലൂയായ് ബേത്ലഹം പ
ട്ടണം തന്നിലാ-
യക്കാണും കാലിത്തൊഴുത്തിൻ
മുമ്പിൽ
അങ്ങതാ കാൺമൂ; പുൽത്തൊ-
ട്ടിലൊന്നിലൊരു
പൊന്നിളംപൈതൽ ശയി
ച്ചിടുന്നു.
സ്വർഗ്ഗീയമായിടും സ്നേഹം നി
റഞ്ഞൊരു
സ്വർണ്ണവിളക്കു തെളിഞ്ഞ
പോലെ!
ആഹാ! പിതാക്കന്മാർ കാണു
വാൻ ദാഹിച്ച
സ്നേഹത്തിൻ ദീപം പിറന്നു
വല്ലോ!
ഈ വിശ്വത്തിൽ സ്വർഗ്ഗവീ
ഥി ചമയ്ക്കുവാൻ
ദൈവത്തിൻ ജാതൻ ജനി
ച്ചുവല്ലോ!
ആയിരമായിരം വാനവർ
പാടിടു-
ന്നാഹ്ലാദ മംഗള ഗീതക
ങ്ങൾ!
ഹൃത്തിനൊരാനന്ദ പീയൂഷ
മേകുന്ന
ഹൃദ്യമാം മോഹന ഗീതക
ങ്ങൾ!
"അത്യുന്നതങ്ങളിൽ ദൈവ
സ്തുതിയും നൽ-
മർത്ത്യർക്കു ഭുവിൽസമാധാനവും"
(ശാന്തിക്കുവേണ്ടി ദാഹിച്ചി
ടും മർത്ത്യൻെറ
ക്ലാന്തിയെ നീക്കിടും ദിവ്യ
ഗാനം!)
വാനവർ പാടുന്നീ യീരടി മം
ഗള-
സൂനങ്ങൾ വീഴ്ത്തുന്നു വി
ണ്ണിൽ നിന്നും
നക്ഷത്രരാശിയും പുൽക്കൊടി
ജാലവു-
മത്ഭുതമീഗ്ഗാനം കേട്ടുനിന്നു!



## രക്ഷകനേശു പിറന്നല്ലോ!!

(നേരംമങ്ങിയ നേരത്തക്കര......എന്ന രീതി)

ആരുമുറങ്ങിന പാതിരനേരം
പാരിൽ ജനിച്ചവനാരോ
പാരിൽ ജനിച്ചവനാരാരോ—ഹൊയ്!
കാലിക്കൂട്ടിൽ കീറത്തുണിയിൽ
കാണും പൈതലതാരോ
കാണും പൈതലതാരാരോ—ഹൊയ്!

1 ലോകാധീശനു പള്ളിയുറങ്ങാൻ
കാലികൾ മേവും പുൽക്കൂടോ!...കാലികൾ.......
നാകേശനുടെ സിംഹാസനമൊരു
വയ്ക്കോൽ മെത്തയുമാണല്ലോ!....വയ്ക്കോൽ.........
(ആരുമുറങ്ങിന......)

2 താരകൾ മിന്നിയ വാനിൽ നിന്നൊരു
മോഹന ഗാനമുതിർന്നല്ലോ...മോഹന.... ..
ഭൂമിയിൽ സന്മനസ്സുള്ളോർക്കെല്ലാം
ശാന്തി കൊടുക്കും സംഗീതം......ശാന്തി......
(ആരുമുറങ്ങിന........)

3 ദാവീദിൻപുരി തന്നിലിതാ നര-
രക്ഷകനേശു പിറന്നല്ലോ.....രക്ഷകനേശു......
കാണാമൊരുചെറു പുൽത്തൊട്ടിയിലാ
പാരിലിറങ്ങിയ ദൈവത്തെ!...പാരിലിറ... ...
(ആരുമുറങ്ങിന......)

(ജോസ് ആറാവൂരം)

പൂങ്കുയിൽക്കൂട്ടവും പൈങ്കിളി
പ്പററവും
സ്വർഗ്ഗീയമീഗ്ഗീതമേററു
പാടി!
മന്ത്രവീണയാലീന്തലും ചോ
ലയും
മംഗളമീഗ്ഗാനം ചേർത്തു പാടി!
ഗാനത്തിൻ കല്ലോലമാലകളാ
ദിവ്യ-
സൂനത്തിൻ മുമ്പിൽ നമിച്ചു
നിന്നു!
കാലിക്കിടാങ്ങളീ സ്വർഗ്ഗീ
യസുന്ദര-
സൂനത്തെക്കണ്ടുമിഴിച്ചു നിന്നു.
ലോകമൊരിക്കലും കണ്ടിട്ടില്ലാ
ത്തൊരു
നാകീയമായിടും ദിവ്യസൂനം!
അന്ധകടാഹത്തെക്കാളുമൊ
രായിര-
മത്ഭുതം തിങ്ങിടും ദിവ്യസൂനം!
പാടിടും പൈങ്കിളിക്കൂട്ടമന
ശ്വര-
ഗാനങ്ങളേന്തിടും സൂനങ്ങളും,
കൊച്ചല ചിന്നിപ്പതഞ്ഞൊ
ഴുകീടുന്ന
കൊച്ചരുവികളും പൊയ്കകളും,
മാരിയും, മോഹനമാകും മഴ
വില്ലും
മാമലച്ചാർത്തുകളാഴികളും,
സായാഹ്ന ചക്രവാളത്തിൻ
മനോഹര-
ഛായയും താരകൾ തന്നൊ
ളിയും,
കാലത്തുണർന്നുയർന്നീടുന്ന സൂര്യ
ൻെറ
കാന്തിയുമുജ്ജ്വലമാം പ്രഭയും.
ഇപ്രപഞ്ചത്തിൻെറ വിസ്തൃ
തി, വൈവിധ്യ-
മെല്ലാവും സൃഷ്ടിച്ച ദിവ്യനാ
ഥൻ
തൻെറ വിചാരത്താൽ മാത്ര
മിതെല്ലാം ന-
യിക്കുവാൻ സാധ്യനാം രാജ
രാജൻ
കാലിത്തൊഴുത്തിലീ കാലി
ക്കിടാങ്ങൾതൻ
കൂട്ടത്തിൽ വന്നിതാ ജാത
നായി!
ആവൂ! പ്രപഞ്ചത്തിലാത്മാ
ർത്ഥസ്നേഹത്തി-
നാവുകില്ലെന്തെല്ലാം ചെയ്തിടു
വാൻ!
പുൽക്കൂട്ടിൽ ജാതനാമാ
സ്നേഹാകാരത്തെ
താരങ്ങൾ നോക്കി നമിച്ചു
നിന്നു.
വാനത്തു നിന്നങ്ങു വീണ്ടുമാ
വെൺതാര
വാരൊളി വീശിയാ പാത
കാട്ടി
നക്ഷത്രമേ, നീ നയിച്ചാലും
സ്നേഹത്തിൻ
പൊൽക്കതിർ തിങ്ങുമാ പുൽ
ക്കൂടിലിൽ
ശാന്തിക്കുവേണ്ടി ദാഹിക്കു
ന്നലോകമാ
കാന്തിയെ ചെന്നൊന്നു പുൽ
കിടട്ടെ!

ജീവചരിത്രപംക്തി

# മാർഗരററ് സിങ്ക്ളയർ

## ഒരു കൂലിവേലക്കാരിയായ യുവതി

(മി. ഇട്ടൂപ്പ് മാമ്പിള്ളി)

(തുടർച്ച)

### മാതൃകാപരമായ ജീവിതചര്യ

ചെറുപ്രായം മുതൽ അവൾ ദിവസേന കർബാന കൈക്കൊള്ളുക പതിവായിരുന്നു. ഇതു മുടക്കാതിരിപ്പാൻ വേണ്ടി വേലയ്ക്കു പോകുമ്പോൾ കാലത്തെ ഒന്നും കഴിക്കാതെ ഉപവസിച്ചിരുന്നു. ഉച്ചഭക്ഷണത്തിനും വിശ്രമത്തിനുമുള്ള സമയം അധികഭാഗവും വേലസ്ഥലത്തിനടുത്തുള്ള പള്ളിയിൽ കഴിച്ചിരുന്നു. വേലചെയ്യുമ്പോൾ തന്നെയും അവളുടെ നമസ്കാരപുസ്തകം അരികെ വിടുത്തി വച്ചിരിക്കുക പതിവായിരുന്നു ഇതെല്ലാം വളരെ ഒതുക്കത്തിലും ആരും കാണാത്തനിലയിലും ആയിരുന്നു ചെയ്തിരുന്നതു്. എന്നാൽ അവളുടെ പ്രവൃത്തികളിലെല്ലാം തികഞ്ഞ മനസ്ഥൈര്യം പ്രകടിപ്പിച്ചിരുന്നു.

അവളുടെ മുതലാളി ഒരു യഹൂദനായിരുന്നു. ഒരിക്കൽ മാതാവിന്റെ ഒരു രൂപം ചവറിന്നിടയിൽ നിലത്തു കിടക്കുന്നതുകണ്ടു്, അവൾ എടുത്തുവെടിപ്പാക്കി വേല ചെയ്യുന്ന മുറിയുടെ ഒരു പ്രധാന സ്ഥലത്തു സ്ഥാപിച്ചു. പിറെറ ദിവസം അതു വീണ്ടും ചവറിൽ കിടക്കുന്നതായി കണ്ടു ദുഃഖത്തോടെ രണ്ടാമതും അതെടുത്തു നന്നാക്കി പഴയ സ്ഥലത്തുതന്നെ ഭംഗിയായി വീണ്ടും വച്ചു. ഈ സംഭവം ഒരു കൊല്ലംവരെ പല പ്രാവശ്യവും ഉണ്ടായി എങ്കിലും ഒടുവിൽ മാർഗരററ തന്നെ ജയിക്കുകയും, രൂപം പിന്നീടാരും കളയാതെ വച്ച സ്ഥലത്തുതന്നെ ഇരിക്കുന്നതിനിടവരികയും ചെയ്തു. അവൾ മനഃസാക്ഷിയോടുകൂടെ വേലചെയ്യുന്ന ഒരുത്തിയായിരുന്നതിനാൽ ജോലിയിൽനിന്നു അവളെ പിരിച്ചുവിടുവാൻ യാതൊരു കാരണവും ഒരിക്കലും നേരിട്ടിട്ടില്ല.

ഒരിക്കൽ ജോലിസ്ഥലത്തു് വേലക്കാരെ തമാശ പറഞ്ഞു രസിപ്പിപ്പാൻ ഒരാൾ വന്നു. മാർഗരററ് കേൾക്കത്തക്ക വിധത്തിൽ അവൻ ചില അസഭ്യങ്ങൾ സംസാരിച്ചു. മാർഗരററ് അവനെ ഒന്നു തിരിഞ്ഞു നോക്കുകപോലും ചെയ്തില്ല. അയാൾ ഇളിഭ്യനായി. വേറൊരിക്കൽ അവൻ വീണ്ടും വന്നപ്പോൾ മാർഗരററിന്റെ അടുത്തു അവളുടെ പ്രാർത്ഥനപുസ്തകം നിവത്തിവച്ചിരിക്കുന്നതാണു കണ്ടതു്. അവൻ അവിടെനിന്നു മാറിപ്പോവുകയും മററുള്ളവരോടു അവളെ വൃഥാ ഉപദ്രവിക്കേണ്ടാ എന്നു പറയുകയും ചെയ്തു.

വീട്ടിൽ മാർഗരററും അവളുടെ സഹോദരിയും കൂടി ഒരു മുറിയായിരുന്നു ഉപയോഗിച്ചിരുന്നതു്. അതിനെ അവരുടെ "ചെറിയ മഠത്തിന്റെ മുറി" എന്നാണു് വിളിച്ചിരുന്നതു്, ചെറുപ്പംമുതൽ ഞായറാഴ്ച ശുദ്ധ. കർബാന കൈക്കൊണ്ടു കഴിഞ്ഞാൽ ആ മുറിയിൽതന്നെ ആയിരുന്നു അവൾ പ്രാർത്ഥിച്ചിരുന്നതും ധ്യാനിച്ചിരുന്നതും. ഇടദിവസങ്ങളിലെ അവളുടെ ജോലിയും അല്പമായ ഉല്ലാസവും കഴിഞ്ഞാൽ ആ മുറിതന്നെ അവളുടെ ധ്യാനസ്ഥലവുമായിരുന്നു.

എന്നെങ്കിലും ഡാൻസിനുപോയിവന്നാൽ എത്ര ക്ഷീണിച്ചിരുന്നാലും മാർഗരററു് കുറഞ്ഞതു ഒരു കൊന്തയെങ്കിലും ജപിക്കുക പതിവായിരുന്നു എന്നും, "ഇന്നു നാം വളരെയധികം സന്തോഷിച്ചു, അതിനാൽ ദൈവത്തിന്റെ പങ്കു ദൈവത്തിനു കൊടുക്കണം എന്നും, നാം ഡാൻസ് ചെയ്തു സന്തോഷിച്ചപ്പോൾ എത്ര പുണ്യസമൂഹങ്ങൾ ആണു് നമുക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നതു് എന്നും അവൾ പറയുമായിരുന്നു" എന്ന അവളുടെ സഹോദരി "ബെല്ല" രേഖപ്പെടുത്തിയിട്ടുണ്ടു്.

പത്തൊമ്പതു വയസ്സു പ്രായമുള്ളപ്പോൾ ഒരു ഒഴിവുദിവസം ബൊണസ്സ് എന്ന സ്ഥലത്തു ഉല്ലാസത്തിനു പോയ അവസരത്തിൽ പട്ടാളക്കാരനായ ഒരു കത്തോലിക്ക യുവാവുമായി മാർഗരററു് പരിചയപ്പെടുവാൻ ഇടയായി. പക്ഷെ ആദ്യമേ തന്നെ മാർഗരററു് വിശദമാക്കി അവൾക്കു കല്യാണം ചെയ്വാൻ ഉദ്ദേശമില്ലാ എന്നു്. എങ്കിലും അവനോടുണ്ടായ പരിചയം മാർഗരററ് നിലനിർത്തുകയും അവൻ യുദ്ധത്തിനു പോയിരുന്നപ്പോൾ അവനു വേദകാര്യങ്ങളിൽ ഉണ്ടായ ചില കുറവുകളെ പരിഹരിപ്പാൻ അവളാൽ പാടുള്ള വിധത്തിൽ പരിശ്രമിക്കുകയും ചെയ്തു. ദൈവാനുഗ്രഹത്താൽ അവൾ വിചാരിച്ച ഫലം ഉണ്ടായി.

അവൻ നല്ല ഒരു യുവാവായിരുന്നതിനാൽ മാർഗരററിന്റെ താമസസ്ഥലത്തു ആദ്യമായി വന്നസമയം മാർഗരററിന്റെ കാരണവന്മാർ അവനെ വളരെ കാര്യമായി സ്വീകരിച്ചു, അസാധാരണനിലയിൽ. ഒരു കല്യാണത്തിന്റെ ആരംഭമായിരുന്നു അതെന്നു മാർഗരററിനു മനസ്സിലായി. ഏതു വിധത്തിലാണു് ഈ ദുർഘടസ്ഥിതിയിൽനിന്നു രക്ഷപെടേണ്ടതെന്നും, അവളുടെ മാതാപിതാക്കന്മാരുടെ ആലോചനയെ എങ്ങനെയാണു് പെട്ടെന്നു തള്ളിക്കളയുകയെന്നും ഉള്ള വിചാരത്തിലായി അവൾ. അവൾക്കു കല്യാണം കഴിപ്പാൻ ആഗ്രഹമോ അവനോടു സ്നേഹമോ ഇല്ലായിരുന്നു. അതിനാൽ ദൈവേഷ്ടം അവൾ കല്യാണം കഴിക്കണമെന്നാണെങ്കിൽ അതിനുതക്കതായ സ്നേഹം അവനോടുണ്ടാകുന്നതിനു ഇടയാക്കുക എന്നു നിഷ്കപടമായി ദൈവത്തോടു പ്രാർത്ഥിച്ചു. അതിനിടയിൽ ജീവിതത്തെ അവൾ ശ്രദ്ധാപൂർവം നയിച്ചു. അവനോടുകൂടി നടക്കുവാൻ പോകുന്നതിനാവശ്യപ്പെട്ടാൽ വീട്ടിലുള്ള മററാരെയെങ്കിലും കൂട്ടായികൊണ്ടുപോകാതെയിരിക്കയില്ല. സാധാരണയായി "ബെല്ല" ആയിരുന്നു കൂടെപോകുക പതിവായിരുന്നതു്. സാധാരണ വിവാഹത്തിലേപ്പെടാനുദ്ദേശിക്കുന്നവർ തമ്മിൽ പെരുമാറുന്ന രീതികൾ അനുകരിക്കുന്നതിനു അവൾ സമ്മതിച്ചിരുന്നില്ല. കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവളുടെ അപ്പൻ ഈ കാര്യം എങ്ങനെയെങ്കിലും ഒന്നു തീരുമാനിക്കണമെന്നു ആവശ്യപ്പെട്ടു. അവൾ അവളുടെ ആത്മീയപിതാവായ ലാറിസ്റ്റണിലുള്ള തിരുഹൃദയ ആശ്രമത്തിലെ ഈശോസഭക്കാരനായ അച്ചനോടു ഈ കാര്യത്തെസംബന്ധിച്ചു പറയുകയും അദ്ദേഹത്തിന്റെ ഉപദേശം ആവശ്യപ്പെടുകയും ചെയ്തു.

ഈശോസഭക്കാരനായ തോമസ് അഗിയൂസച്ചൻ വിവാഹത്തിന്റെ മാഹാത്മ്യത്തെപ്പററി കുറഞ്ഞൊന്നു അവളെ മനസ്സിലാക്കി. അതുവരെ മാർഗരററിനു സന്യാസാന്തസ്സിൽ പ്രവേശിക്കുന്നതിനെപ്പററി യാതൊരു വ്യക്തമായ ഉദ്ദേശവും ഇല്ലാതിരുന്നതിനാലും അവളെപ്പോലെ അഴകുള്ള ഒരു പെൺകുട്ടിയുടെ ഉദ്ദേശ്യം വിവാഹമായിരിക്കാനേ ഇടയുള്ളു എന്ന വിചാരത്താലുമാണു് അഗിയൂസച്ചൻ വിവാഹത്തിന്റെ മഹത്വവും മററും വിശദമായി പറയുവാൻ ഇടയായതു്. അവളുടെ തല്ക്കാലസ്ഥിതിഗതികൾക്കു ഒത്തതായിരുന്നില്ല അവൾക്കു അച്ചനിൽനിന്നു കിട്ടിയ ഈ ഉപദേശം. വിവാഹത്തിനു സമ്മതിക്കുവാൻ ഏതായാലും തല്ക്കാലം അവൾക്കു മനസ്സാക്ഷിയനുസരിച്ചു സാധിച്ചിരുന്നില്ല. ആത്മധൈര്യത്തോടെ അവളുടെ പരിചയക്കാരനായ ആ യുവാവിനു ചുരുക്കമായതും വിനയമായതും എന്നാൽ ഉറപ്പായതുമായ ഒരെഴുത്തു എഴുതുകതന്നെ എന്നാണവൾ നിശ്ചയിച്ചതു്. അതോടെ അവർതമ്മിലുണ്ടായിരുന്ന താല്ക്കാലികസ്നേഹബന്ധം അവസാനിക്കയുംചെയ്തു.

ഈ ധീരപ്രവൃത്തികൾ എല്ലാം ചെയ്തെങ്കിലും മാർഗരററിന്റെ മനസ്സിൽ അവളുടെ പുണ്യവർദ്ധനയുടെ വഴി സന്യാസജീവിതമാണെന്ന ഉറപ്പ് ഉണ്ടായിരുന്നില്ല. അവൾ സന്തോഷചിത്തയും, സൽസ്വഭാവിയുമായ ഒരു കൂലിവേലക്കാരിയായിതന്നെ തുടന്നു. കല്യാണക്കാര്യം വേണ്ടെന്നുവച്ചകാലത്തു അവളുടെ മുൻജോലിയിൽനിന്നുമാറി. പിന്നീടു എഡിൻബറോയിൽ ഒരു ബിസ്കററ് ഉണ്ടാക്കുന്ന ആളുടെ കീഴിൽ ആയിരുന്നു അവൾ ജോലിചെയ്തിരുന്നതു്. കുറെകാലം അവൾ ഒരു ട്രേഡ് യൂണിയൻ അംഗവും അതിന്റെ ഒരു കമ്മിററി മെമ്പറും കൂടി ആയിരുന്നതിനാൽ യൂണിയന്റെയും അതിന്റെ അംഗങ്ങളുടെയും അഭിവൃദ്ധിക്കും ഗുണത്തിനുംവേണ്ടി നന്നായി പരിശ്രമിച്ചിരുന്നു. ഈ അവസരത്തിലും അവളുടെ ആത്മീയകാര്യങ്ങളിൽ യാതൊരു വീഴ്ചയും കൂടാതെ വളരെ ജാഗ്രത പ്രദർശിപ്പിച്ചുപോന്നു. എങ്കിലും അസൗകര്യങ്ങൾ നിമിത്തം അതു രഹസ്യത്തിലും പുറമെ കാണിക്കാത്ത നിലയിലും വേണ്ടിയിരുന്നു. പലപ്പോഴും പകൽ മുഴുവൻ ഭക്ഷണം ഒന്നും കഴിക്കാതെ പട്ടിണിയായി നോമ്പുനോക്കി. ദിവസേന കർബാന കൈക്കൊള്ളേണ്ടതിനും ഒരു തപഃക്രിയയായും ആയിരുന്നു അങ്ങനെ ചെയ്തിരുന്നതു്. രാത്രികാലങ്ങളിൽ പലപ്പോഴും പ്രാർത്ഥനയിൽ അധികസമയം ചിലവഴിച്ചിരുന്നു.

ഒടുവിൽ സന്യാസജീവിതത്തിലേക്കാണു് താൻ ദൈവത്താൽ വിളിക്കപ്പെട്ടിരിക്കുന്നതെന്നു മാർഗരററിനു വ്യക്തമായി മനസ്സിലായി.

(തുടരും)




# ചോദിച്ചാൽ പറയാം

52 ചോ: ദൈവവിളി എന്നാൽ എന്തു്? അതിൽ ആരെല്ലാം ഉൾപ്പെടും?

(കെ. സി. എം. മേലുകാവുമററം)

ഉ: ദൈവത്തിന്റെ സഭ ഒരു ആദ്ധ്യാത്മികപൂന്തോട്ടമാണു്; അമർത്ത്യമായ ആത്മാവുകൾ വിവിധസുകൃതങ്ങളിലും വരപ്രസാദത്തിലും വികസിച്ചു പുണ്യപരിമളം പ്രസരിപ്പിക്കുന്ന ഒരു പൂന്തോട്ടം. എല്ലാ രാജ്യക്കാരും എല്ലാത്തരക്കാരും എല്ലാ പ്രായക്കാരുമായ ആളുകൾ. തന്റെ സൃഷ്ടികളായ അവർ പരിപൂർണ്ണരായി കാണുവാൻ ദൈവം ആഗ്രഹിക്കുന്നു. സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവു പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പൂർണ്ണരായിരിക്കുവിൻ (മത്തായി: V. 48) എന്നു് അവിടുന്നു് ഓരോരുത്തരെയും ആഹ്വാനം ചെയ്യുന്നു. ഇതിലേക്കുള്ള മാർഗ്ഗങ്ങൾ ദൈവം നൽകുന്നു; എന്നാൽ സ്വന്തം ഇച്ഛാശക്തി അനുസരിച്ചു് ഇഷ്ടമുള്ളതു തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം അവിടുന്നു് ഓരോ വ്യക്തിക്കും നൽകിയിരിക്കുന്നു.

ഇങ്ങനെ പുണ്യപൂർണ്ണത പ്രാപിക്കുന്നതിനുള്ള മാർഗ്ഗം തിരഞ്ഞെടുക്കുന്ന വിഷയത്തിൽ ദയാനിധിയായ ദൈവം ഓരൊരുത്തരെയും സഹായിക്കാറുണ്ടു്. മാർഗ്ഗം തിരഞ്ഞെടുക്കേണ്ട ഘട്ടം വരുമ്പോൾ ഉത്തമമായതു് ഏതെന്നു ഓരോരുത്തനും ദൈവം തോന്നിക്കാറുണ്ടു്; ആ തോന്നിക്കൽ അനുസരിച്ചുള്ള മാർഗ്ഗം സ്വീകരിക്കുന്നവക്കു അതിലെ ചരിക്കുന്നതിനുള്ള വരപ്രസാദവും ദൈവം നൽകുന്നു. ദൈവം ആന്തരികമായി നൽകുന്ന ഈ ആഹ്വാനം മനുഷ്യന്റെ ഇച്ഛാശക്തിക്കു് എതിരല്ല; കാരണം അതു തിരസ്കരിക്കുവാനുള്ള സ്വാതന്ത്ര്യം അവനുണ്ടു്. വേദപുസ്തകത്തിൽ വിവരിച്ചിരിക്കുന്ന ധനവാനായ യുവാവിന്റെ കഥ (മത്തായി XIX 16-22) ഇതിനു് ഉദാഹരണമാണു്.

ഒരു യുവാവു് ക്രിസ്തുവിന്റെ അടുക്കൽ ചെന്നു നിത്യായുസ്സുണ്ടാകുവാൻ എന്തു ചെയ്യണമെന്നു ചോദിച്ചു പ്രമാണങ്ങൾ അനുസരിക്കുക എന്നായിരുന്നു അവിടുത്തെ മറുപടി. അതൊക്കെ ബാല്യംമുതൽ ആചരിക്കുന്നുണ്ടെന്നു് അവൻ മറുപടി പറഞ്ഞു. "നിനക്കു പരിപൂർണ്ണനാകുവാൻ മനസ്സുണ്ടെങ്കിൽ നീ പോയി നിനക്കുള്ള മുതൽ വിററു ദരിദ്രക്കു കൊടുക്കുക, പിന്നെ എന്റെ പിന്നാലെ വരിക" എന്നു് ഈശോ അരുളിച്ചെയ്തു. പരിപൂർണ്ണനാകുന്നതിനുള്ള ദൈവത്തിന്റെ ഒരു വിളിയായിരുന്നു അതു്. പക്ഷെ ധനവാനായ ആ ചെറുപ്പക്കാരൻ ഈ ദൈവവിളികേട്ടു ദുഃഖത്തോടുകൂടി മടങ്ങിപ്പോകുകയാണു ചെയ്തതു്.

ദൈവം ഓരോരുത്തരെ വിളിക്കുന്നതു് ഓരോ തരത്തിലായിരിക്കാം. നമ്മുടെ കത്താവു തന്റെ ശിഷ്യനായി വി. ശുദ്ധ മത്തായിയെ ക്ഷണിച്ചതു് "എന്റെ പിന്നാലെ വരിക"യെന്നു കല്പിച്ചാണു്. (മാർക്കോ: II 14) പത്രോസിനേയും അന്ത്രയോസിനേയും ക്ഷണിച്ചതു് "എന്റെ പിന്നാലെ വരുവിൻ, ഞാൻ നിങ്ങളെ മനുഷ്യപ്പിടുത്തക്കാരാക്കാം" എന്നു് അരുളിച്ചെയ്തിട്ടാണു്. എന്നാൽ വി. പൗലോസിനെ വിളിച്ചതാകട്ടെ "ശാവേൽ ശാവേൽ നീ എന്നെ പീഡിപ്പിക്കുന്നതെന്തു്?" എന്നു ചോദിച്ചുകൊണ്ടാണു്. ഓരോ ആത്മാവിന്റെയും സ്വഭാവവും പ്രത്യേകതയും അനുസരിച്ചു് ഓരോ മാർഗ്ഗങ്ങളിലൂടെ അവിടുന്നു ആഹ്വാനം നൽകുന്നു. പരിപൂർണ്ണത പ്രാപിക്കുവാൻ എല്ലാ ആത്മാവുകളെയും അവിടുന്നു ക്ഷണിക്കുന്നു; ചിലരെ സന്യാസജീവിതത്തിലേക്കും ചിലരെ വിവാഹജീവിതത്തിലേക്കും.

ആകർഷണം വഴിയും, ബോദ്ധ്യം വഴിയും ദൈവവിളി രണ്ടു വിധത്തിൽ അനുഭവപ്പെടാം. ചിലക്കു ചെറുപ്പംമുതൽ ഏതെങ്കിലും ഒരു ജീവിതാന്തസ്സിനോടു മമത തോന്നി അതു സ്വീകരിച്ചുവെന്നുവരാം. വി. സ്തനിസ്ലാവോസ്, കട്ട്നാൾ ഗിബെൺസ് മുതലായവർ ഈദൃശമായ തങ്ങളുടെ അനുഭവങ്ങളെ വിവരിച്ചിട്ടുണ്ടു്. വി. അമ്മത്രേസ്യാ ഒരു ബാലികയായിരിക്കുമ്പോഴേ കന്യകാലയാവൃതിക്കുള്ളിലേക്കു് ഒളിച്ചോടി കന്യകാവ്രതം സ്വീകരിക്കുകയായിരുന്നു. ചിലർ തങ്ങളുടെ യുക്തിഉപയോഗിച്ചു് പ്രതിലക്ഷ്യതത്വങ്ങൾ തുലനംചെയ്തു് ഏതെങ്കിലും അന്തസ്സു സ്വീകരിക്കുന്നു. ഏതു വിധത്തിലായാലും ദൈവത്തിന്റെ വിളി വ്യക്തമായി അന്തഃകരണം ധ്വനിപ്പിക്കാതിരിക്കുകയില്ല.

53. ചോ: മഹറോൻ ചൊല്ലുക എന്നു പറഞ്ഞാലെന്തു്? മഹറോൻ ചൊല്ലിയവരെ തിരിച്ചു സ്വീകരിക്കാറുണ്ടോ?

(ടി. എ. പാലക്കാട്ട്)

ഉ: കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരത്തോടുകൂടിയാണു് ഈശോ തന്റെ ശിഷ്യന്മാരെ ലോകത്തെ പഠിപ്പിക്കുന്നതിനായി നിയോഗിച്ചതു്. ഗുരുവിൽനിന്നുകിട്ടിയ ആജ്ഞ അനുസരിച്ചു അപ്പസ്തോലന്മാർ സഭയെ പഠിപ്പിക്കുകയും നയിക്കുകയും ചെയ്തു. ആജ്ഞാപിക്കുന്നതിനുള്ള അധികാരം ആരംഭംമുതൽ തന്നെ അപ്പസ്തോലന്മാർ ഉപയോഗിച്ചിരുന്നു. പഠിപ്പിക്കുന്നതിനും ആജ്ഞാപിക്കുന്നതിനുമുള്ള ആ അധികാരം സഭയ്ക്കുണ്ടായിരിക്കുന്നു. ആജ്ഞാപിക്കുവാൻ സഭയ്ക്കു് അധികാരമുണ്ടെങ്കിൽ, അനുസരിക്കുവാൻ സഭാംഗത്തിനു ചുമതലയുമുണ്ടല്ലോ.

എന്നാൽ സഭയുടെ ഒരു അംഗം മനഃപൂർവ്വം സഭയുടെ ആജ്ഞകൾ അനുസരിക്കുന്നില്ലെങ്കിലോ? നിയമങ്ങൾ ഉണ്ടാക്കുവാൻ അധികാരമുള്ള ഒരാൾക്കു അതു നടപ്പിൽ വരുത്തുവാനുള്ള അധികാരവും ഉണ്ടായിരിക്കണമല്ലോ. തന്റെ സഭയ്ക്കു നിയമങ്ങൾ ഉണ്ടാക്കുവാൻ അധികാരം കൊടുത്ത ദൈവം, അതു നടപ്പിൽ വരുത്തുന്നതിനും, അനുസരിക്കാത്തവരെ

(ശേഷം 11-ാംപേജിൽ)

# ക്രിസ്തുവിന്റെ ജനനസ്ഥലമായ ബേസ്ലഹം

(ഏണേക്കാട്ടു യൗസേപ്പുകത്തനാർ)

നമ്മുടെ ദിവ്യരക്ഷകൻ ഭൂജാതനായതു് ബേസ്ലഹത്തിലാണെന്നു് അറിയാത്തവർ അധികം കാണുകയില്ല. ചില കൊല്ലങ്ങൾ മുമ്പേ ഈ പരിശുദ്ധസ്ഥലം സന്ദർശിക്കുന്നതിനും അവിടെ കുർബാന ചൊല്ലുന്നതിനും ഭാഗ്യം സിദ്ധിച്ചിട്ടുള്ള ഈ ലേഖകൻ, അതേപ്പററി ഏതാനും വിവരങ്ങൾ പ്രസ്താവിക്കുന്നതു് വായനക്കാർക്കു ഉപകാരപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു.

നമ്മുടെ നാട്ടിൽനിന്നും ഉദ്ദേശം 4500 മൈൽ വടക്കുപടിഞ്ഞാറായി യേറുസലം പട്ടണം സ്ഥിതിചെയ്യുന്നു. അവിടെനിന്നും അഞ്ചാറുമൈൽ തെക്കുപടിഞ്ഞാറാണു് ബേസ്ലഹം. ഈ നാമത്തിന്റെ അർത്ഥം സുറിയാനിഭാഷയിൽ "അപ്പത്തിന്റെ വീടു്" എന്നാകുന്നു. "ഞാൻ ആകാശത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പമാണു്" എന്നു ദിവ്യരക്ഷകൻ പറയുന്നുണ്ടല്ലോ. ഈ "അപ്പം" പുറപ്പെടാനുള്ള സ്ഥാനമായി അനാദിയിലെ ദൈവപരിപാലനയിൽ നിശ്ചയിച്ചിരുന്നതുകൊണ്ടു്, അതിന്റെ ഒരു നിത്യസ്മാരകമായി അപ്പത്തിന്റെ വീടു് എന്ന നാമമുണ്ടായി. പഴയനിയമത്തിൽ പലേടത്തും ബേസ്ലഹത്തെ സംബന്ധിച്ച പ്രസ്താവനകൾ കാണാം. റാഹേലിനെ സംസ്കരിച്ചതു് ബേസ്ലഹത്തിനടുത്താണു്. (സൃഷ്ടി.) ദാവീദിന്റെ ജനനവും വാഴ്ചയും മരണവും മററും ബേസ്ലഹത്തിലായിരുന്നു. ക്രിസ്തു പിറക്കുന്നതിനു് 800 കൊല്ലം മുമ്പേതന്നെ "ഓ എഫ്റാത്താ ബേസ്ലഹമേ, യൂദായിലെ അനേകം പട്ടണങ്ങളിൽ നീ വളരെ ചെറുതാണെങ്കിലും ഇസ്രായേലിനെ ഭരിക്കേണ്ടവൻ നിന്നിൽനിന്നാണു് പുറപ്പെടേണ്ടതു്" എന്നു് മിക്കയാസ് പ്രവാചകൻ എഴുതിയിരിക്കുന്നു. "എഫ്റാത്താ" എന്ന വിശേഷണം ചേർത്തു്, ഇസ്രായേൽ ന്യായാധിപനായ അബ്സാന്റെ ജന്മസ്ഥലമായി ഗലീലയിൽ വേറൊരു ബേസ്ലഹമുള്ളതിനാൽ ഇതിനെ തിരിച്ചറിയുന്നതിനാണു്. ദാവീദുവഴി സ്നാപകയോഹന്നാനും കന്യകമറിയവും മാർ യൗസേപ്പും ബേസ്ലഹംകാരായിരുന്നു. രണ്ടാംശതകം ആദ്യം ട്രാജൻ ചക്രവർത്തിയുടെ ഭരണത്തിൽ, രക്തസാക്ഷിയായി മരിച്ച വി. എവറിസ്തൂസ് മാർപ്പാപ്പാ ബേസ്ലഹത്തിൽ ജനിച്ച ദേഹമാണു്. ഹദ്രിയാൻചക്രവർത്തി, യേറുസലത്തെപ്പോലെ, ഈ പട്ടണവും നശിപ്പിച്ചു് വിശുദ്ധസ്ഥലങ്ങളിൽ ആകെ വിഗ്രഹാരാധനസ്ഥലമായി. അമ്പലങ്ങൾ പണിയിച്ചു് ബിംബങ്ങളെ പ്രതിഷ്ഠിച്ചു. 81 വയസ്സുകാരി വി. ഹേലന്നാ മഹാരാജ്ഞിയും പുത്രൻ കോൺസ്റ്റന്റീൻ ചക്രവർത്തിയും വളരെ പരിശ്രമിച്ചു് വീണ്ടും ഇവിടെ ക്രിസ്തീയ സ്ഥാപനങ്ങളും സത്യദൈവാരാധനയും പുനഃസ്ഥാപിച്ചു. നാലാംനൂററാണ്ടിൽ വി. ജെറോം ഇവിടെ ഒരു കൽഗുഹയിൽ മുപ്പത്താറുകൊല്ലം താമസിച്ചു തപസ്സുചെയ്യുകയും വേദപുസ്തകം പരിഭാഷപ്പെടുത്തുകയും ചെയ്തു. കൂടാതെ അനേകം പുണ്യവാന്മാരും പുണ്യവതികളും തങ്ങളുടെ സുകൃതജീവിതത്തിനു ഈ വിശുദ്ധസ്ഥലം തിരഞ്ഞെടുത്തിട്ടുണ്ടു്. ഏഴും എട്ടും ശതകങ്ങളിൽ പേർഷ്യാക്കാരും അറബികളും ഈ പട്ടണം കൊള്ളചെയ്തു: 12-ാംനൂററാണ്ടിൽ മാത്രമാണു് അവിടെ ഒരു മെത്രാസനമുണ്ടായതു്. ആൻസെലിൻ ആയിരുന്നു ആദ്യത്തെ മെത്രാൻ. പിന്നീടും മഹമ്മദീയരുടെ ആക്രമണം തുടരെയുണ്ടായി. പതിന്നാലാംനൂററാണ്ടോടുകൂടി ഏതാനും ഫ്റാൻസിസ്കൻ സന്യാസിമാർ ബേസ്ലഹത്തിൽ സ്ഥിരമായി താമസം തുടങ്ങി. അധികം താമസിയാതെ ഗ്രീക്കു് ഓർത്തഡോക്സ്കാരും അവിടെ വന്നുകൂടി ഒരു മെത്രാനേയും വാഴിച്ചു. പതിനഞ്ചാംനൂററാണ്ടിൽ ടർക്കി സുൽത്താൻ ക്രിസ്തീയദേവാലയങ്ങൾ മുഴുവനും നശിപ്പിച്ചുകളഞ്ഞു. എങ്കിലും ക്രമേണ അവയെല്ലാം ഉദ്ധരിക്കപ്പെടുകയുണ്ടായി.

സമുദ്രനിരപ്പിൽനിന്നും ഏകദേശം 2500 അടി പൊക്കമുള്ള രണ്ടു ചെറുകുന്നുകളിൽ ആണു് ആധുനിക ബേസ്ലഹം സ്ഥിതിചെയ്യുന്നതു്. ഇതിൽ പടിഞ്ഞാറുള്ള കുന്നിലാണു് ക്രിസ്തു പിറന്ന സ്ഥലം. കർത്താവിന്റെ "പിറവിബസിലിക്കാ"യും (Basilica of the Nativity) തൊട്ടടുത്തു് അനേകം മററു ദേവാലയങ്ങളും ലത്തീൻ, ഗ്രീക്കു്, അർമേനിയൻ കൊവേന്തകളും അവിടെ കാണാം, മഹമ്മദീയപള്ളികളുമുണ്ടു്. വിദേശികൾ വളരെ കുറച്ചേയുള്ളു. ഒരു മുപ്പത്തഞ്ചുകൊല്ലം മുമ്പേ ആകെ ജനസംഖ്യ 7000-ത്തോളമേ ഉണ്ടായിരുന്നുള്ളു. ക്രിസ്ത്യാനികളായിരുന്നു കൂടുതൽ. ജനങ്ങൾ പൊതുവേ പരിശ്രമികളാണു്. കൃഷിയും കന്നുകാലിവളർത്തലുമാണു് സാധാരണ തൊഴിൽ. അനേകർ ഭക്തസാധനങ്ങൾ നിർമ്മിക്കുന്നതിൽ വിരുതന്മാർതന്നെ. കൊന്തകൾ കുരിശുരൂപങ്ങൾ മെഡലുകൾ മുതലായവ വളരെ ആകർഷകമായവിധം, ഒലിവുകുരുക്കൾ, തടികൾ, പലതരം വിശിഷ്ടകല്ലുകൾ, മുത്തുകൾ, ആദിയായവകൊണ്ടുണ്ടാക്കി, എന്നും ആയിരക്കണക്കിനുള്ള തീർത്ഥകർക്കും മററും വിററു് ജീവസന്ധാരണത്തിനുവേണ്ട വക അവർ സമ്പാദിക്കുന്നു. കെട്ടിടങ്ങൾ മിക്കതും പരിഷ്കൃതരീതിയിൽ പണിതു ആധുനിക സജ്ജീകരണങ്ങൾ കൊണ്ടു മോടിപിടിപ്പിച്ചവയാണു്. തെരുവുകളും കടകളും അവർ ശുചിയായി സംരക്ഷിക്കുന്നു. ജനങ്ങൾ പൊതുവെ അതിഥിപ്രിയന്മാരും മര്യാദക്കാരുമാണു്. റോഡുകൾ മിക്കതും താറിട്ടിരിക്കുന്നു. ആകപ്പാടെ ഒരു സന്തോഷവും സമാധാനവും കർത്താവിന്റെ ഈ ജന്മസ്ഥലം ഏതു സന്ദർശകനും നൽകാതിരിക്കുകയില്ല. എന്നാൽ യേറുസലം ഇങ്ങനെയല്ല. ശപിക്കപ്പെട്ട സ്ഥലമാണെന്നു പ്രഥമവീക്ഷണത്തിൽതന്നെ കാണാം.

ക്രിസ്തു ഒരു കന്നുകാലിക്കൂട്ടിൽ, പശുത്തൊഴുത്തിൽ, പുൽക്കൂട്ടിൽ, ഗോശാലയിൽ പിറന്നു എന്നുപറഞ്ഞാൽ സാധാരണ നമ്മൾ ധരിക്കുന്ന അർത്ഥത്തിൽ അതു ശരിയല്ല. ആ സ്ഥാനത്തിന്റെ യഥാർത്ഥ സ്ഥിതി ഇങ്ങനെയാണു്. ലൂർദ്ദിനെ അനുകരിച്ചു് നമ്മുടെ നാട്ടിൽ പലേടത്തും ഇപ്പോൾ ഗ്രോട്ടോകൾ ഉണ്ടല്ലോ. മൂന്നു വശവും കല്ലുകൾകൊണ്ടു കെട്ടിയടച്ചു് മുൻഭാഗംമാത്രം തുറന്നു കിടക്കുന്നു. ഉള്ളിൽ ഒരൾത്താരയും. ലൂർദ്ദിൽ ഈ ഗ്രോട്ടോ മുഴുവൻ—അൾത്താരയൊഴിച്ചു്—പ്രകൃത്യാ ഉള്ളതാണു്. കൃത്രിമമായി അവിടെ യാതൊരു പരിഷ്കാരവും വരുത്താൻ അധികാരികൾ ഇന്നേവരെ അനുവദിച്ചിട്ടില്ല. അതിനു കൽഗുഹ, കല്ലുള്ളു്, കല്ലറ എന്നൊക്കെ മലയാളത്തിൽ വേണമെങ്കിൽ പറയാം. Cavern, Grotto, Cave, Den എന്നു് ഇംഗ്ലീഷിലും. പക്ഷേ ഗ്രോട്ടോ എന്ന പദം ഇപ്പോൾ മലയാളീകൃതമായിരിക്കുന്നതിനാൽ അതാണു് ഏററവും യുക്തമെന്നു തോന്നുന്നു. Stable എന്നു് ചിലേടത്തു ഇംഗ്ലീഷിൽ കാണാമെങ്കിലും മലയാളത്തിൽ "പശുത്തൊഴുത്തു്"പോലെ പാശ്ചാത്യർ ഉപയോഗിച്ചു തുടങ്ങിയതായിരിക്കാം. നമ്മുടെ വന്മലകളിലും ഇങ്ങനെയുള്ള കൽഗുഹകൾ, ഗ്രോട്ടോകൾ കാണാം. നായാട്ടിനും ഉല്ലാസത്തിനും പ്രകൃതിവിലാസാസ്വാദനത്തിനും മററും വനത്തിൽ പോകുന്നവർ, കൂടാരമില്ലെങ്കിൽ, കാററും കുളിരും ഏൽക്കാതെ ഈ ഗ്രോട്ടോകളിൽ രാത്രി കഴിച്ചുകൂട്ടുക പതിവാണു്. തീററിക്കു കൊണ്ടുപോകുന്ന ആടുമാടുകളെ വന്യമൃഗങ്ങളിൽനിന്നും രക്ഷിക്കുവാനും ഇടയന്മാർ ഈ സ്ഥലം ഉപയോഗിക്കും.

ചുററുമുള്ള പാറകൾ കടുപ്പം കുറഞ്ഞതാണെങ്കിൽ പ്രകൃതിനിർമ്മിതമായ ഗ്രോട്ടോകൾ കൂടുതൽ സൗകര്യത്തിനുവേണ്ടി ജനങ്ങൾതന്നെ കല്ലുളികൊണ്ടു് കൊത്തി ശരിപ്പെടുത്താറുണ്ടു്. അകത്തേക്കു കൊണ്ടുപോകുന്ന വളർത്തുമൃഗങ്ങൾക്കു തിന്നാൻ വൈക്കോലും പുല്ലും മററും ഇട്ടുകൊടുക്കുന്നതിനായി അരികുകൾ അല്പം പൊക്കി കെട്ടി ചില പുൽത്തൊട്ടികൾ (Mangers) ഉണ്ടാക്കിയിരിക്കും. തീററിസാധനങ്ങൾ ചിതറി പരിസരങ്ങൾ വൃത്തിഹീനമാകാതിരിക്കാനും ഇതു് സഹായകമാണു്.

ബെസ്ലഹത്തിൽ മറെറങ്ങും സ്ഥലം കിട്ടാതെ പട്ടണമതിലിനു പുറത്തു്, അന്നൊഴിഞ്ഞുകിടന്ന ഇങ്ങനെയുള്ള ഒരു ഗ്രോട്ടോയിലാണു് മറിയവും യൗസേപ്പും ചെന്നെത്തിയതു്. ഈ ഗ്രോട്ടോയ്ക്കു ഏകദേശം നാല്പതടിയോളം നീളവും ശരാശരി പതിനൊന്നടി വീതിയും ഒൻപതടി പൊക്കവുമുണ്ടു്. ആദ്യശതകങ്ങളിൽതന്നെ ഈ പരിശുദ്ധസ്ഥലം ക്രിസ്ത്യാനികളുടെ വണക്കത്തിനു പാത്രീഭവിച്ചു. അനേകം യുദ്ധങ്ങളുടേയും കൊള്ളകളുടേയും ശേഷം വീണ്ടും ഉദ്ധരിക്കപ്പെട്ടു. ഈ ഗ്രോട്ടോ കേന്ദ്രമാക്കിയും, പരിസരങ്ങൾ ഉൾക്കൊള്ളിച്ചും കർത്താവിന്റെ "പിറവി ബസിലിക്കാ" പരിലസിക്കുന്നുവെന്നു മുകളിൽ പറഞ്ഞുവല്ലോ.

ഈ മഹാദേവാലയത്തിനു 135 അടി നീളവും 100 അടി വീതിയുമുണ്ടു്. തെക്കുവടക്കായുള്ള ഈ കെട്ടിടത്തിന്റെ വടക്കേ അററത്താണു പ്രധാന അൾത്താര.

---

## പോലീസുകാരി

(പ്രഹസനം)

വിദ്വാൻ എ. ടി. ദേവസ്സി

മഹാന്മാരാൽ മുക്തകണ്ഠം പ്രശംസിക്കപ്പെട്ടതു്. അഭിനയിക്കുവാനും വായിച്ചു രസിക്കാനും പററിയ ഈ പുസ്തകത്തിനു് വില 6 ണ.

തപാലിൽ റജിസ്റ്റർ ചെയ്തയക്കാൻ 9 ണയും ബുക്കുപോസ്റ്റായി അയക്കാൻ 1 ണയും പുറമെ.

പ്രസാധകന്മാർ:

സെൻറ് ജോസഫ്സ് പ്രസ്സ്, പെരിന്തൽമണ്ണ, S. മലബാർ

---


## ഉപകാരസ്മരണ

വി. അന്തോനീസു പുണ്യവാന്റെ മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും എന്റെ സുഖക്കേടു ഭേദമായതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.


കെ. പി. റോസ
ആരക്കുഴ

---

# ഹംഗറിയിലെ വിപ്ലവം



സോവ്യററുഷ്യാ ഹംഗറിയിൽ നടത്തുന്ന മൃഗീയമർദ്ദനത്തെ പ്രതിഷേധിച്ചു്, സ്വാതന്ത്ര്യലോകത്തിലെ മിക്ക രാജ്യങ്ങളുടെയും തലസ്ഥാനങ്ങളിൽ പ്രകടനങ്ങൾ നടന്നിട്ടുണ്ടു്. വാഷിങ്ടണിലെ റഷ്യൻ സ്ഥാനപത്യാലയത്തിനു് എതിർവശത്തുള്ള, ഇന്റർനാഷനൽ യൂണിയൻ ഓഫ് ഇലക്ട്രിക്കൽ റേഡിയോ ആൻഡ് മെഷീൻ വർക്കേഴ്സ് എന്ന തൊഴിലാളിസംഘടനയുടെ ഹെഡ്ക്വാർട്ടേഴ്സ് കെട്ടിടത്തിലെ പ്രകടനം—"സ്വാതന്ത്ര്യത്തിനുവേണ്ടി മരിച്ച ഹംഗേറിയൻ തൊഴിലാളികളുടെ ബഹുമാന്യമായ സ്മരണയ്ക്കു്" എന്നാണു് അവിടെ ലേഖനം ചെയ്തിരിക്കുന്നതു്.



സോവ്യററുഷ്യാ ഹംഗറിയിലേക്കു പട്ടാളത്തെ അയക്കരുതെന്നു ആജ്ഞാപിക്കുന്ന സെക്യൂരിററി കൗൺസിൽ പ്രമേയത്തെ വീറ്റോ ചെയ്യുവാൻ റഷ്യൻ പ്രതിനിധി അർക്കാഡി സോബോലേവ് കൈപൊക്കുന്നു. സാബോലേവ് (റഷ്യാ) സർ പീയേഴ്സൺ ഡിക്സൺ (ഇംഗ്ലണ്ടു്), ഹെൻറി കാബോട്ട ലോഡ്ജ് (അമേരിക്ക) എന്നിവരാണു് ചിത്രത്തിൽ, മുൻപന്തിയിൽ ഇരിക്കുന്നതു്.



1917ലെ വിപ്ലവത്തിന്റെ 39-ാം വാർഷികം റഷ്യാക്കാർ ആഘോഷിച്ചപ്പോൾ, 1956ലെ ഹംഗേറിയൻ വിപ്ലവത്തിൽ അവശേഷിച്ചവർ, തങ്ങളുടെ സഹോദരന്മാരുടെ മരണത്തിൽ അനുശോചിക്കയാണു് ചെയ്തതു്. പതാകയിൽ പൊതിഞ്ഞ സ്വപുത്രന്റെ മൃതശരീരത്തിനു ചുററും ഒരു മാതാവു് മെഴുകുതിരി കത്തിക്കുന്നതാണു ചിത്രം. അവരുടെ പുത്രൻ ബുഡാപ്പെസ്റ്റിലെ റിപ്പബ്ലിക്ക് സ്ക്വയറിൽവെച്ചു സോവ്യററു ടാങ്കുകളുമായുള്ള ഏററുമുട്ടലിൽ വീരമരണം പ്രാപിക്കയായിരുന്നു.

അതോടു തൊട്ടു തെക്കുവശം ഗ്രോട്ടോ. ഗ്രോട്ടോയ്ക്കുനേരെ ഇരുഭാഗങ്ങളിലും പുറത്തേക്കുതള്ളിപാൾശ്വങ്ങളുണ്ട്. ആ വാതിലുകൾ രണ്ടിലും കൂടി ഗ്രോട്ടോയിലേക്കു വരികയും പോകയും ചെയ്യാം. ഇരുപതടി പൊക്കത്തിൽ ചുവപ്പുകല്ലുകൾകൊണ്ടു് പണുതിട്ടുള്ള നാലു നിര വൻതൂണുകൾ (48 എണ്ണം) മേൽക്കൂടിനു് താഴെയുള്ള ചെറു ഭിത്തിയെ താങ്ങുന്നു. 16-ാം ശതകത്തിൽ അമീക്കോ വരച്ച പ്ലാൻ അനുസരിച്ചാണു് ഇപ്പോഴത്തെ കെട്ടിടം നിർമ്മിച്ചിട്ടുള്ളതു്. മിക്ക ഭാഗവും മൊസേയിക്കു പണികളാൽ സമലംകൃതമായിരിക്കുന്നു.

കിഴക്കുവശമുള്ള വാതുക്കൽനിന്നു നാം ഗ്രോട്ടോയിലേക്കു നോക്കുന്നുവെങ്കിൽ നമ്മുടെ ഇടത്തുവശം ഭിത്തിയോടു ചേർന്നു അകത്തു ഒരു അൾത്താര കാണാം. പലപ്പോഴും പരിഷ്കരിച്ചു പള്ളി പൊക്കിപ്പണിതതുകൊണ്ടു് തറനിരപ്പിൽനിന്നു വളരെ താഴെയാണു ഗ്രോട്ടോ. പ്രകൃതി നിർമ്മിച്ച ഗ്രോട്ടോയോടുകൂടി കല്ലുകൊത്തിയും പുതിയതായി പണിതുചേർത്തും പല ഭാഗങ്ങളും ക്രമപ്പെടുത്തിയിരിക്കുന്നു. ഏതാനും കല്പടകൾ ഇറങ്ങിയാലേ താഴെ ചെല്ലുകയുള്ളൂ. കർത്താവു പിറന്ന സ്ഥലത്തിന്റെ നേരെ മുകളിലാണു് ഈ അൾത്താര. ഈ അൾത്താര ഒരു മേശയെന്നു സങ്കല്പിക്കുക. അടിവശം അടച്ചിട്ടില്ല. താഴെ തറയിൽ വെള്ളികൊണ്ടുള്ള ഒരു വലിയ നക്ഷത്രം, അഞ്ചു കൊമ്പുകളോടുകൂടി, ഭദ്രമായി ഉറപ്പിച്ചിരിക്കുന്നു. അതിന്റെ ചുററിലുമായി Hic de Virgine Maria, Jesus Christus natus est എന്നുല്ലേഖനം ചെയ്തിട്ടുണ്ടു്. ലത്തീൻ ഭാഷയിലുള്ള ഇതിന്റെ മലയാളം "ഇവിടെ കന്യകമറിയത്തിൽനിന്നും യേശുക്രിസ്തു പിറന്നു" എന്നാണു്.


ഈ നക്ഷത്രം 1847-ൽ കാണാതായി. അഞ്ചു കൊല്ലത്തെ നിരന്തര പരിശ്രമത്തിനും അന്വേഷണത്തിനും ശേഷം ഇതു തിരികെ കൊടുക്കുവാൻ ഗ്രീക്കുകാർ നിർബന്ധിതരായി. 1852-ൽ അവിടെ അതു സ്ഥിരമായി ഉറപ്പിച്ചു. ഈ അൾത്താര ഗ്രീക്കുകാരുടേയും അർമ്മേനിയൻകാരുടേയും കൈവശമാണു്.

ഗ്രോട്ടോയിൽ ഇതു കൂടാതെ രണ്ടു് അൾത്താരകൂടെയുണ്ടു്. ആദ്യ അൾത്താരയുടെ സ്ഥാനത്തു കാണപ്പെട്ട ഉണ്ണിയെ മറിയം എടുത്തു് തന്റെ പക്കലുണ്ടായിരുന്ന പിള്ളക്കച്ചയിൽ പൊതിഞ്ഞു് സമീപം കണ്ട പുൽത്തൊട്ടിയിൽ (Manger) കുറേ വൈക്കോൽ നിരത്തി അവിടെ കിടത്തി. ഇതാണു നമ്മുടെ വലത്തുവശം മുൻപിൽ കാണുന്ന അൾത്താര.

ഇതിന്റെ പിറകിലാണു് മൂന്നാമത്തേതു്. ഇതിന്റെ നാമം, Altar of the Magi "മഗോയിമാരുടെ അൾത്താര" എന്നാണു്. മൂന്നു രാജാക്കന്മാർ എന്നു നാം സാധാരണ പറയുന്ന ഉണ്ണിയീശോയുടെ ആരാധകന്മാരെയാണു് മഗോയിമാർ എന്ന നാമത്തിൽ ഞാനിവിടെ വിവക്ഷിക്കുന്നതു്. മഗോയിമാർ വന്നപ്പോൾ രണ്ടാമത്തെ അൾത്താരയുടെ സ്ഥാനത്തു് ഉണ്ണി കിടക്കുന്നതായി കണ്ടു. അവർ മുട്ടുകുത്തിയിരുന്നതിനു സമീപം ഈ മൂന്നാമത്തെ അൾത്താരയുടെ സ്ഥാനത്തു് തങ്ങളുടെ കാഴ്ചദ്രവ്യങ്ങൾ സമർപ്പിച്ചു് ഉണ്ണിയെ നോക്കി ആരാധിച്ചു. ഇവരുടെ ഓർമ്മയ്ക്കായി ഈ അൾത്താര പിൽക്കാലത്തു സ്ഥാപിക്കപ്പെട്ടു. ഈ അൾത്താരകൾ രണ്ടും ലത്തീൻ റീത്തുകാരുടെ ഉപയോഗത്തിലാണു്. ഈ ഗ്രോട്ടോ മുഴുവനും വളരെ വിലയേറിയ പരവതാനി വിരിച്ചിരിക്കുന്നു. വിശേഷപ്പെട്ട പലതരം വിളക്കുകൾ മുകളിൽനിന്നും തൂക്കിയിട്ടുണ്ടു് വണ്ണമേറിയ മെഴുകുതിരികളും (Perpetual Candles) പൊൻവെള്ളികളിൽ നിർമ്മിച്ചു രത്നങ്ങൾ പതിച്ചിട്ടുള്ളതും നേർച്ചയായി വച്ചിട്ടുള്ളതുമായ മററനേകം സാധനങ്ങളും ഇവിടെ കാണാം.

വാതിലിനു് വലത്തുവശം ഗ്രോട്ടോയ്ക്കു തൊട്ടടുത്തുള്ള വെളിയിലാണു് മാർ യൗസേപ്പിന്റെ കപ്പേള. അതിന്റെ അൾത്താര മുകളിൽ, ഉറങ്ങിക്കിടക്കുന്ന യൗസേപ്പിനു് ദൈവദൂതൻ കാണപ്പെട്ടു് ഉണ്ണിയേയും തള്ളയേയും കൊണ്ടു് ഈജിപ്തിലേക്കു പോകാൻ മുന്നറിയിപ്പു് നൽകുന്ന ഒരു വിശിഷ്ടചിത്രം സാമാന്യം വലിയ ഒരു ചെമ്പുപലകയിൽ പലതരം ചായംകൊണ്ടു് എഴുതി സ്ഥാപിച്ചിട്ടുണ്ടു്. അടുത്തുതന്നെയാണു് വിശുദ്ധ പൈതങ്ങൾക്കു പ്രതിഷ്ഠിച്ചിട്ടുള്ള അൾത്താരയും മററും മററും...

ഇക്കാലത്തു് വിശുദ്ധ സ്ഥലങ്ങൾ മുഴുവനിലും ഭയങ്കര കലാപങ്ങൾ നടമാടുകയാണു്. സമാധാനത്തിനായി മാർപ്പാപ്പാ ലോകശക്തികളെ നിർബന്ധിച്ചു വരികയാണല്ലോ. ക്രിസ്മസ് നാമാഘോഷിക്കുന്ന ഈ അവസരത്തിൽ പ്രത്യേകിച്ചും നമ്മുടെ പ്രാർത്ഥനകൾ അതിനായും നമുക്കു സമർപ്പിക്കാം.




സ്വർണ്ണ പണയത്തിന്മേൽ കുറഞ്ഞ പലിശയ്ക്കു് പാലാ സെൻട്രൽ ബാങ്കിൽ നിന്നും എളുപ്പത്തിൽ നിങ്ങൾക്കു് കടം വാങ്ങുവാൻ സാധിക്കും. ഇടപാടുകൾ രഹസ്യമായിരിക്കുന്നതും, ഉരുപ്പടികൾ ഭദ്രമായി സൂക്ഷിക്കുന്നതുമാണു്. പത്തു രൂപാ മുതൽ മേല്പോട്ടുള്ള ഏതു സംഖ്യയും കടം എടുക്കാം. അടുത്തുള്ള ഞങ്ങളുടെ ബ്രാഞ്ചു മാനേജരോടു് വിശദവിവരങ്ങൾ ചോദിച്ചറിയുക.

കുറഞ്ഞ പലിശ നിരക്ക്

| വായ്പസംഖ്യ | പലിശ |
|---|---|
| 100 രൂപയിൽ താഴെ ... | ആണ്ടിൽ 9 ശതമാനം |
| 100 രൂപാ മുതൽ 500 രൂപാ വരെ | „ $7\frac{1}{2}$ „ |
| 500 രൂപാ മുതൽ മേല്പോട്ട് | „ 6 „ |

പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്
ഹെഡ്ഡാഫീസ്: പാലാ
തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ
PC. 2990

ആഖ്യായിക



# ഫാബാസ്

അദ്ധ്യായം 21

## റോമായിൽനിന്നൊരു കത്തും അതിനു മറുപടിയും

(വി. സി. ജോർജ്ജ് ബി എ. എൽ. ററി.)

പ്രൊക്കുറയിററർ അസ്വസ്ഥചിത്തനായിത്തീർന്നു. ശാബദത്തു ശേഷം രണ്ടു ദിവസമായപ്പോൾ ശീതകാലം അപ്രതീക്ഷിതമായി രംഗപ്രവേശം ചെയ്തു. വടക്കുകിഴക്കുനിന്നു് കുളിർകാററു് സദാ ഊതിക്കൊണ്ടിരുന്നു. തണുപ്പു അധികരിച്ചു് അചിരേണ ശിശിരത്തിലെ തോതിലെത്തി. പീലാത്തോസിനു ഒരു ജലദോഷം ആരംഭിച്ചു. കൂടെക്കൂടെ ഭേദപ്പെടാറുള്ള ആ ദിക്കിലെ ശീതോഷ്ണാവസ്ഥയുമായി അനുരഞ്ജിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല.

വേറൊരു സൊല്ലയും ഉണ്ടായി. മഗ്ദാലമറിയയുമൊന്നിച്ചു് ക്ലാവുദീയാ രണ്ടു പ്രാവശ്യം നസ്രായനെ സന്ദർശിച്ച വിവരം സ്വഭാര്യയിൽനിന്നു പീലാത്തോസ് ഗ്രഹിച്ചു. നസ്രായന്റെ ഉപദേശങ്ങളെപ്പററി തന്നോടു് വിസ്തരിച്ചുപറയുവാൻ ഭാര്യ ഒന്നിലധികം പ്രാവശ്യം ശ്രമിച്ചുവെങ്കിലും അദ്ദേഹം കേൾക്കുവാൻ വിസമ്മതിക്കുകയാണു് ചെയ്തതു്. അന്നാകട്ടെ, പ്രസ്തുത യഹൂദപ്രബോധകനെപ്പററി പ്രസ്താവിക്കുവാൻ ക്ലാവുദീയാ ആരംഭിച്ചപ്പോൾ പീലാത്തോസ് ആ മുറിയിൽനിന്നിറങ്ങി ഗ്രന്ഥകുടിയിൽ പ്രവേശിച്ചു് അവിടെ മുമ്പോട്ടും പിമ്പോട്ടും ഉലാത്തി തലയ്ക്കും ഉടലിനും ഒരുപോലെ ചൂടുണ്ടാക്കുകയായിരുന്നു. അന്നുതന്നെ റോമയിൽനിന്നു ലഭിച്ചതും തന്റെ മനക്കലക്കത്തിനു മാററുകൂട്ടിയതുമായ ഒരു കള്ളം പീലാത്തോസിന്റെ ചിന്താവിഷയമായി. കത്തിവിധമായിരുന്നു:

യൂദിയാ, സമാറിയാ എന്നീ ദേശങ്ങളുടെ സൈനികാധികാരിയും ഗവർണറും ആയ പൊന്തിയസ് പീലാത്തോസിനു് സെനററർ തുല്ലിയസ് ആപ്പെർ എഴുതുന്നതു്,

സ്നേഹിതാ, വന്ദനം! നിങ്ങളുടെ സൗഖ്യവിവരങ്ങൾ, ഏതാനും ചുരുങ്ങിയ വാചകങ്ങളിലെങ്കിലും, നിങ്ങൾ എന്നെ അറിയിക്കട്ടെ എന്നു പാർത്തു ഞാൻ കഴിയുകയാണെങ്കിൽ, റോമിലേയും ഗ്രീസിലേയും സകല ദേവന്മാരാണു്, ആ പ്രതീക്ഷാമദ്ധ്യേ കടുംവേനലിൽ പുൽക്കൊടിയെന്നപോലെ ഞാൻ വാടിക്കരിഞ്ഞുപോയേനെ. അതെ, പ്രിയ പീലാത്തോസ്, നിങ്ങൾ ഉപദ്രവകരമാംവണ്ണം മടിയനായിത്തീർന്നിരിക്കുന്നു! കിരാതോപമന്മാരായ ജനങ്ങളുടെയിടയിലുള്ള അധിവാസം ശുദ്ധശൈലീപ്രവീണനായ താങ്കളുടെ ശൈലിയെല്ലാം അപഹരിച്ചുകഴിഞ്ഞോ? അതൊ കൗതുകാവഹമായ ആ പ്രദേശത്തു് സ്വന്തം മിത്രങ്ങളെ പാടെ മറക്കത്തക്കവണ്ണം അത്യന്താനന്ദത്തിലാണോ നിങ്ങളുടെ ജീവിതം?

ഈ ചോദ്യങ്ങൾക്കു ഞാൻ ഉത്തരം പറയുന്നില്ല. എരിയുന്ന തീക്കട്ടകൾ തന്റെ തലയിൽ കുമ്പാരംകൂട്ടണമെന്നാണു് എന്റെ ആഗ്രഹം. അതുകൊണ്ടു് ലെപ്പിദസ് കാഞ്ചർ എന്ന ശതാധിപൻ വഴി—അയാൾ കോമളനായ ഒരു നല്ല യുവാവാണെന്നും പറഞ്ഞേക്കാം—ഈ കത്തു് നിങ്ങൾക്കയച്ചുകൊള്ളുന്നു. കത്തിൽനിന്നു നിങ്ങൾ ദീർഘകാലം മൗനവ്രതം അവലംബിച്ചെങ്കിലും നിങ്ങൾക്കിപ്പോഴും ഉത്തമസുഹൃത്തുക്കൾ റോമിലുണ്ടെന്നും, നിങ്ങളുടെ ഭരണത്തിലിരിക്കുന്ന പ്രദേശം ഇപ്പോൾ ഇവിടെയുള്ള വമ്പിച്ച സ്ഥാനികളിൽ പലരുടെയും അല്ലാ, അത്യുന്നതസ്ഥാനികളുടെ പോലും അനുഗ്രഹവിഷയമാണെന്നും നിങ്ങൾ ഗ്രഹിക്കും. അവരുടെ ശ്രദ്ധ ആ പ്രദേശത്തിലെ ജനങ്ങളിൽ പതിയുന്നതിലധികം ആ പ്രദേശത്തിൽ പതിഞ്ഞിരിക്കുന്നുവെന്നു പറയുകയായിരിക്കും കൂടുതൽ പരമാർത്ഥം.

ചന്ദ്രിക
REGD.
ഔഷധസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്കു്
S.V.PRODUCTS, IRINJALAKUDA

വിലക്ഷണവും അസാധാരണവുമായ വസ്തുക്കൾക്കുവേണ്ടി സദാ കൊതിച്ചുകൊണ്ടിരിക്കുന്ന ഇംപറതോർ അടുത്തകാലത്തു് ഒരു ഹീബ്രു അംഗരക്ഷക സംഘത്തെ സമ്പാദിച്ചു. കൂടാതെ യഹൂദന്മാരുടെ പ്രധാനാചാര്യന്റെ പുത്രനോ മറേറാ ആയ ഒരു ചെറുപ്പക്കാരൻ ചക്രവത്തിയുടെ പ്രസാദത്തിൽ ഉയർന്നുകഴിഞ്ഞിട്ടുണ്ടു്. അയാളുടെ പേരെഴുതിപിടിപ്പിക്കുവാനോ ശബ്ദിക്കുവാൻതന്നെയോ ഞാൻ അശക്തനാണു്. അയാൾ പറയുന്നതു് അഗസ്റ്റസിന്നുതാണു്. അയാളും അയാളോടുകൂടി ഒരുപററം യഹൂദപണ്ഡിതന്മാരും—ജൂപ്പിററർദേവനാണു്, എന്തൊരു വിചിത്രവർഗ്ഗമാണു് ഈ അപരിഷ്കൃതർ!—എല്ലാ ദിവസവുംതന്നെ രാവിലെ കൊട്ടാരത്തിൽ വരുക പതിവാണു്. മാത്രമല്ലാ ഇവർ പറഞ്ഞുപറഞ്ഞു് ഇവരുടെ ദൈവത്തോടുള്ള ഭക്തി അഗസ്റ്റസിൽ വർദ്ധിച്ചിരിക്കുന്നുവെന്നും ആ ദൈവത്തിനൊരാലയം ഈ റോമിന്റെ തനിമദ്ധ്യത്തിൽ പണിയുവാൻ അഗസ്റ്റസ് ആലോചിക്കുന്നുവെന്നുമാണു് എന്റെ അറിവു്. ആ ചെറുപ്പക്കാരൻ—അയാളുടെ പിതാവിനെ നിങ്ങൾക്കു പരിചയമുണ്ടായിരിക്കാം—റോമായിൽ താമസക്കാരായ യഹൂദന്മാരുടെ ഉപയോഗത്തിനായി അവരുടെ ദൈവത്തിനു പ്രതിഷ്ഠിതമായ ദേവാലയങ്ങൾ തീബെറിന്റെ മറുകരയിൽ പണിയുവാൻ ചക്രവത്തിയിൽനിന്നു് അനുവാദം വാങ്ങുകയുമുണ്ടായി. ഇതുസംബന്ധിച്ചു് നമ്മുടെ പുരോഹിതന്മാർ രോഷാകുലരായിത്തീർന്നിരിക്കുകയാണു്. അവർ ഹീബ്രു വർഗ്ഗത്തിന്റെ വർദ്ധമാനമായ പ്രാബല്യത്തെ ഭയപ്പെടുകയാണു്, കാരണത്തോടുകൂടിതന്നെ. അടുത്തദിവസം ഒരു യഹൂദഭിഷക് അഗസ്റ്റസിനു മൂത്രാശയസംബന്ധമായുണ്ടായിരുന്ന രോഗം ശമിപ്പിക്കുകയുണ്ടായി. രോഗഹേതുവായി മൂത്രാശയത്തിലുണ്ടായിരുന്ന കല്ലിന്റെ വലിപ്പത്തിൽ ഒരു സ്വർണ്ണഗോളമുണ്ടാക്കി അഗസ്റ്റസ് സ്വന്തം ദേവാലയത്തിൽ കൃതജ്ഞതാസൂചകമായി അതിനെ സ്ഥാപിച്ചു. ഇവിടെ ഇപ്പോൾ സകലതും ഹീബ്രുമയമാണു്. ഇതുഹേതുവായി ഇവിടെ നടക്കുന്ന വിനോദോക്തികൾ, പ്രത്യേകിച്ചും മൂത്രാശയകല്ലുസംബന്ധിച്ചവ ഈ സിക്‌ത ഫലകത്തിൽ കുറിക്കുവാൻ ഞാൻ തുനിയുന്നില്ല.

ഈ കാര്യങ്ങളൊക്കെ കേൾക്കുമ്പോൾ നാടോടിവാർത്തയോടുള്ള എന്റെ പ്രതിപത്തിയെപ്പററി നിങ്ങൾ എന്നെ പഴിച്ചേക്കാമെങ്കിലും അവ നിങ്ങളെ സംബന്ധിച്ചിടത്തോളം അർത്ഥവത്താണെന്നുള്ള സംഗതി നിങ്ങൾ വിസ്മരിക്കുകയില്ലല്ലോ. ഇങ്ങനെയൊക്കെ അത്യധികാനുകൂല്യവിഷയമായ ഒരു പ്രദേശത്തിന്റെ ഭരണാധിപത്യം ഭാരഭ്രയിഷ്ടമാണു്. തന്നിമിത്തം ഞാനിതെല്ലാം അറിയിക്കുന്നെന്നേയുള്ളൂ. ആവശ്യമുള്ള അനുമാനങ്ങൾ നിങ്ങൾതന്നെ സ്വീകരിക്കുക.

കൊട്ടാരത്തിലുള്ള എന്റെ സ്നേഹിതന്മാരിൽനിന്നു് എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളതു് യൂദിയായിലെ പ്രബലകക്ഷിയായ പുരോഹിതന്മാരുമായുള്ള നിങ്ങളുടെ സമ്പർക്കം സംബന്ധിച്ച സകല വിവരങ്ങളും അഗസ്റ്റസ് മനസ്സിലാക്കിയിട്ടുണ്ടെന്നാണു്. ഈ സമ്പർക്കംതന്നെ അത്ര സൗഹാർദ്ദപരമല്ലെന്നും തിരുമേനി മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടു്. ഇതു എനിക്കും അറിയാവുന്നതാണു്. അഹങ്കാരികളായ ഈ വിലക്ഷണപരിഷയെ നിങ്ങൾ എങ്ങനെ സഹിക്കുന്നുവെന്നുള്ളതാണു് എന്റെ വിസ്മയം. എന്നാൽ ഈ റോമിൽതന്നെ വളരെ ദുർമ്മതികൾ അസൂയാകലുഷിതരായി നിങ്ങളുടെ സ്ഥാനം വളരെ അഭികാമ്യമെന്നു കരുതി യഹൂദപ്രമാണികളുടെ കുതന്ത്രങ്ങൾക്കു് തുണനില്ക്കുവാൻ സന്നദ്ധരാണെന്നുള്ള സത്യം നിങ്ങൾ വിസ്മരിക്കരുതു്. ഏതായാലും ബുദ്ധിപൂർവ്വം സംഗതികൾ നയിക്കുവാനുള്ള ശേഷി ചങ്ങാതിക്കുണ്ടെന്നെനിക്കറിയാം. ഈ വിവരങ്ങൾ ശരിക്കു ഗ്രഹിക്കുക നിങ്ങളുടെ ഭാവിഗതിയെ സഹായിക്കുമെന്നു കരുതുന്നതുകൊണ്ടെഴുതുകയാണു്. നിങ്ങളുടെ മൗനവ്രതത്തിനൊരു ശിക്ഷയായി

E.C. നാരായണനാചാരി
സ്വർണ്ണാഭരണ വ്യാപാരം
വാഴക്കുളം

റോമിലുള്ള മററു വിശേഷങ്ങളെപ്പററി ഞാനും മൗനം അവലംബിക്കുന്നു. ഒരുകാര്യം പറഞ്ഞേക്കാം. നിങ്ങൾ കിഴക്കൻദേശങ്ങളിൽ കഴിച്ചു ഈ ഏതാനുമാണ്ടുകളിൽ ഇവിടെയുള്ള ഞങ്ങൾ ദുർവൃത്തിയെന്നു് ചിലർ നാമകരണംചെയ്യുന്ന ആ വർത്തനരീതിസംബന്ധിച്ചു് കൂടുതൽ ഉന്മത്തന്മാരും ശ്രദ്ധാലുക്കളുമായി കഴിയുകയാണു്. ഞങ്ങളുടെ ആനന്ദക്കൂത്തുകളിൽ ഭാഗഭാക്കാകുവാൻ സാധിക്കാത്ത നിങ്ങളെപ്പററി അസൂയപ്പെടുകയോ സഹതപിക്കുകയോ ഏതാണു വേണ്ടതെന്നറിയാതെ ഞാൻ പലപ്പോഴും കുഴങ്ങുന്നു. ഉൽകൃഷ്ടയായ ക്ലാവുദിയാമ്മയ്ക്കെന്റെ അഭിവന്ദനങ്ങൾ!

ശുഭമസ്തു

ഈ കത്തിൽ ഒളിഞ്ഞുകിടന്ന ആശയങ്ങൾ വേണ്ടവിധം ധരിക്കുവാൻ പീലാത്തോസിനു കഴിഞ്ഞു.

[തുടരും]

ആദ്ധ്യാത്മികവീഥി

# ദിവ്യബലിയും ത്യാഗപരജീവിതവും

(തുടർച്ച)

ദൈവത്തിൻെറ വത്സലമക്കളേ,

കഴിഞ്ഞ ലക്കത്തിൽ ദിവ്യബലിസമയത്തു പള്ളിയിൽ വച്ചുതന്നെ അഭ്യസിക്കേണ്ട ചില പരിത്യാഗങ്ങളെക്കുറിച്ചു പറയുകയുണ്ടായി. ഇന്നു്, പള്ളിയിൽ നിന്നിറങ്ങിയതിനുശേഷം ദിവ്യബലിയുടെ ചൈതന്യം നമ്മുടെ പ്രതിദിന ജീവിതത്തിലേക്കു എങ്ങനെ പകത്താമെന്നു നോക്കാം. എല്ലാ പ്രായത്തിലും സ്ഥിതിയിലും ജോലിയിലും ഉള്ള ആളുകൾ ഈ സംഗതി നല്ലതുപോലെ മനസ്സിലാക്കി പ്രവർത്തിക്കേണ്ടതു അത്യന്താപേക്ഷിതമാകയാൽ അല്പം വിസ്തരിച്ചു എഴുതുന്നതു് ഉപകാരപ്രദമായിരിക്കുമെന്നു കരുതുന്നു.

കഴിഞ്ഞ ലക്കത്തിൽ സൂചിപ്പിച്ച ആളുകളുടെ കാര്യംതന്നെ ആദ്യമെടുക്കാം. കുർബാന കഴിഞ്ഞിറങ്ങുമ്പോൾ സ്നേഹിതന്മാർ ഒരുമിച്ചു കൂടുകയെന്നുള്ളതു സ്വാഭാവികമാണു്. അപ്പോൾ മററുള്ളവരെക്കുറിച്ചു ദുഷിച്ചു സംസാരിക്കാനുള്ള വിചാരവും ഉണ്ടായെന്നുവരാം. നമ്മുടെ ഒരു ശത്രുവിനെക്കുറിച്ചാണു സംസാരിക്കണമെന്നു തോന്നുന്നതെങ്കിൽ "പിതാവേ, ഇവർ ചെയ്യുന്നതെന്തെന്നു അറിയായ്കകൊണ്ടു ഇവരോടു ക്ഷമിക്കേണമെ" എന്നരുളിച്ചെയ്തു സ്വഘാതകന്മാക്കുവേണ്ടി പ്രാർത്ഥിച്ച ക്രൂശിതനായ മിശിഹായെക്കുറിച്ചു് അയാളോടു ക്ഷമിക്കയും ഒരക്ഷരംപോലും ദൂഷ്യമായിട്ടു പറയാതിരിക്കയും ചെയ്യുക. കുർബാന ഗാഗുൽത്തായിലെ ദിവ്യബലിയുടെ ആവർത്തനമാണെന്നുള്ള ബോദ്ധ്യത്തോടുകൂടി അതിൽ സംബന്ധിക്കുന്ന ഒരാളിനു ഇപ്രകാരം ആത്മസംയമനം ചെയ്യുന്നതിനു അത്ര വിഷമം ഉണ്ടാകുകയില്ല, "എൻെറ ഈശോ, എൻെറ ഈ കുർബാന (കാഴ്ച) അങ്ങയുടെ ബലിയോടുകൂടി ചേർത്തു നിത്യപിതാവിനു സമർപ്പിക്കേണമെ" എന്നു ഹൃദയംകൊണ്ടെങ്കിലും ചൊല്ലും.

ഇനി ദൂഷ്യസംസാരം നാമല്ല തുടങ്ങുന്നതു് എന്നിരുന്നാൽതന്നെയും അതിൽ ഒട്ടും രസം പ്രദർശിപ്പിക്കാതെ മററു വല്ല വിഷയങ്ങളിലേക്കും, നയത്തോടുകൂടി സംസാരം മാറാൻ നാം ശ്രമിക്കേണ്ടതാണു്. പക്ഷേ അതു ഫലിച്ചില്ലെങ്കിൽ എന്തെങ്കിലും സൂത്രം പറഞ്ഞു ആ കൂട്ടത്തിൽനിന്നു മാറാനെങ്കിലും നിശ്ചയമായിട്ടു നമുക്കു കഴിയും. ഈ ശ്രമമെല്ലാം യഥാർത്ഥത്തിൽ ദിവ്യബലിയുടെ ചൈതന്യത്താൽ പ്രേരിതരായി നാം ചെയ്യേണ്ടതാണു്. കുർബാന കഴിഞ്ഞു ഇറങ്ങിയാൽ ഉടനെ മാത്രമല്ല ദിവസത്തിലെ ഇരുപത്തിനാലു മണിക്കൂർ സമയവും ഇതുപോലുള്ള ഒരു മനസ്ഥിതിയാണു നമ്മിൽ ഉണ്ടായിരിക്കേണ്ടതു".

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

## ഇടവകവാർത്തകൾ

**കത്തേടം:** ഈയിടവകയിലെ ഭക്തസംഘടനകളുടെ വാർഷികവും വികാരി റവ. ഫാദർ പോൾ ലൂയീസ് അവർകളുടെ ഗുരുപ്പട്ട സ്വീകരണത്തിൻെറ രജതജൂബിലിയും ഡിസംബർ 16-ാംതീയതി ഞായറാഴ്ച സാഘോഷം കൊണ്ടാടപ്പെട്ടു.

**തിടനാടു്:** ഇക്കഴിഞ്ഞ ഡിസം: 8-ാംനു സ്ഥലം സൺഡേസ്കൂളിൽവച്ചു് ചെമ്മലമററം, മല്ലികശ്ശേരി, വിളക്കുമാടം, പൂവരണി എന്നീ ഇടവകകളിൽപെട്ട സെൻറു് വിൻസെൻറു് ഡി പോൾ സഖ്യങ്ങളുടെ പൊതുയോഗം ചേന്നു. തദവസരത്തിൽ ഈ ഇടവകയിൽ പ്രവർത്തനമാരംഭിച്ചിരിക്കുന്ന പ്രസ്തുത സഖ്യത്തിൻെറ ശാഖ, സെൻട്രൽ കൗൺസിൽ ഡയറക്ടർ റവ. ഫാദർ അബ്രാഹം കൈപ്പൻപ്ലാക്കൽ ഉൽഘാടനം ചെയ്കയുണ്ടായി. ബ്രദേഴ്സ്: എ. ഒ. ജോസഫ്, പി. ഐ. സഖറിയാ; എം. കെ. ഉലഹന്നാൻ ബി. ഏ.തുടങ്ങിയവർ പ്രസംഗിച്ചു.

**പാലാ:** കേരളത്തിലുള്ള വിവിധ രൂപതകളിൽ പ്രവർത്തനം നടത്തിവരുന്ന ലീജിയൻ സമിതികളുടെ ഭരണസൗകര്യത്തിനായി പാലാ കമ്മീസിയം ഒരു സെനാത്തുസായി ഉയർത്തിയിരിക്കുന്നു എന്നു ലീജിയൻ കേന്ദ്രസമിതിയായ ഐർലണ്ടു് കൺസീലിയം പാലാ കമ്മീസിയത്തിൽ അറിയിച്ചിരിക്കുന്നു. ചങ്ങനാശ്ശേരി, തിരുവനന്തപുരം, തിരുവല്ലാ എന്നീ കമ്മീസിയങ്ങളും, എറണാകുളം, കോട്ടയം, കാരാപ്പുഴ, ഞാറയ്ക്കൽ, പുന്നത്തുറ, ഉഴവൂർ, ആലപ്പുഴ, കൊച്ചി, കാനന്നൂർ, കോഴിക്കോട്ടു്, ഓച്ചന്തുരുത്തു്, തിരുവനന്തപുരം, വരാപ്പുഴ എന്നീ ക്യൂറിയാകളും പുതിയ സെനാത്തുസിൽ ഉൾപ്പെടുന്നു. 1940-ൽ പാലായിൽ ലീജിയൻ സ്ഥാപിതമായി. പാലാ സെനാത്തുസിനു പുറമെ ഭാരതത്തിൽ മദ്രാസിലും, ബോംബെയിലും മാത്രമേ സെനാത്തുസ് സ്ഥാപിതമായിട്ടുള്ളു.

**വ. പ. വൂ:** കുമ്പളപ്പടി പള്ളിയിൽ റ. പ. ഫാദർ ജോസഫ് മാവുങ്കൽ അവർകൾ ഡിസം. 16-ാംനു മാതൃസംഘം ഉൽഘാടനം ചെയ്തിരിക്കുന്നു. പ്രസിഡൻറു്, സെക്രട്ടറി, ഖജാൻജി മുതലായ സ്ഥാനക്കാർ തെരഞ്ഞെടുക്കപ്പെട്ടു. സംഘാംഗങ്ങളുടെ വിവിധകടമകളെ വിശദീകരിച്ചുകൊണ്ടു് സംഘം ഡിറക്ടർ ഉൽഘാടനസമ്മേളനം ഉപസംഹരിച്ചു.

**തൈയ്ക്കാട്ടുശ്ശേരി:** അമലോത്ഭവമാതാവിൻെറ തിരുനാൾ പ്രമാണിച്ചു സാഡാലിററിയുടേയും, വിൻസെൻറു ഡി പോൾ സംഘത്തിൻേറയും സംയുക്താഭിമുഖ്യത്തിൽ ഡിസം 9-ാംനു ഞായറാഴ്ച ഉച്ചകഴിഞ്ഞു 3 മണിക്കു റവ. ഫാദർ പീററർ ചേനപ്പറമ്പിൽ എൽഎൽ ഡി അവർകളുടെ അദ്ധ്യക്ഷതയിൽ സ്ഥലം സ്കൂൾ ഹാളിൽവെച്ചു ഒരു യോഗം ചേന്നു. കുമാരി അലക്സാണ്ടർ സിൽവിയാ, ബ്രദർ ജോൺ ജെ. കോയിക്കര എന്നിവർ പ്രസംഗിച്ചു. മീററിങ്ങിനിടയ്ക്കു കുട്ടികളുടെ വിവിധകലാപരിപാടികളും ഉണ്ടായിരുന്നു.

**ഒല്ലൂർ:** സ്ഥലത്തെ സൊഡാലിററി, മിഷ്യൻസർക്കിൾ മുതലായ ഭക്തസംഘടനകളുടെ സംയുക്തവാർഷികസമ്മേളനം ഡിസം. 9-ാംനു ഞായറാഴ്ച ഉച്ചതിരിഞ്ഞു പള്ളിക്കു സമീപമുള്ള ഗ്രൗണ്ടിൽ വെച്ചു തേവര കോളേജ് വൈസ് പ്രിൻസിപ്പാൾ റവ. ഫാദർ ജെ. മാർസൽ സി. ഡി. എം. എ. അവർകളുടെ അദ്ധ്യക്ഷതയിൽ സാഘോഷം കൊണ്ടാടപ്പെട്ടു. ശ്രീ കെ. സി. ജേക്കബ് എം. എ. പ്രസംഗിച്ചു യോഗാനന്തരം പ്രസിദ്ധ കാഥികനായ തോമസ് പുല്ലോക്കാരൻ ആൻറു പാർട്ടിയുടെ ഒരു കഥാപ്രസംഗവും ഉണ്ടായിരുന്നു.

**ചാവിൽ:** മൂക്കന്നൂർ ചെറുപുഷ്പ സന്യാസസഭയിലെ പ്രഥമവൈദികനും, പൂനാ പേപ്പൽ സെമ്മിനാരിയിൽ വച്ചു് ഇക്കഴിഞ്ഞ ജൂൺ മാസം 1-ാംനു നവപൂജാർപ്പണം നടത്തിയതും ഈ ഇടവകാംഗവുമായ കിളിയന്താ ബ. തെയോഫിൻ വെനാർഡ് സി എസ്. ടി; എൽ ഡി. അവർകൾ ഡി. 12-ാംനു ഇവിടെവന്നു് ആഘോഷമായ തപസ്സുകുർബാന ചൊല്ലി. സ്ഥലം മരിയസഖ്യത്തിൻെറ ആഭിമുഖ്യത്തിൽ നവവൈദികനെ അനുമോദിക്കുവാനായിപള്ളിമൈതാനത്തു് ഒരു പൊതുയോഗം ചേന്നു. പാണാട്ടു് പെ. ബ. ബസലിയോസ് സി. എസ്. ടി. അവർകളാണു് അദ്ധ്യക്ഷതവഹിച്ചതു്. ശ്രീ മാത്യു ടി. ഇടത്തിച്ചിറ ബി. എസ് സി, ജോൺ കണ്ണാന്തറ. ജോസഫ് ജെ. എടത്രക്കരി, റവ. ഫാ. ഗീവറുഗീസ് പതിയാമൂല എന്നിവർ അനുമോദനപ്രസംഗങ്ങൾ നടത്തി സഖ്യം വകയായി ഒരു ജ്ഞാനപുഷ്പമഞ്ജരി സമർപ്പിച്ചു. നവവൈദികൻ സമുചിതമായ മറുപടിപ്രസംഗം നടത്തി.

**ചി റ ക്ക ര:** സ്ഥലത്തെ സൊഡാലിററിയുടെ വാർഷികയോഗം ഡി. 9-ാംനു ഞായറാഴ്ച ഉച്ചതിരിഞ്ഞു് കൊണ്ടാടുകയുണ്ടായി. യോഗത്തിൽ റവ. ഫാ ജി വാഴപ്പിള്ളി അദ്ധ്യക്ഷതവഹിച്ചു. ശ്രീ സി. സി. ലാസർ പ്രസംഗിച്ചു സീങ്കിൾ ഡാൻസു് മുതലായി കുട്ടികളുടെ പരിപാടികളും യോഗാനന്തരം ചിററാട്ടുകര കാത്തലിക് ഫയിൻ ആർട്ട്സ് ക്ലബ്ബിൻെറ "ത്യാഗവേദിയിൽ" എന്ന നാടകാഭിനയവുമുണ്ടായിരുന്നു.

**വലപ്പാട്:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിൻെറ വാർഷികം ഡിസംബർ 8-ാംനു ആഘോഷിച്ചിരിക്കുന്നു. അന്നേദിവസം 80 ഓളം ബാലികാബാലന്മാരുടെ പ്രഥമ ദിവ്യകാരുണ്യസ്വീകരണം നടത്തപ്പെട്ടു. തദനന്തരം നടത്തിയ ഘോഷയാത്രയിൽ ധാരാളം വിശ്വാസികൾ സംബന്ധിച്ചിരുന്നു.

**മുണ്ടൂർ:** മഠം കപ്പേളയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിൻെറ 14-ാമതു് വാർഷികം റവ: ഫാ. പോൾ ചാഴൂർ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. കുമാരി റോസലിൻെറ "കൈരളി" ഡാൻസ് അഭിനന്ദനാർഹമായിരുന്നു. യോഗാനന്തരം സഖ്യാംഗങ്ങൾ "ചാരിത്രവിജയം" എന്ന പ്രഹസനം തന്മയത്വത്തോടെ അഭിനയിക്കുകയുണ്ടായി.


തൈക്കാട്ട് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്: ആലുവാ റെയിൽവെസ്റ്റേഷൻ സമീപം

എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ വൈകുന്നേരം 5 മണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും-രോഗികളെ പരിശോധിച്ചു ചികിൽസ നിശ്ചയിക്കുന്നതുമാണു്.


## ചരമവാർത്തകൾ

**കോന്നി:** പവ്വത്തു ശ്രീ സ്കറിയായുടെ ഭാര്യ ശ്രീമതി മറിയാമ്മ 53-ാമത്തെ വയസ്സിൽ ഡിസം: 5-ാംനു ബുധനാഴ്ച കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം വ്യാഴാഴ്ച ഉച്ചകഴിഞ്ഞു് സ്ഥലം പള്ളി സിമിത്തേരിയിൽ റവ. ഫാദർ ജോസഫ് വടക്കേക്കൂററു് അവർകളുടെ കാർമ്മികത്വത്തിലും പല ബ. വൈദികരുടെയും ഒരു വലിയ ജനക്കൂട്ടത്തിൻേറയും സാന്നിദ്ധ്യത്തിലും നടത്തപ്പെട്ടു. ശ്രീ സ്കറിയായും കുടുംബവും പുനരൈക്യപ്രസ്ഥാനാരംഭത്തിനു മുമ്പേ കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടവരാണെന്നുള്ളതു് പ്രത്യേകം സ്മരണീയമാണു്.

**കുമ്പളം:** ഈ ഇടവക പള്ളിപ്പറമ്പിൽ മി. പി. കെ. പ്രഞ്ചു ടൈഫോയ്ഡ് രോഗംമൂലം 34-ാമത്തെ വയസ്സിൽ എറണാകുളം ജനറലാസ്പത്രിയിൽവെച്ചു ഡിസം. 13-ാംനു നിര്യാതനായിരിക്കുന്നു. ശവസംസ്കാരം യഥാവിധി നടത്തപ്പെട്ടു.

**വലപ്പാട്ടു്.** ഈ പള്ളിയിടവക ശ്രീ കെ. ഡി. ഔസേപ്പു് വാർദ്ധക്യസഹജമായ സുഖക്കേടുകൾനിമിത്തം ഡിസം. 7-ാംതീയതി വെള്ളിയാഴ്ച ഉച്ചതിരിഞ്ഞു് 3 മണിക്കു കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശനിയാഴ്ച ഉച്ചതിരിഞ്ഞു രണ്ടരമണിക്കു ശവസംസ്കാരകർമ്മാദികൾ യഥാവിധി നടത്തപ്പെട്ടു.

R. I. P.

## വിദേശവാർത്തകൾ

പതിനഞ്ചാം നൂററാണ്ടിലെ ഒരു ഫ്രാൻസിസ്കൻ സന്യാസിയും പരിഷ്കർത്താവുമായിരുന്ന സീയെന്നായിലെ വിശുദ്ധ ബെർണാർഡിനോയെ പബ്ളിസിററി ഏജൻറുമാരുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായി റീത്തുകളുടെ തിരുസംഘം നാമകരണം ചെയ്തിരിക്കുന്നു.

—സിദ്ധയെന്നു പേരുവിളിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കപ്പെട്ടിരിക്കുന്ന എഡിൻബറോയിലെ മാർഗരററു് സിൻക്ലയരുടെ മാതാവായ മിസ്സസ് എലിസബത്തു് സിൻക്ലയർ 85-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു.

—മാനിലായിൽവെച്ചു നടക്കുന്ന രണ്ടാമത്തെ ദേശീയദിവ്യകാരുണ്യകോൺഗ്രസിൽ പേപ്പൽ പ്രതിനിധിയായി ന്യൂയോക്കു മെത്രാപ്പോലീത്താ കർദ്ദിനാൾ സ്പെൽമാൻ തിരുമേനി നിയമിതനായിരിക്കുന്നു.

—മാർപ്പാപ്പാ തിരുമനസ്സിലേക്കു് ഇൻഫ്ളുവൻസാ പിടിപെട്ടുവെന്നു ഈയിടെ പത്രങ്ങളിൽ പ്രസിദ്ധീകൃതമായ വാർത്ത ശരിയല്ലെന്നറിയുന്നു. തിരുമനസ്സിലേക്കു അല്പം ജലദോഷം പിടിപെട്ടതേ ഉണ്ടായിരുന്നുള്ളു.

—ഹംഗറിയിലെ എട്ടുകൊല്ലത്തെ കമ്മ്യൂണിസ്റ്റ് ഭരണക്കാലത്തു 3147 കത്തോലിക്കാ ഇടവകവിദ്യാലയങ്ങളും 358 ബോർഡിങ്ങുസ്കൂളുകളും കോളെജുകളും 1400 പ്രൊട്ടസ്റ്റൻറു വിദ്യാലയങ്ങളും 30 യഹൂദവിദ്യാലയങ്ങളും അടച്ചുപൂട്ടപ്പെടുകയുണ്ടായി.

—ഹംഗറിയിലെ വിപ്ലവത്തെത്തുടന്നു യുഗോസ്ലാവിയൻ ഗവമ്മെൻറു് കർദ്ദിനാൾ സ്റ്റെപ്പിനാക്കു തിരുമനസ്സിലെ വസതിക്കു ചുററും സൈനികകാവൽ ഏർപ്പെടുത്തിയിരിക്കുന്നു.

—യുദ്ധത്തിൽ കേടുപാടു പററിയ മാനിലാഭദ്രാസനദേവാലയം പുതുക്കിപ്പണിയുന്നതിലേക്കു ജപ്പാൻ 60,000 ചാക്കു സിമൻറു സംഭാവന ചെയ്തിരിക്കുന്നു.

—സോവ്യററു കമ്മ്യൂണിസ്റ്റ്ഭരണത്തെ വിമർശിച്ചു എന്നുള്ള കുററത്തിനു മോസ്കോ സർവ്വകലാശാലയിൽനിന്നു 100-ൽപരം വിദ്യാർത്ഥികളെ ഡിസ്മിസ് ചെയ്തിരിക്കുന്നു.

—ഹംഗറിയിൽ തൊഴിലാളികൾ വീണ്ടും പണിമുടക്കുകയാൽ ഗവമ്മെൻറു ബലം പ്രയോഗിച്ചു തൊഴിലാളിസംഘടന പിരിച്ചുവിടുകയും, പട്ടാളനിയമം പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു.

—ജപ്പാനു് ഐക്യരാഷ്ട്രസമിതിയിൽ അംഗത്വം നൽകിയിരിക്കുന്നു.

—ഹംഗറിക്കു സ്വാതന്ത്ര്യവും ജനാധിപത്യവും നിഷേധിച്ചുകൊണ്ടു സോവ്യററുറഷ്യാ ഐക്യരാഷ്ട്രചാർട്ടർ ലംഘിച്ചതിൽ റഷ്യയെ അപലപിച്ചുകൊണ്ടുള്ള ഒരു പ്രമേയം ഐക്യരാഷ്ട്രജനറൽ അസംബ്ളി പാസാക്കിയിരിക്കുന്നു.

—മാർഷൽ ടിറോവിൻെറ സഹപ്രവർത്തകനും മുൻ യുഗോസ്ലാവു വൈസ്പ്രസിഡണ്ടുമായ മി. മിലോവൻ ജിലാസിനെ, ഗവമ്മെൻറിനെതിരായി എതിർപ്രചരണം നടത്തിയെന്ന കുററം ചുമത്തി, മൂന്നുകൊല്ലത്തെ കഠിനതടവിനു ശിക്ഷിച്ചിരിക്കുന്നു.

—




# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1956 DECEMBER 19 || No. 19.


# ക്രിസ്മസ് ആശംസ

"അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം". രണ്ടായിരത്തോളം കൊല്ലത്തെ പഴക്കമുണ്ടു് ഈ സ്വർഗ്ഗീയ സന്ദേശത്തിനു. പക്ഷെ അതിന്റെ ആസ്വാദ്യത ഇന്നും അഭിനവമാണു്. അതിന്റെ ആവശ്യകതയോ, ഇന്നു പൂർവ്വവൽ അടിയന്തിരവുമായിരിക്കുന്നു. നിരീശ്വരത്വത്തിന്റെ നാശകൂപത്തിലേക്കു നെട്ടോട്ടം ഓടുന്ന ആധുനിക ഭൗതികമനുഷ്യൻ അവന്റെ കണ്ണുയർത്തി അത്യുന്നതങ്ങളിൽ വിരാജിക്കുന്ന ആ പരാശക്തിയെ ഒന്നു ദർശിച്ചിരുന്നെങ്കിൽ! ലോകത്തിൽ സമാധാനശബ്ദത്തെ നിരർത്ഥകമായ ഒരു പ്രചരണോൽഘോഷമാക്കി തരംതാഴ്ത്തിയിരിക്കുന്ന ആധുനികമനോഭാവത്തിൽ ആത്മാർത്ഥതയെങ്കിലും നിഴലിച്ചിരുന്നെങ്കിൽ! ദൈവത്തിനു വിധേയവും പരസ്പരം സഹോദരതുല്യം സമാദരിക്കുന്നതുമായ ഒരു വ്യവസ്ഥിതി ലോകത്തിൽ സംജാതമാകുന്നതിനു ബതലഹേമിലെ "സത്യദീപ"മായ പൊന്നോമൽ തിരുക്കുമാരൻ അനുഗ്രഹിക്കട്ടെ. സത്യദീപത്തിന്റെ ക്രിസ്മസ് ആശംസകൾ അതിന്റെ എല്ലാ ഉപകർത്താക്കൾക്കും മിത്രസഞ്ചയത്തിനും സാനന്ദം നേർന്നുകൊള്ളുന്നു.

# ഇന്നത്തെ സിനിമാഭ്രമം

ആധുനികകാലത്തു് ഏതു രാജ്യത്തും അതികലശലായി വർദ്ധിച്ചു കഴിഞ്ഞിട്ടുള്ള ഒരു പ്രവണതയാണു് സിനിമാഭ്രമം എന്നു പറയാം. ഇന്നു സിനിമാശാലകളില്ലാത്ത ഗ്രാമങ്ങളോ സിനിമാകാണാത്ത മനുഷ്യരോ ഉണ്ടെന്നുതന്നെ തോന്നുന്നില്ല. ഏററവും ചിലവുകുറഞ്ഞ ഒരുല്ലാസപരിപാടിയായിട്ടാണു് അതു കരുതപ്പെടുന്നതു്. ഇന്നു ലോകത്തിൽ സാധാരണയായി സിനിമായ്ക്കു പോകുന്നവരുടെ സംഖ്യ പ്രതിവർഷം ശരാശരി 1,200 കോടി വരുമെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. ഈ സംഖ്യ പ്രഥമദൃഷ്ടിയിൽ അത്ഭുതാവഹമായി തോന്നിയേക്കാം. പക്ഷെ അതു ഒരു വെറും പരമാർത്ഥമാണു്. ഇതൊരു ഭ്രമമല്ലയോ? അതുകൊണ്ടാണു് ആധുനികകാലത്തെ ചിലർ സിനിമായുഗമെന്നുപോലും നാമകരണംചെയ്യുവാൻ തുനിയുന്നതു്. സിനിമാഭ്രമം ഇന്നു അപ്രതിരോദ്ധ്യമായ ഒരു പ്രവണതയും സിനിമാകാണൽ ഒരു സാധാരണ ഉല്ലാസപരിപാടിയുമായി വേരുറച്ചുകഴിഞ്ഞിരിക്കുകയാണു്.

ഇന്നത്തെ പരിഷ്കൃതലോകത്തോടു സിനിമാകാണൽ ഉപേക്ഷിക്കണമെന്നു പറഞ്ഞാൽ ജനത ഒന്നാകെ കൂക്കിവിളിച്ചേക്കും. പക്ഷെ സിനിമാകാണുന്നതിൽ വളരെ കരുതൽ ആവശ്യമാണെന്നുള്ളതു പറയാതെ തരമില്ല. സിനിമാവഴി ആധുനികസമുദായത്തിന്റെ ധാർമ്മികനിലവാരത്തിൽ വന്നുഭവിച്ചുകൊണ്ടിരിക്കുന്ന അധഃപ്പതനത്തെപ്പററി അവധാനപൂർവ്വം ചിന്തിക്കുമ്പോൾ, ഈ പ്രസ്ഥാനംതന്നെ പാടെ ബഹിഷ്കരിക്കപ്പെടണമെന്നു പറഞ്ഞാൽ അതു വെറും നിരർത്ഥകമായ ഒരു പ്രസ്താവനയാണെന്നു മുദ്രയടിക്കുവാൻ സാധിക്കുകയില്ല. എന്നാൽ അതു പ്രായോഗികമല്ല. അതുകൊണ്ടു് പല നല്ല വശങ്ങളുമുള്ള ഈ കലയെ സംശുദ്ധമാക്കി അതു മനുഷ്യനു മാനസികോല്ലാസത്തോടും അതേസമയം ഉൽകൃഷ്ടാശയങ്ങളേയും പ്രദാനം ചെയ്യത്തക്ക ഒരുപാധിയാക്കിത്തീർക്കുക എന്നുള്ളതാണു് കരണീയം. മനുഷ്യനെ നന്മയിലേക്കോ തിന്മയിലേക്കോ ബലവത്തായി സമാകർഷിക്കുന്നതിനുള്ള ഈ കലയുടെ കഴിവു് ഒരുതരത്തിലും അനാദരിക്കപ്പെടുവാൻ സാദ്ധ്യമല്ല. "ആധുനികസമുദായത്തിൽ സിനിമായ്ക്കു അനന്യസാധാരണമായ പ്രേരണാശക്തിയുണ്ടെ"ന്നാണു് പരിശുദ്ധപിതാവു് ഈയിടെ സിനിമയെപ്പററി പ്രതിപാദിക്കുകതിൽ പ്രസ്താവിക്കുകയുണ്ടായതു്. അതിനുള്ള പ്രധാനകാരണം, സിനിമാ, പ്രതിപാദ്യവിഷയത്തെ സജീവമായ രംഗങ്ങളിൽ പ്രേക്ഷകരുടെ മുമ്പിൽ അനായാസേന പ്രദർശിപ്പിക്കുന്നു എന്നുള്ളതാണു്. ഒരു ഗ്രന്ഥം വായിച്ചറിയേണ്ട ക്ലേശമോ ഏകാഗ്രതയ്ക്കുവേണ്ടിയുള്ള ശ്രമമോ ഒന്നും ഇവിടെ ആവശ്യമില്ല. ഏതാണ്ടൊരു അനുഭവലോകത്തിലാണു് അതു പ്രവർത്തിപ്പിക്കുന്നതു്. ഭാവനയെ അതു ഉദ്ദീപിപ്പിക്കുകയും വിവിധാനുഭവങ്ങളെ കലാമൂല്യത്തിലൂടെ സമ്യക്കായി അവതരിപ്പിക്കുകയുംചെയ്യും. വിവേചനാശക്തി കുറഞ്ഞ പ്രേക്ഷകർക്കു അതൊരു മയക്കുമരുന്നുപോലെ അനുഭവപ്പെടുന്നതിൽ അത്ഭുതമില്ല. പ്രേക്ഷകരുടെ ഗണത്തിൽ അത്തരക്കാർ കുറവല്ലല്ലോ. സിനിമാശാലയുടെ സംവിധാനങ്ങളും ഈ അനുഭൂതിക്കു ഏററവും സഹായകങ്ങളാണു്. അതുകൊണ്ടാണു് പരിശുദ്ധ മാർപ്പാപ്പാ പറഞ്ഞതു്, "സിനിമാ കണ്ടുകൊണ്ടിരിക്കുന്നവൻ സ്വപ്നംകാണുന്ന ഒരു മനുഷ്യനോടു് ഉപമിക്കപ്പെടാ"മെന്നു്. അത്ര വിശദമാണു് ആ ദർശനം. പ്രദർശനരംഗത്തോടും നടീനടന്മാരോടും പ്രേക്ഷകർ ഏകമതീഭാവത്തിൽ ലയിച്ചുചേരുകയാണു്. വിദഗ്ദ്ധരായ നടീനടന്മാരുടെ അമാനുഷികപാടവവും ഡയറക്ടറുടെ സംവിധാനകലാവൈദഗ്ദ്ധ്യവും സിനിമാശാലയുടെ പശ്ചാത്തലവുമെല്ലാം ഒത്തുചേരുമ്പോൾ ഈ ഉല്ലാസമായ ഒരനുഭൂതി സാദ്ധ്യമായി ഉദയംചെയ്യാതിരിക്കുകയില്ല. ഇതു നന്മയ്ക്കോ തിന്മയ്ക്കോ ആയി തിരിക്കപ്പെടാവുന്നതാണു്. പരിശുദ്ധപിതാവുതന്നെ പറയുന്നു: "പ്രേക്ഷകശാലയിലിരിക്കുന്ന ഒരാൾ ഈ വൈരുദ്ധ്യങ്ങളാൽ പ്രകാശത്തിന്റെ രാജ്യത്തിലേക്കോ, അല്ലെങ്കിൽ അന്ധകാരത്തിന്റേയും അധഃപ്പതനത്തിന്റേയും അധീനതയിലേക്കോ നയിക്കപ്പെടത്തക്കവണ്ണം അത്രയ്ക്കു പ്രബലങ്ങളും നിയന്ത്രണാതീതങ്ങളുമായ വികാരങ്ങൾക്കു വിധേയനായിത്തീരുകയാണു്" അതുകൊണ്ടു് സിനിമാസംബന്ധിച്ചു് ഒരു കർശനമായ വിവേചനം അനിവാര്യമാണു്. സിനിമാഭ്രമം പിടികൂടിയിട്ടുള്ളവരെ സംബന്ധിച്ചു് പൊതുവിലും അപക്വമതികളായ ബാലികാബാലന്മാരേയും യുവതീയുവാക്കന്മാരേയും അനഭിജ്ഞരായ പൊതുജനങ്ങളേയും സംബന്ധിച്ചു് സവിശേഷമായും ഈ പരിഗണന അപരിത്യാജ്യമാണു്. അല്ലെങ്കിൽ സിനിമായുഗം മാനവവംശത്തെ ദയനീയവും ഭയാനകവുമായ അധഃപ്പതനത്തിൽ കൊണ്ടെത്തിക്കാതിരിക്കുകയില്ല.

ഒരാധുനികഗ്രന്ഥകാരന്റെ വാക്കുകളിൽ ഈ വിഷയം ഇപ്രകാരം ഉപസംഹരിക്കാം: "അതുകൊണ്ടു്, സിനിമാകൾ പ്രത്യേകിച്ചും യുവജനങ്ങളേയും ബാലമനസ്സുകളേയും സംബന്ധിച്ചു്, വളരെ കരുതലോടെ തിരഞ്ഞെടുക്കപ്പെടണം. തിന്മയായതിനെ പരിവർജ്ജിക്കണം എന്നു മാത്രമല്ല ഇതിനർത്ഥം, നന്മയായിട്ടുള്ളതിനെ തേടിപ്പിടിക്കുകയും ആവശ്യമാണു്. പന്ത്രണ്ടാം പീയൂസു് മാർപ്പാപ്പാ "മാതൃകാഫിലിം" എന്നു വിവരിച്ചിട്ടുള്ള രീതിയിലുള്ള ഒന്നിനെ ദർശിക്കുന്നതു് ഒരുപക്ഷെ ഒരു നിഷിദ്ധചിത്രം കാണാതിരിക്കുന്നതിലും കൂടുതൽ പ്രാധാന്യമർഹിക്കുന്നതായിരിക്കാവുന്നതാണു്."

# വിജ്ഞാപനം

ക്രിസ്മസ് പ്രമാണിച്ചു് ഓഫീസ് ഒഴിവാകയാൽ അടുത്ത ബുധനാഴ്ച പത്രം മുടക്കായിരിക്കുന്നതാണു്.

## പ്രസാധകക്കുറിപ്പുകൾ

### ഹംഗറിയിലെ സോവ്യററു് നടപടിമൂലം കമ്മ്യൂണിസ്റ്റണി തകരുന്നു

ഹംഗറിയിലെ സോവിയററു കയ്യേററം ലോകകമ്മ്യൂണിസ്റ്റു് പ്രസ്ഥാനത്തിലാകെ ഒരു കുഴപ്പമുണ്ടാക്കിയിരിക്കുകയാണു്.

ചില പാർട്ടികളുടെ നേതൃത്വംപോലും ഹംഗറിയിലെ ദേശീയ പ്രക്ഷോഭണത്തെപ്പററിയുള്ള സോവ്യററു് വിവരണം അംഗീകരിക്കാൻ തയ്യാറില്ല. ഉദാഹരണമായി അമേരിക്കയിലെ കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ കേന്ദ്രക്കമ്മിററി അതിന്റെ സെക്രട്ടറിജനറലിന്റെ ഇച്ഛയ്ക്കു വിപരീതമായി ഒരു പ്രമേയം പാസ്സാക്കുകയുണ്ടായി. ഒരു ഫാസിസ്റ്റു് ഗൂഢാലോചനയുടെ ഫലമായാണു് സോവിയററു യൂണിയൻ ഇടപെട്ടതെന്നുള്ള സിദ്ധാന്തം അവർ തിരസ്കരിച്ചു. ഇതിനെത്തുടർന്നു് ന്യൂയോർക്കിലെ ഡെയിലി വർക്കറിനു്, ഹംഗേറിയൻ ജനതയുടെ നന്മയ്ക്കുവേണ്ടിയാണു് അവരെ വെടിവച്ചു കൊല്ലുന്നതെന്നുള്ള ധാരണയ്ക്കെതിരായി പ്രതിഷേധം രേഖപ്പെടുത്തുന്ന അനേകായിരം എഴുത്തുകൾ ലഭിച്ചു.

നോർവ്വേ, ഡെന്മാർക്കു്, ഐസ്‌ലാൻഡു് എന്നിവിടങ്ങളിലെ കമ്മ്യൂണിസ്റ്റു് പാർട്ടികൾ സോവിയററു് നടപടിയെ പരസ്യമായി വിമർശിച്ചു. ആദ്യത്തെ പ്രക്ഷോഭണം കമ്മ്യൂണിസ്റ്റുകാരുടെ കൊള്ളരുതായ്മകളും തെററുകളും കൊണ്ടുണ്ടായതാണെന്നും അന്നു് സോവിയററു് സൈന്യം ഇടപെടരുതായിരുന്നു എന്നും, രണ്ടാമത്തെ ഇടപെടൽ "സോഷ്യലിസ"ത്തെ സംരക്ഷിക്കാനായതുകൊണ്ടു് ന്യായീകരിക്കാമെന്നുമുള്ള പ്രസിഡണ്ടു് ടിറേറായുടെ അഭിപ്രായത്തോടു് ഇററലിയിലെ സിഞ്ഞോർ തോഗ്ലിയാത്തി സമ്മതിക്കുന്നതുപോലെ തോന്നുന്നു. എങ്കിലും മററു പല കമ്മ്യൂണിസ്റ്റു് നേതാക്കന്മാരും സ്റ്റാലിനിസ്റ്റു് നിലയാണവലംബിച്ചിരിക്കുന്നതു്. ഇവരിലേററവും മുന്നിട്ടു നില്ക്കുന്നതു് ഫ്രഞ്ചു് കമ്മ്യൂണിസ്റ്റു് പാർട്ടിയത്രേ. അവർ യൂഗോസ്ലാവും പോളിഷും കമ്മ്യൂണിസ്റ്റു് പാർട്ടികളോടു് ഒരു കടുത്ത വാഗ്വാദത്തിലേർപ്പെട്ടിരിക്കുകയാണു്.

എങ്കിലും പാർട്ടിയിലെ സാധാരണക്കാർക്കു്, സ്റ്റാലിനിസത്തിന്റെ തിന്മകൾ ഈയിടെ ബോദ്ധ്യമായിരിക്കുന്നതുകൊണ്ടു്, സ്റ്റാലിനിസ്റ്റു് നില സ്വീകരിക്കാൻ വിഷമമുണ്ടു്. ഇററലിയിലെ മിലാൻ കമ്മ്യൂണിസ്റ്റു് പാർട്ടിയിൽ ഒരു ലഹളതന്നെയുണ്ടായി. ചില പ്രമുഖാംഗങ്ങളുടെ രാജിയിലാണു് അതു കലാശിച്ചതു്. ചെറിയ കമ്മ്യൂണിസ്റ്റു് പാർട്ടികൾക്കാണു് കൂടുതൽ ദുരിതമനുഭവിക്കേണ്ടിവന്നതു്. സ്വിററ്സർലണ്ടിലെ ബാസ്‌ലെ കമ്മ്യൂണിസ്റ്റു് പാർട്ടി മിക്കവാറും നാമാവശേഷത്തിന്റെ വക്കിലെത്തി. അവിടെ കൂട്ടരാജികൾ നടന്നു. സൂറിക്കിലും ജനീവയിലും പ്രധാന രാജികളുണ്ടായിട്ടുണ്ടു്.

സ്കാൻഡിനേവിയൻ പാർട്ടികളിൽ ഡെന്മാർക്കിലെ കമ്മ്യൂണിസ്റ്റു് പാർട്ടിയാണു് ഏററവും കൂടുതൽ ദുരിതമനുഭവിക്കേണ്ടിവന്നതു്. കമ്മ്യൂണിസ്റ്റുകാരുടേയും സഹയാത്രികരുടേയും സംഘടനകളിൽനിന്നു പ്രതിഷേധങ്ങളുണ്ടായി. രാജികൾ നിമിത്തം "ലാൻഡു് ഓഫു് ഫോൾക്കു്" എന്ന പാർട്ടിപത്രത്തിന്റെ സ്റ്റാഫു് മൂന്നിലൊന്നായി കുറഞ്ഞു.

മററു പല രാജ്യങ്ങളിലേയും കമ്മ്യൂണിസ്റ്റു് പത്രലോകത്തിനു ഇതുപോലെയുള്ള നഷ്ടം നേരിട്ടിട്ടുണ്ടു്. ലണ്ടനിലെ ഡെയിലിവർക്കറിന്റെ ബുഡാപെസ്റ്റു് ലേഖകനായിരുന്ന പീററർ ഫ്രയറിന്റെ രാജി ഇതിനൊരുദാഹരണമാണു്. ഹംഗേറിയൻ വിപ്ലവത്തെപ്പററിയുള്ള അദ്ദേഹത്തിന്റെ വിവരണങ്ങൾ പത്രം പ്രസിദ്ധപ്പെടുത്തിയില്ലെന്നുള്ളതാണു് രാജിക്കു കാരണം. അദ്ദേഹത്തോടൊപ്പം സ്റ്റാഫിൽനിന്നു രാജിവച്ച പലരുടേയും കൂട്ടത്തിൽ 20 വർഷക്കാലം ഡെയിലിവർക്കറിന്റെ കാർട്ടൂണിസ്റ്റായിരുന്ന ഗബ്രിയേലുമുൾപ്പെടുന്നു. സ്വിസ്സു് പത്രമായ "വാർവെററ്സി"നും പല ജോലിക്കാരും നഷ്ടപ്പെട്ടു.

### കമ്മ്യൂ. പ്രവർത്തകരുടെ പരസ്യപ്രഖ്യാപനം

കമ്മ്യൂണിസ്റ്റുകാരും സഹയാത്രികരുമായ എഴുത്തുകാരുടേയും ബുദ്ധിജീവികളുടേയുമിടയ്ക്കു് വലിയ അസ്വാസ്ഥ്യമുണ്ടായിട്ടുണ്ടു്. ഫ്രാൻസിൽ കമ്മ്യൂണിസ്റ്റു് എഴുത്തുകാരായ റോളാൻ, ക്ലോദ്‌റോയ്, റോജെ വെയ്‌ലാൻ, ക്ലോദ്‌മോർഗൻ എന്നിവർ സോവ്യററു് ഇടപെടലിനെതിരായി ഒരു പ്രഖ്യാപനം പുറപ്പെടുവിച്ചു. ഇതിലേറെ പ്രധാനമാണു് ഒരു സമുന്നത സഹയാത്രികനായ ഴീപോൾ സാർത്രേയുടെ അപലപനം. "ഹങ്കറിയിലെ സോവ്യററു് കൈയേററം പൂർണ്ണമായും മര്യാദവിട്ടതാണു്. ഹങ്കറിയിലെ കൊലപാതകങ്ങളെ അപലപിക്കാത്ത സോവ്യററു് എഴുത്തുകാരുമായുള്ള ബന്ധം ഞാൻ ഖേദത്തോടുകൂടിയാണെങ്കിലും പാടെ ഉപേക്ഷിച്ചിരിക്കുന്നു."

കമ്മ്യൂണിസ്റ്റുകാർ സ്വാധീനവലയം വ്യാപിപ്പിക്കാനായി ഉപയോഗപ്പെടുത്തുന്ന "മുന്നണി" സംഘടനകളിലും സഹയാത്രികസംഘടനകളിലുമാണു് ഹങ്കറിയിലെ കൂട്ടക്കൊല ഏററവും കൂടുതൽ നാശംവരുത്തിവച്ചതു്. ഉദാഹരണമായി ഇററലിയിലെ കമ്മ്യൂണിസ്റ്റു് പാർട്ടിയും നെന്നിസോഷ്യലിസ്റ്റുകളും തമ്മിലുള്ള ബന്ധം ഇതു് ഒന്നുകൂടി തകരാറിലാക്കിയിരിക്കുന്നു.

ആയിരക്കണക്കിനു് ഇററാല്യൻ ട്രേഡ്‌യൂണിയൻ പ്രവർത്തകർ രാജിവച്ചുകൊണ്ടിരിക്കുന്നതായി റിപ്പോർട്ടുകളുണ്ടു്. ഫ്രഞ്ചു് സിജിററിയിലും ചില അപശബ്ദങ്ങൾ കേൾക്കാം. നവമ്പർ 13-ാംനു ഒരു പ്രചരണഹർത്താലാചരിക്കണമെന്ന സിജിററിനേതാക്കന്മാരുടെ ആഹ്വാനം ഒരു പരാജയമായിരുന്നു.

ബ്രിട്ടനിൽ കമ്മ്യൂണിസ്റ്റു് ട്രേഡ്‌യൂണിയനുകളുടെ ഉദ്യോഗസ്ഥന്മാരിൽ പലരും രാജിസമർപ്പിക്കുകയുണ്ടായി. അവരിലൊരാളാണു് ഫയർ ബ്രിഗേഡ് യൂണിയന്റെ പ്രസിഡണ്ടു് മി. ജോൺ ഹോർണർ. ബൽജിയത്തിലും ഹോളണ്ടിലും സോവ്യററു് കപ്പലിൽനിന്നു ചരക്കിറക്കാൻ വിസമ്മതിച്ച ഡോക്കുതൊഴിലാളികളുടെ കൂട്ടത്തിൽ കമ്മ്യൂണിസ്റ്റുകാരും ഉൾപ്പെടുന്നു.

പല രാജ്യങ്ങളിലും കമ്മ്യൂണിസ്റ്റു് വിദ്യാർത്ഥികൾ പാർട്ടിയിൽനിന്നു രാജിവയ്ക്കുന്നുണ്ടു്. ഹങ്കറിയിലെ സോവ്യററു് കൈയേററം ഒരൊററയടിക്കു് കമ്മ്യൂണിസ്റ്റുകാരെ ഒററപ്പെടുത്തിക്കളയുകയും സ്വാധീനം ചെലുത്താനുള്ള മുഖ്യമാർഗ്ഗങ്ങളിൽനിന്നു മാററിനിർത്തുകയും ചെയ്തുവെന്നുള്ളതാണു് പരമാർത്ഥം. പണ്ടു് നാസി സോവ്യററു് ഉടമ്പടിയുണ്ടായകാലത്തു് കമ്മ്യൂണിസ്റ്റുകാരെ അഭിമുഖീകരിച്ച ഒരു മാനസികവടംവലിയാണു് ഇന്നവരെ അഭിമുഖീകരിക്കുന്നതു്.

### അടുത്തയാഴ്ചയിൽ

ഡിസംബർ

20 വ്യാ: വി. കാർളോസ്

21 വെ: വി. തോമ്മാ

22 ശ: വി. മത്തീനോസ്

23 ഞാ: ആഗമനം 4-ാംഞായർ

24 തി: വി. തർസീല്ലാ

25 ചൊ: ക്രിസ്തുവിന്റെ പിറവി

26 ബു: വി. എസ്തപ്പാദനോസ്


പ്യാരി (REGD)

ഔഷധ സോപ്പ്

ചർമ്മരോഗങ്ങളെ മാററി ത്വക്ക് സൌന്ദര്യത്തെ വർദ്ധിപ്പിക്കുന്നു

PYARY PRODUCTS REGD T. C. S


### തയ്യാറായി
### ലഘുനിക്ഷേപനിധി

ഇടവകകളിൽ "ലഘുനിക്ഷേപനിധി" ആരംഭിക്കുന്നതിനു് ആവശ്യമായ പാസ്സുബുക്കും അപേക്ഷാഫാറവും അടിച്ചു തയ്യാറായിരിക്കുന്നു. ആവശ്യമുള്ളവർ മാർ ളൂയിസ് മെമ്മോറിയൽ പ്രസ്സിലേക്കു് എഴുതുക:-

വില ഒന്നിനു 2 ണ.

# "കാലിത്തൊഴുത്തേ, നമോവാകം"

(ജോസ് ആറാംപുറം, തോട്ടകം)

"ക്രിസ്മസ്!" പുലരിയുടെ പുതുമയും മലരിൻെറ മനോഹാരിതയും മധുവിൻെറ മാധുര്യവും നിറഞ്ഞുതുളുമ്പുന്ന ആ മഹോന്നതശബ്ദം ദിഗന്തങ്ങളിലെങ്ങും മാറെറാലിക്കൊള്ളുകയാണ്. കിളികളുടെ കളകൂജനങ്ങളിലും കാട്ടരുവികളുടെ പൊട്ടിച്ചിരികളിലും ആ മനോമോഹനദിനത്തിൻെറ മധുരസ്മരണയുടെ മാറെറാലിയല്ലേ മുഴങ്ങിക്കേൾക്കുന്നത്? നീലാകാശത്തിൻെറ വീഥികളിൽ നിസ്സഹായരായിക്കിടന്ന താരകക്കുഞ്ഞുങ്ങളുടെ അധരങ്ങളിൽ പുഞ്ചിരിയുടെ പൂത്തിരി കത്തിച്ച മനോഹരദിനം—അതാണു ക്രിസ്മസ്സ്!

മഹത്തായ ആ സംഭവം എവിടെയാണു നടന്നത്? മധുതുളുമ്പുന്ന മലരണിക്കാവുകളും കുളിർതൂവുന്ന ഇളംതെന്നലും പൊട്ടിച്ചിരിച്ചു കുണുങ്ങിക്കുണുങ്ങിയോടുന്ന കൊച്ചുപൂഞ്ചോലകളും തിങ്ങിനിറഞ്ഞ കമനീയനാടായ ബേസ്ലഹമിൽ. പാലൊളിച്ചന്ദ്രികയിൽ മുങ്ങിക്കുളിച്ച് ഹിമകണങ്ങളുടെ വെൺമുത്തുകളണിഞ്ഞ് കൊച്ചുകൊച്ചുസുന്ദരികളെപ്പോലെ നിശ്ചലം നില്ക്കുന്ന "ഓക്ക"വൃക്ഷങ്ങൾ. "ചില ചില" ശബ്ദങ്ങൾ മുഴക്കി മരച്ചില്ലികളിൽ ചാടിച്ചാടി നടക്കുന്ന കിളികുലങ്ങൾ. മേഘപാളികളുടെയിടയിൽ "തെളുതെളെ" തിളങ്ങുന്ന താരകക്കൂട്ടങ്ങൾ. നീലാംബരവീഥിയിൽ വെൺപ്രഭ തൂകുന്ന പൂർണ്ണചന്ദ്രൻ. അങ്ങനെ എല്ലാംകൊണ്ടും ആകർഷകമായിരുന്നു ആ രാത്രി.

വയലിൻെറ കോണുകളിൽ വട്ടംകൂടിയിരിക്കുന്ന പാവപ്പെട്ട ഏതാനും അജപാലകരെയൊഴിച്ച് ബേസ്ലഹമിലെ എല്ലാവരെയുംതന്നെ നിദ്രാദേവി ഗാഢാലിംഗനം ചെയ്യുകയാണ്. താരകൾ തിങ്ങിയ വാനിൽനിന്നു പെട്ടെന്നൊരു മിന്നൽ! ആട്ടിടയരുടെ നേത്രങ്ങളിൽ ആശ്ചര്യം നിഴലിച്ചു; അധരങ്ങളിൽ ആകാംക്ഷ വിതുമ്പി. "എന്തു്?" അവർ മുഖത്തോടുമുഖം നോക്കി. "അതാ, എന്താണതു്?" ഉൽക്കണ്ഠാഭരിതരായ ആ പാവപ്പെട്ടവരുടെ നേത്രങ്ങൾ പ്രഭചൊരിയുന്ന ഒരു കനകകളേബരനിൽ പതിഞ്ഞു. "ആ ദിവ്യജ്യോതിർമ്മയൻെറ കൺകോണുകളിൽ അനവദ്യമായ ആനന്ദമല്ലേ കളിയാടുന്നതു? ഹിമധവളമായ അവൻെറ കമനീയാംബരത്തിൽനിന്നും പൊട്ടിപ്പുറപ്പെടുന്നതാണോ അത്ഭുതാവഹമായ ആ പ്രകാശരശ്മികൾ? എന്തു്, ചെമ്പട്ടുപോലെ ശോണിമകലർന്ന ആ തേജോരൂപൻെറ അധരങ്ങൾ അനങ്ങുന്നുണ്ടല്ലോ"—ഭയചകിതരായ ആട്ടിടയരുടെ വിഹ്വലാധരങ്ങൾ പരസ്പരം മന്ത്രിച്ചു.

"നിങ്ങൾ ഭയപ്പെടേണ്ട!" ആ അഴകേറിയ ചെഞ്ചുണ്ടിൽ ഒരു പുഞ്ചിരി മന്ദംമന്ദം വിടർന്നുവന്നതു കണ്ടപ്പോൾ ആട്ടിടയർ തെല്ലൊന്നാശ്വസിച്ചു. "തീർച്ചയായും ഈ കോമളഗാത്രൻ ഒരു മനുഷ്യനല്ല,...ഒരു മാലാഖാതന്നെ." അവരുടെ മനസ്സാക്ഷി അവർക്കു വെളിപ്പെടുത്തിക്കൊടുത്തു. എങ്കിലും അവരുടെ വദനങ്ങളിൽ ഭയവൈവർണ്ണ്യം കലർന്നിരിക്കുന്നു!

ആ ദൈവദൂതൻ വീണ്ടും മന്ത്രിച്ചു "ഭയപ്പെടേണ്ട. ഞാൻ നിങ്ങൾക്കു ഏററവും ആമോദജനകമായ ഒരു മംഗളവാർത്ത കൊണ്ടുവന്നിരിക്കുന്നു. ഇന്നു ദാവീദിൻെറ പട്ടണത്തിൽ നിങ്ങൾക്കു ഒരു രക്ഷകൻ—കർത്താവായ ക്രിസ്തുതന്നെ—ജനിച്ചിരിക്കുന്നു. പിള്ളക്കച്ചയിൽ പൊതിഞ്ഞു പുൽത്തൊട്ടിയിൽ കിടക്കുന്നതായി ആ ശിശുവിനെ നിങ്ങൾ കാണും."

ഭയവിഹ്വലരായിരുന്ന അജപാലകരുടെ വിറച്ചുകൊണ്ടിരുന്ന ചുണ്ടുകളിൽ ചെറുമന്ദഹാസങ്ങൾ പൊട്ടിവിരിഞ്ഞു. "നമ്മൾക്കായി ഒരു രക്ഷകൻ ജനിച്ചിരിക്കുന്നുവല്ലോ!" ആഹ്ലാദം നിറഞ്ഞ മിഴികളോടെ അവർ പരസ്പരം നോക്കി. "അതാ, കർണ്ണാനന്ദകരമായ ഒരു സംഗീതമല്ലേ ആ കേൾക്കുന്നതു്!" ആട്ടിടയർ ആകാശത്തേക്കു നോക്കി.

രാത്രിയുടെ പ്രശാന്തമൂകതയെ ഭഞ്ജിച്ചുകൊണ്ടു് ഒരു ഗാനം ബേസ്ലഹമിലെ മാനത്തുനിന്നും പൊട്ടിപ്പുറപ്പെട്ടു. ആട്ടിൻപററങ്ങളെ കാത്തുരക്ഷിച്ചിരുന്ന നിദ്രാവിഹീനരായ ആ പാവപ്പെട്ട ഇടയന്മാരുടെ ശ്രവണപുടങ്ങൾ ആ സ്വർഗ്ഗീയഗാനസരിത്തിൽ ആറാടി. ശ്രുതിമധുരമായ ആ ഗാനവീചികളിൽ അലൗകികമായ ഒരാനന്ദം ലയിച്ചിരുന്നു; സ്വർഗ്ഗീയമായ ഒരനുഭൂതി കലർന്നിരുന്നു!

ബേസ്ലഹമിലെ മലഞ്ചെരുവുകളിൽ പൊട്ടിവിടർന്ന പാതിരാപ്പൂക്കളുടെ സുഗന്ധത്തിൽ കുളിച്ച് ഓടിയണഞ്ഞ കുസൃതിക്കാററു് ആ ഗാനത്തിൻെറ ചിറെറാളങ്ങളെ അവരുടെ ശ്രവണപുടങ്ങളിൽനിന്നപഹരിച്ചു് അനന്തതയിൽ ലയിപ്പിച്ചുകളയുമോ? മന്ദം തുളുമ്പിത്തുളുമ്പി നില്ക്കുന്ന മനോജ്ഞമലരുകളിൽ ആ ഇമ്പമുള്ള ഗാനമെങ്ങാൻ ലയിച്ചുചേർന്നുപോയോ?

അതാ വീണ്ടും മുഴങ്ങിക്കേൾക്കുന്നു കുളിരുകോരിയിടുന്ന ആ ഗാനത്തിൻെറ മാറെറാലി. ബേസ്ലഹമിലെ നീലാംബരത്തിൽ മിന്നിത്തിളങ്ങുന്ന ആ നക്ഷത്രങ്ങളുടെ അധരങ്ങളാണോ ആ ശബ്ദവീചികളുടെ ഉറവിടം?

എന്താണാ ഗാനത്തിൽ അലിഞ്ഞുചേർന്നിരിക്കുന്ന സന്ദേശം? അതു സന്തോഷത്തിൻെറ സന്ദേശമാണ്. അലോകമോഹനമായ ആനന്ദത്തിൻെറ മണിമഞ്ജുളദിനം ഭൂലോകർക്കു ആസന്നമായിരിക്കുന്നു, എന്ന സന്ദേശമാണ്. നൂററാണ്ടുകളായി മാനവകുലം കാത്തുകാത്തിരുന്ന ആ രാജാധിരാജൻ എഴുന്നെള്ളിക്കഴിഞ്ഞെന്നുള്ളതിൻെറ ശംഖധ്വനിയായിരുന്നു ആ ഗാനത്തിലൂടെ അജപാലകർ ശ്രവിച്ചതു്. "എന്തു്, അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതിയെന്നോ?" ഉൽക്കണ്ഠാഭരിതരായ അവരുടെ അധരങ്ങളിൽ ചെറുപുഞ്ചിരികൾ പൂശപ്പെട്ടു.

ആ ഗാനം ചക്രവാളസീമയെ പിന്നിട്ടുകൊണ്ടു സഞ്ചരിച്ചുവോ? അതു് ആലപിക്കുന്ന ധവളവസ്ത്രധാരികളായ മാലാഖാമാരുടെ കമനീയകളേബരങ്ങളിൽനിന്നു അടർന്നുവീണ വെൺമുത്തുകളല്ലേ ആ പുൽക്കൊടിത്തുമ്പുകളിൽ തങ്ങിനില്ക്കുന്നതു്! ആ ഗാനത്തിൻെറ മനംമയക്കുന്ന മധുരിമയിൽ ബേസ്ലഹം കോരിത്തരിച്ചതിൻെറ പ്രതീകങ്ങളല്ലേ ആ തൃണറാണികളുടെ ശീർഷങ്ങളെ അലങ്കരിച്ചിരിക്കുന്ന ഹിമകണങ്ങൾ! താരകൾ തിങ്ങിയ മാനത്തു പാട്ടുനെയ്യുന്ന വാനവവൃന്ദം അനവദ്യമായ ആനന്ദാധിക്യത്താൽ വർഷിച്ച സന്തോഷാശ്രുക്കളല്ലേ മരച്ചില്ലികളുടെ ഇടയിൽക്കൂടി ഉതിർന്നുവീഴുന്ന ഹിമബിന്ദുക്കൾ!

ബേസ്ലഹമിലെ അച്ഛസ്ഫടികമായ കൊച്ചരുവികളുടെ "ഗുളുഗുളു"ശബ്ദത്തിൽ ആ മാധുര്യമേറിയ ഗാനത്തിൻെറ ഈരടികളല്ലേ തങ്ങിനില്ക്കുന്നതു്! "അത്തി"മരങ്ങളുടെ കൊച്ചുശിഖരങ്ങളിൽ കുത്തിയിരുന്നു പാട്ടുപാടുന്ന മഞ്ഞക്കിളികളും, മുന്തിരിത്തോപ്പുകളിൽ മിന്നിമിന്നി നടക്കുന്ന മിന്നാമിനുങ്ങുകളും ആ സ്വർഗ്ഗീയഗാനം ശ്രവിക്കുകയല്ലേ! പാതിരാമാരുതൻെറ പുല്ലാങ്കുഴലൊച്ചകേട്ടു് ഉണർന്നെണീററു് പുഞ്ചിരിച്ചു മന്ദം മന്ദം വിടരുന്ന മലരുകളിലെ മരന്ദം നുകരുവാൻ പൂവനികൾതോറും പാറിനടക്കുന്ന മദഭൃംഗികൾ ആ ഇമ്പമേറിയ ഗാനത്തിലടങ്ങിയിരിക്കുന്ന മഹത്സംഭവത്തിൻെറ സന്ദേശവാഹകരല്ലേ!


രാജാധിരാജനെ—മാനവകുലത്തെ സമുദ്ധരിക്കുവാൻ മന്നിൽ അവതീർണ്ണനായ ആ പരംപൊരുളിനെ—ഒരു നോക്കുകാണുന്നതിനും പാവപ്പെട്ട തങ്ങളുടെ ആത്മാഞ്ജലികൾ ആ ദിവ്യതേജസ്സിൻെറ പാദപത്മങ്ങളിൽ അർപ്പിക്കുന്നതിനുമായി അവർ തത്രപ്പെട്ടു. ബേസ്ലഹമിലെ ഇരുളടഞ്ഞ കാലിത്തൊഴുത്തുകൾതോറും അവർ കയറിയിറങ്ങി. ഒടുവിൽ അനവദ്യമായ ആനന്ദത്തിൻെറ കേദാരമായ—ശീതാധിക്യത്താൽ വിറകൊള്ളുന്ന നരദൈവമായ പൊന്നുണ്ണിയുടെ പരിപൂതകളേബരസ്പർശം അനുഭവിക്കുവാൻ ഭാഗധേയം സിദ്ധിച്ച—ആ പാവനഗോശാലയിൽ അവർ ചെന്നുചേർന്നു. അവിടെ എന്താണവർ ദർശിച്ചതു്?

കാലികളുടെ മദ്ധ്യേ വൈക്കോൽമെത്തയിൽ കീറത്തുണിയിൽ പൊതിഞ്ഞു കിടത്തിയിരിക്കുന്ന ഒരു ചോരത്തിടമ്പിനെ. ആശ്ചര്യം വിതുമ്പുന്ന കൺമുനകൾകൊണ്ടു് പരസ്പരം നോക്കിച്ചുരുനോക്കുന്ന കന്നുകാലികളെ. "തങ്ങളുടെ നേത്രങ്ങൾക്കു വിഷയീഭവിച്ചിരിക്കുന്നതാരാണു്? നിശ്ശബ്ദതനിറഞ്ഞ നിമിഷങ്ങളിലൂടെ കാലികൾ തമ്മിൽ തമ്മിൽ ചോദിക്കുന്ന ചോദ്യം അതല്ലേ? "ആഴിയേയും ഊഴിയേയും, അരുണനേയും അമ്പിളിയേയും, രാവിനേയും പകലിനേയും. അതെ എന്നേയും നിന്നേയും സൃഷ്ടിച്ച ആ പരമോന്നതൻതന്നെയാണിതു്"—ആ നിശ്ശബ്ദതയെ ഭഞ്ജിച്ചു ചീവീടുകൾ "ചില ചില" ശബ്ദങ്ങളിലൂടെ അതിനു ഉത്തരം നൽകി. ആ മഹത്കാര്യം ശ്രവിച്ചിട്ടെന്നോണം കാലികൾ കാതുകൂർമ്പിച്ചു. "വാനോർ നിറഞ്ഞ വിണ്ണിൽനിന്നും മാനവരുടെ മണ്ണിലേക്കു എഴുന്നെള്ളിയ രാജേശ്വരാ, ബേസ്ലഹമിലെ ഏതെങ്കിലും ഒരു മനോഹരസൗധത്തിലെ കനകക്കട്ടിലിൽ എഴുന്നെള്ളേണ്ടതിനു പകരം ഞങ്ങളുടെ വൃത്തിഹീനമായ ഈ ചെററപ്പുരയിലെ പുൽത്തൊട്ടിയിൽ അങ്ങു് എഴുന്നെള്ളിയതെന്തിനാണു്?" അധരങ്ങൾ ചലിപ്പിക്കാതെതന്നെ അവ അവിടുത്തോടു ചോദിച്ചു.


ആട്ടിടയരുടെ വദനങ്ങളിൽ അനിതരസാധാരണമായ ആനന്ദം നിഴലിച്ചു. "എന്തു്! വിശ്വത്തെ മുഴുവൻ മനഞ്ഞെടുത്ത ആ വിശിഷ്ടശില്പിയുടെ. നാകലോകങ്ങളുടെ ആ രാജാധിരാജൻെറ, ജനനശയ്യ കാലികൾ നിറഞ്ഞ പാഴ്ക്കുടിലിലെ വൈക്കോൽമെത്തയോ?" അവരുടെ നേത്രങ്ങളിൽ ആശ്ചര്യം തുളുമ്പി. എങ്കിലും പാണികൾ മുകുളീകൃതങ്ങളായി! കാൽമുട്ടുകൾ മടങ്ങി! ശീർഷങ്ങൾ കുനിഞ്ഞു! അവാച്യമായ ആനന്ദാനുഭൂതിയിൽ അജപാലകരുടെ ഹൃദയങ്ങൾ ആമഗ്നമായി! കാലിത്തൊഴുത്തിലവതരിച്ച ആ കരുണാനിധിയുടെ പാദപത്മങ്ങളെ അവർ സാഷ്ടാംഗപ്രണാമംചെയ്തു. അവിടുത്തെ പിഞ്ചുചേവടികളിൽ ചുംബിച്ചു.

X X X

പാതിരാവിലെ പരമനിശ്ശബ്ദതയിൽ പാലൊളിപരത്തിക്കൊണ്ടു് ഉദിച്ചുയർന്ന ആ തേജഃപുഞ്ജത്തിൻെറ കനകക്കതിരൊളിയിൽ ആമഗ്നമായ കാലിത്തൊഴുത്തേ, നിനക്കു നമോവാകം! അതിരററ അഹന്തയുടെ പ്രതീകങ്ങളായ മാനവവംശത്തിനു് വിനയത്തിൻെറ വിശിഷ്ടമാതൃകയരുളാൻ വിണ്ണിലെ കനകസിംഹാസനം പരിത്യജിച്ചു് മണ്ണിലെ കാലിത്തൊഴുത്തിൽ പള്ളികൊള്ളുവാൻ തിരുമനസ്സായ ദിവ്യരക്ഷകാ, മേരീതനുജാ, കരുണാവാരിധേ, അങ്ങയുടെ പാദതാരുകളിൽ അടിയങ്ങളുടെ മുകുളാഞ്ജലികൾ!



അന്താരാഷ്ട്രീയനിരായുധീകരണം എളുപ്പം സാധിക്കുന്നതിലേക്കു പരസ്പരം പരിശോധിക്കുന്നതിനുള്ള ഒരു "തുറന്ന ആകാശ"പദ്ധതി പ്രസിഡൻറു് ഐസനോവർ ആവിഷ്കരിക്കുകയുണ്ടായല്ലോ. അതിൽ ഒന്നു വിമാനങ്ങളിൽനിന്നു ഫോട്ടോ എടുക്കുകയെന്നതാണ്. ഇററാലിയൻ വിമാനസേന 400 അടി ഉയരത്തിൽനിന്നെടുത്ത റോമിലെ സെൻറു് പീറേറഴ്സ് ബസ്ലിക്കായുടെ ഫോട്ടോയാണ് ചിത്രത്തിലേതു്. ഫോട്ടോയെടുത്ത വിമാനം മണിക്കൂറിൽ 550 മൈൽ വേഗത്തിൽ പറക്കുകയായിരുന്നു. ഇത്തരം 4 വിമാനങ്ങളുണ്ടെങ്കിൽ ഒരു മണിക്കൂർകൊണ്ടു് ഇററലിമുഴുവൻ ഫോട്ടോ എടുക്കാമെന്നു ഇററാലിയൻ വിമാനസേനാമേധാവിയായ ജനറൽ ദൂലിയോ ഫനാല്ലി പ്രസ്താവിക്കുന്നു.



മുൻചിത്രത്തിൽ, സെൻറു് പീറേറഴ്സ് അങ്കണത്തിലൊരു ഭാഗം ചതുരബോർഡറിട്ടു കാണിച്ചിട്ടുണ്ടല്ലോ. അതിൻെറ വിപുലീകൃതമായ ഒരു ചിത്രമാണിതു്. ഈ വിപുലീകരണത്തിൽ അങ്കണത്തിലുള്ള യാത്രക്കാരുടെ മാത്രമല്ല നടയിൽ നില്ക്കുന്ന പട്ടി വൃത്തത്തിനുള്ളിൽ കൂടെപ്പോലും വിശദാംശങ്ങൾ വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

# വിവിധവൃത്താന്തങ്ങൾ

## അൽബേനിയായിൽ

മർദ്ദനത്തിൻെറയും മതപീഡനത്തിൻെറയും ഫലമായി അൽബേനിയായിലെ ഒരു ലക്ഷത്തോളം കത്തോലിക്കർ ഇന്നു് ഇടയനില്ലാത്തവരായി തീർന്നിരിക്കുന്നു. ഒടുവിലത്തെ മെത്രാൻ മോൺ: ബർനാർഡിനോ ഷ്ളാക്ക 81-ാമത്തെ വയസ്സിൽ നവംബർ 9-ാം തീയതി നിര്യാതനായി. അൽബേനിയായിലെ നാലു അതിമെത്രാസനങ്ങളും ഒരു അപ്പസ്തോലിക് അഡ്മിനിസ്ട്രേഷനും ഇപ്പോൾ ഒഴിവായിക്കിടക്കുകയാണു്. ഡുറാസോ മെത്രാപ്പോലീത്ത 1948-ൽ അറസ്റ്റു് ചെയ്യപ്പെടുകയും 20 കൊല്ലത്തെ തടവിനു ശിക്ഷിക്കപ്പെടുകയും ചെയ്തു. അദ്ദേഹത്തിൻെറ ഇപ്പോഴത്തെ സ്ഥിതി അജ്ഞാതമാണു്. 1946-ൽ അറസ്റ്റു ചെയ്യപ്പെട്ട സ്കൂത്താരി മെത്രാപ്പോലീത്താ പരേതനായി. 1946-ൽ അറസ്റ്റു ചെയ്യപ്പെട്ട അലെസോ മെത്രാനും സാപ്പാ മെത്രാനും 1948 ൽ വധിക്കപ്പെട്ടു. അൽബേനിയായിലെ ഡലഗാഡ പ്പസ്തോലിക്കയെ അവിടെനിന്നും നാടുകടത്തിയിട്ടു വളരെ കൊല്ലങ്ങളായി.

## മദ്ധ്യപൂർവ്വദേശത്തു്

പലസ്തീനായിലെ പോണ്ടിഫിക്കൽ മിഷൻെറ പ്രസിഡണ്ടായ മോൺ: പീററർ ടൂഹി അമേരിക്കൻ ഹയരാർക്കിക്കു നൽകിയിട്ടുള്ള ഒരു സ്പെഷ്യൽ റിപ്പോർട്ടിൽ, സോവ്യററു റഷ്യാ മദ്ധ്യപൂർവ്വദേശം സ്വാധീനിക്കുമെന്നു ഒരു മുന്നറിവു നൽകിയിട്ടുണ്ടു്. അറബി സംസ്ഥാനങ്ങളും പാലസ്റ്റയിൻ അഭയാർത്ഥികളുമായുള്ള ഇടപാടിൽ പശ്ചിമ രാഷ്ട്രങ്ങൾ "യുക്തിയും, നിയമജ്ഞതയും, വിവേകവും, നീതിയും" കാണിക്കണമെന്നും അല്ലെങ്കിൽ മദ്ധ്യപൂർവ്വദേശം സോവ്യററു സ്വാധീനവലയത്തിലാകുമെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ഇപ്പോഴത്തെ കലഹങ്ങളുടെ ഫലമായി അഭയാർത്ഥികളുടെ സംഖ്യ 900,000 കണ്ടു വർദ്ധിച്ചിട്ടുണ്ടു്. സമരരംഗങ്ങളിൽനിന്നു പലായനം ചെയ്യുന്നവരുടെ സംഖ്യ വർദ്ധിച്ചാണു വരുന്നതു്. സൂയസ് പ്രശ്നത്തോടൊപ്പം ഈ അഭയാർത്ഥികളുടെ പ്രശ്നത്തിനും പരിഹാരം കാണണമെന്നാണു മോൺ: ടൂഹിയുടെ അഭിപ്രായം. മുൻ ഐക്യരാഷ്ട്ര സമിതി നിശ്ചയം പോലെ ജറുസലം ഒരു അന്താരാഷ്ട്രീയ നഗരമാക്കുകയും ചെയ്യണം.

## ഇംഗ്ലണ്ടിൻെറ പ്രതിഷേധം

ഹംഗറിയിൽ റഷ്യ നടത്തുന്ന കൂട്ടക്കൊലയിൽ ഇംഗ്ലണ്ടിനുള്ള പ്രതിഷേധം രേഖപ്പെടുത്തുന്നതിനു ആൽബെർട്ട ഹാളിൽ വെച്ചു ഒരു മഹായോഗം കൂടിയിരിക്കുന്നു. ഈ യോഗത്തിലെ പ്രധാനപ്രാസംഗികന്മാരിൽ ഒരാൾ ഇംഗ്ലണ്ടിലെ സീനിയർ മെത്രാപ്പോലീത്തയായ ആർച്ചുബിഷപ്പു് ഗോഡ്ഫ്രേ ആയിരുന്നു. അദ്ദേഹം തൻെറ പ്രസംഗത്തിൽ വിസ്മൃതരാഷ്ട്രങ്ങളായ ലാററ്വിയാ, ലിത്വാനിയാ, എസ്റ്റോണിയാ എന്നീ സോവ്യററു റഷ്യ വിഴുങ്ങിക്കഴിഞ്ഞിട്ടുള്ള രാഷ്ട്രങ്ങളുടെ കാര്യവും പ്രസ്താവിക്കുകയുണ്ടായി. പീഡനത്തിൻെറ ഈ നീണ്ട രാത്രിക്കുശേഷം, സ്വാതന്ത്ര്യത്തിൻെറ പ്രഭാതം പ്രതീക്ഷിച്ചു് അവർ കഴിയുകയാണെന്നു് അദ്ദേഹം പറഞ്ഞു. ഹംഗറിയൻ അഭയാർത്ഥികളെ സഹായിക്കുന്നതിനായി ഇംഗ്ലണ്ടിൽ വിപുലമായ തോതിൽ ധനശേഖരം നടത്തുന്നുണ്ടു്. കത്തോലിക്കാ വനിതാ ലീഗുതന്നെ 330,000 ക. ശേഖരിച്ചു.

## യോഹന്നാൻെറ സുവിശേഷം

വിശുദ്ധ യോഹന്നാൻെറ സുവിശേഷത്തിൻെറ പാഫിറസ് താളുകളിൽ എഴുതപ്പെട്ട ഒരു പ്രാചീന കൈയെഴുത്തുപ്രതി ഇപ്പോൾ പണ്ഡിതന്മാരുടെ പഠനത്തിനു വിഷയമായിരിക്കുകയാണു് എ. ഡി. 200-ാമാണ്ടിനടുത്തു എഴുതപ്പെട്ട ഈ കൈയെഴുത്തു പ്രതിയിൽ ആദ്യത്തെ 14 അദ്ധ്യായങ്ങൾ അടങ്ങിയിരിക്കുന്നു. ഇതിനേക്കാൾ പഴക്കംചെന്ന ഒരു കൈയെഴുത്തുപ്രതി ഇതിനു മുൻപു കിട്ടിയിട്ടുണ്ടെങ്കിലും അതൊരു അംശം മാത്രമാണു്. ഈ കൈയെഴുത്തു പ്രതിയിൽനിന്നു് ആദ്യകാലങ്ങളിൽ വിശുദ്ധ യോഹന്നാൻെറ സുവിശേഷം എങ്ങനെ അദ്ധ്യായങ്ങളായി തിരിച്ചിരുന്നു എന്നും മററും അറിയാൻ സാധിക്കുന്നതാണു്.

## ശാസ്ത്രീയപുരോഗതി

മദ്ധ്യഇററലിയിൽനിന്നു വന്ന 6000 തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു് ഒരു സന്ദർശനം അനുവദിച്ചിരിക്കുന്നു. തദവസരത്തിൽ തിരുമേനി ചെയ്ത പ്രസംഗത്തിൽ, ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതികൊണ്ടു് തൊഴിലില്ലായ്മ ഉണ്ടാകുമെന്നു ഭയപ്പെടേണ്ടതില്ലെന്നു അവരെ ഉദ്ബോധിപ്പിച്ചിരിക്കുന്നു. മാനുഷികപ്രയത്നത്തിൻെറ സ്ഥാനത്തു് യന്ത്രങ്ങളെ പ്രതിഷ്ഠിക്കുന്നതുമൂലം, അത്തരം പുരോഗതി ഗുരുതരമായ കുഴപ്പങ്ങളുണ്ടാക്കുമെന്നു ഭയപ്പെടുന്ന ചിലരുണ്ടെന്നു തിരുമേനി പറഞ്ഞു. പുരോഗതികൊണ്ടു തൊഴിലില്ലാതാകുകയില്ലെന്നു തിരുമേനി തീർത്തു പറഞ്ഞു. കമ്മ്യൂണിസം ഒരു തിന്മയാണെന്നു വ്യക്തമായിട്ടും ഇററാലിയൻ തൊഴിലാളികളുടെഇടയിൽ അതു പ്രചരിക്കുന്നതിൽ തനിക്കുള്ള ഖേദം തിരുമേനി വ്യക്തമാക്കി. കമ്മ്യൂണിസത്തിൻെറ വഞ്ചനാപൂർണ്ണങ്ങളായ വാഗ്ദാനങ്ങളെ ഓരോന്നായി തിരുമേനി വിമർശിക്കുകയും, അക്രമമാർഗ്ഗങ്ങളിലൂടെ അധികാരത്തിൽ കടന്നുപററുന്ന കമ്മ്യൂണിസം എപ്രകാരം ജനങ്ങളെ ദരിദ്രരാക്കുകയും, ഭീകരഭരണം നടപ്പാക്കുകയും ചെയ്യുന്നുവെന്നു വ്യക്തമാക്കുകയും ചെയ്തു.

## ആഫ്റിക്കൻ മിഷ്യൻ സൊസൈററി

നീഗ്രോജാതിക്കാരുടെ ഇടയിൽ മതപ്രചരണവേല നടത്തുന്നതിനായി സ്ഥാപിതമായ ആഫ്റിക്കൻ മിഷൻ സൊസൈററിയുടെ ശതവാർഷികം ഡിസംബർ 9-ാം തീയതി ഇംഗ്ലണ്ടിലെ സാൽഫോർഡ് കത്തീഡ്റലിൽ വെച്ചു കൊണ്ടാടിയിരിക്കുന്നു. 1856-ൽ ലയൺസിൽ സ്ഥാപിതമായ ഈ സൊസൈററിയിലെ ആദ്യമിഷ്യനറിസംഘം 1858-ൽ ആഫ്റിക്കയുടെ പശ്ചിമതീരത്തെത്തി. ആറുമാസത്തിനുള്ളിൽ അവരിൽ ഒരാൾ ഒഴികെയുള്ളവർ മഞ്ഞപ്പനി പിടിച്ചു മരിക്കുകയാണുണ്ടായതു്. ഇന്നു് ഈ സൊസൈററിയിൽ 1400 അംഗങ്ങളുണ്ടു്. അയർലൻഡ്, ഫ്റാൻസ്, അൽസേസ്, ഹോളണ്ടു്, അമേരിക്ക, ബൽജിയം, ക്യാനഡാ, ഇംഗ്ലണ്ടു് എന്നീ രാജ്യങ്ങളിൽ ഇന്നു് ഈ സൊസൈററിക്കു് ശാഖാഭവനങ്ങളുണ്ടു്. ഈ സൊസൈററിയിൽ പെട്ടവരായ രണ്ടു മെത്രാപ്പോലീത്താമാരും 12 മെത്രാന്മാരും ഒരു പ്രീഫെക്ടു് അപ്പസ്തോലിക്കും ഇന്നു് ആഫ്റിക്കയിൽ സേവനമനുഷ്ഠിക്കുന്നുണ്ടു്. ഈ മിഷ്യനറിമാരുടെ പ്രവർത്തനരംഗങ്ങൾ ആഫ്റിക്കയിലെ നൈജീരിയാ, ഗോൾഡ്കോസ്റ്റു്, ടോഗോലാൻഡ്, ഡാഹോമി, ലിബേരിയാ, ഈജിപ്തു് എന്നീ രാജ്യങ്ങളിൽ സുവിശേഷഘോഷണത്തിലേർപ്പെട്ടിരിക്കുന്നു.

## ജംഗമ ദേവാലയം

ആഫ്റിക്കയിൽ ജോഹാന്നസ്ബർഗ്ഗിനടുത്തു മോറോലോ എന്ന സ്ഥലത്തു് വി. പത്താം പീയൂസിൻെറ നാമത്തിൽ നീക്കംചെയ്യപ്പെടാവുന്ന ഒരു ദേവാലയം സ്ഥാപിച്ചിരിക്കുന്നു. ഒരു ഉരുക്കു ചട്ടക്കൂട്ടിൽ ഇഷ്ടിക നിരത്തി തയ്യാറാക്കിയിട്ടുള്ള ഈ ദേവാലയം ആഫ്റിക്കൻ ജാതിക്കാർതന്നെ നിർമ്മിച്ചിട്ടുള്ളതാണു്. ജോഹാന്നസ് ബർഗ്ഗ് രൂപതയിൽ ഇത്തരം 12 ദേവാലയങ്ങൾ സ്ഥാപിക്കുന്നതാണു്. അവിടത്തെ ഗവമ്മെൻറു ദേവാലയസ്ഥാപനത്തിനുള്ള സ്ഥലം ഒരു കൊല്ലത്തെ പാട്ടത്തിനേ നൽകുകയുള്ളു. തന്മൂലം ഒരു കൊല്ലം കഴിയുമ്പോൾ ചിലപ്പോൾ പള്ളി മാററി സ്ഥാപിക്കേണ്ടിവരും. അതുകൊണ്ടാണു ഇത്തരം ജംഗമദേവാലയങ്ങൾ സ്ഥാപിക്കുവാൻ ആഫ്റിക്കൻ ജാതിക്കാർ തീരുമാനിച്ചതു്.

## അവരുടെ പ്രതിഷേധം

ഹംഗറിയിൽ സോവ്യററു ഗവമ്മെൻറു നടത്തിയ മൃഗീയമായ കൈയേററത്തെ സ്വിററ്സർലൻഡ് ഒന്നടങ്കം നിശ്ശബ്ദമായ രീതിയിൽ പ്രതിഷേധിച്ചിരിക്കുന്നു. ഹംഗേറിയൻ ജനതയോടുള്ള അനുഭാവസൂചകമായി മൂന്നുമിനിററു നേരത്തേക്കു സകല പണികളും നിർത്തിവെച്ചുകൊണ്ടാണു ഈ പ്രതിഷേധം അവർ രേഖപ്പെടുത്തിയതു്. തൊഴിലാളികളും, ഗവമ്മെൻറുദ്യോഗസ്ഥന്മാരും പോലീസും പട്ടാളവും കച്ചവടക്കാരും കൃഷിക്കാരുമെല്ലാം ഈ ഹർത്താലിൽ പങ്കെടുത്തു. തീവണ്ടികളും ബസുകളും യാത്രക്കാരുമെല്ലാം മൂന്നു മിനിററു നേരത്തേക്കു ഗതാഗതം നിർത്തിവെച്ചു. പ്രമുഖരായ പല കമ്മ്യൂണിസ്റ്റുകാരും പാർട്ടിയിൽനിന്നു രാജിവെച്ചു. 4000 ഹംഗേറിയൻ അഭയാർത്ഥികളെ സംരക്ഷിച്ചുകൊള്ളാമെന്നു സ്വിസ്സുകാർ തന്നെ ഏററു. സ്വിസ് റെഡ്ക്രോസ്, ഹംഗേറിയൻ അഭയാർത്ഥികൾക്കുവേണ്ടി 1,200,000 ദുരിതാശ്വാസ പാർസലുകളും 350,000 പവനും പിരിച്ചെടുക്കുകയുണ്ടായി.

## ഇൻഡ്യാ വാർത്തകൾ

ഇറക്കുമതിചെയ്യുന്ന വീഞ്ഞിനു തീരുവ വർദ്ധിപ്പിച്ചുകൊണ്ടുള്ള ഇന്ത്യാ ഗവമ്മെൻറിൻെറ നടപടി കുർബാനവീഞ്ഞിനെ ബാധിക്കുന്നതല്ലെന്നു കേന്ദ്രധനകാര്യമന്ത്രി ഉറപ്പുനൽകിയിരിക്കുന്നു.

—അടുത്ത തിരഞ്ഞെടുപ്പിലേക്കുള്ള കോൺഗ്രസ് സ്ഥാനാർത്ഥികളുടെ ലിസ്റ്റു് ജനുവരി മദ്ധ്യത്തോടുകൂടി തയ്യാറാകുമെന്നു പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

—ഒരു മെഷീൻ ഡിസൈൻ വർക്കുഷോപ്പു സ്ഥാപിക്കുന്നതിലേക്കു ഇന്ത്യയ്ക്കു സഹായം നൽകാമെന്നു പശ്ചിമജർമ്മൻ ഗവമ്മെൻറു വാഗ്ദാനം ചെയ്തിരിക്കുന്നു.

—പട്ടികവർഗ്ഗക്കാരായ (ഹിന്ദു) വിദ്യാർത്ഥികൾക്കായി 140,000 ക. ചെലവാക്കി ഷില്ലോങ്ങിൽ ഒരു ഹോസ്റ്റൽ നിർമ്മിച്ചിരിക്കുന്നു.

—കഴിഞ്ഞ ചില മാസങ്ങളിൽ ഇൻഡ്യയിലുണ്ടായ വെള്ളപ്പൊക്കംമൂലം 515 പേർ മരിക്കുകയും, 837 ലക്ഷം ക. വിലയുള്ള മൂന്നരക്കോടി വീടുകൾ നിലംപതിക്കുകയും, 1.97 ലക്ഷം ക. വിലയുള്ള 16720 കന്നുകാലികൾ ചാകുകയും, 40 കോടി ക. വിലവരുന്ന വിള നശിക്കുകയും ചെയ്തിരിക്കുന്നു.

—സാമ്പത്തികവകുപ്പിലെ ജോയിൻറു സിക്രട്ടറി ശ്രീ ഗോവിന്ദൻനായരെ വാഷിങ്ടണിലെ ഇന്ത്യൻ സ്ഥാനപതികാര്യാലയത്തിൽ മിനിസ്റ്റർ ആയി നിയമിച്ചിരിക്കുന്നു.

—അടുത്ത പൊതുതിരഞ്ഞെടുപ്പു 1957 ഫെബ്രുവരി 25-നും മാർച്ചു 12-നും മദ്ധ്യേ നടത്തുമെന്നു ചീഫ് ഇലക്ഷൻ കമ്മീഷണർ പ്രസ്താവിച്ചിരിക്കുന്നു.

—സിലോൺ ഇന്ത്യൻ ഹൈക്കമ്മീഷനിലെ ഒന്നാം സിക്രട്ടറിയായ രുഗ്മിണിമേനോനെ ആസ്റ്റ്രേലിയയിലേക്കു് ഇന്ത്യൻ ഹൈക്കമ്മീഷണറായി നിയമിച്ചിരിക്കുന്നു.

—സോവ്യററു ഡിഫൻസ് മിനിസ്റ്റർ മാർഷൽ ഷുക്കോവ് ജനുവരി 2-ാംനു ഇന്ത്യ സന്ദർശിക്കുന്നതാണു്.

—പ്രധാനമന്ത്രി നെഹ്റു വാഷിംഗ്ടണിലേക്കു പോയിരിക്കുന്നു. മടക്കയാത്രയിൽ ലണ്ടനിൽവെച്ചു് ബ്രി. പ്രധാനമന്ത്രിയെ അദ്ദേഹം സന്ദർശിക്കുന്നതായിരിക്കും.

## കേരളവാർത്തകൾ

വിഴിഞ്ഞം തുറമുഖത്തിൻെറ സർവ്വേക്കായി ഒരു ലക്ഷത്തി ഇരുപതിനായിരം രൂപാ ഗവമ്മെൻറു് അനുവദിച്ചിരിക്കുന്നു.

—മലബാർ ഡിസ്ട്രിക്ടിലെ എല്ലാ മുനിസിപ്പൽ ചെയർമൻമാരുടെയും ഒരു സമ്മേളനം കോഴിക്കോട്ടുവെച്ചു നടന്നതിൽ രണ്ടാം പദ്ധതിയിൽ മലബാറിനുവേണ്ടി കൊള്ളിച്ചിട്ടുള്ള തുക മുഴുവൻ മദ്രാസ് ഗവമ്മെൻറിൽനിന്നും വാങ്ങിക്കണമെന്നു ഒരു നിശ്ചയം പാസാക്കിയിരിക്കുന്നു.

—പാലാ, മാഞ്ഞാനം, തിരുവല്ല, വർക്കല, പന്തളം എന്നീ സ്ഥലങ്ങളിൽ ട്രെയിനിംഗ് കോളെജുകൾ സ്ഥാപിക്കുവാൻ ഗവർമ്മെൻറു് അനുമതി നൽകിയിരിക്കുന്നു.

—ബാങ്ക് ജീവനക്കാരെ എംപ്ലോയീസ് സ്റ്റേററു് ഇൻഷുറൻസു പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം കേന്ദ്രഗവമ്മെൻറാണു തീരുമാനിക്കേണ്ടതെന്നു കേരളഗവമ്മെൻറു പ്രസ്താവിച്ചിരിക്കുന്നു.

—മലബാർപ്രദേശത്തെ മൂന്നു ഡിസ്ട്രിക്ടുകളായി തിരിക്കുന്നതിനും, മലബാർഡിസ്ട്രിക്ടു് ബോർഡു നിർത്തലാക്കുന്നതിനും ഗവമ്മെൻറു നിയോഗിച്ചിരുന്ന കമ്മിററി ഗവമ്മെൻറിലേക്കു ശുപാർശചെയ്തിരിക്കുന്നു.

—പെരിയാററിൽ താന്നിപ്പുഴ എന്ന സ്ഥലത്തു് ഒരു പാലം പണിയുന്നതിനു 1976000ക. അനുവദിച്ചിരിക്കുന്നു.


—പതിവുള്ള ക്വോട്ടായ്ക്കു പുറമേ കറാച്ചിയിൽനിന്നും 15000 ടൺ അരി കേരളത്തിനു ലഭിക്കുന്നതാണെന്നു ചീഫ്സിക്രട്ടറി പ്രസ്താവിച്ചിരിക്കുന്നു.

—ചീഫ്ജസ്റ്റിസ് അപ്പഴപ്പോൾ നിർദ്ദേശിക്കുന്ന കേസുകൾ വിചാരണചെയ്യുന്നതിലേക്കു തിരുവനന്തപുരത്തു ഹൈക്കോടതിയുടെ ഒരു ബെഞ്ചു ഏർപ്പെടുത്തിക്കൊണ്ടു ചീഫ് ജസ്റ്റിസ് ഒരു നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

—ഡൽഹിക്കു പോയിരുന്ന കേരളഗവർണർ മി. രാമകൃഷ്ണറാവു ഇവിടെ തിരിച്ചെത്തിയിരിക്കുന്നു.

—മുസ്ലീംസമുദായത്തെയും യഹൂദസമുദായത്തെയും പിന്നോക്കസമുദായങ്ങളുടെ ഫീസാനുകൂല്യം ലഭിക്കത്തക്കവിധം "മററു പിന്നോക്ക സമുദായങ്ങൾ" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

—ഇന്ത്യയിലെ എല്ലാ ടൗണുകളിലും ജനനനിയന്ത്രണക്ലിനിക്കുകൾ സ്ഥാപിക്കുവാൻ ഇന്ത്യാഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നതിനെ പ്രതിഷേധിച്ചുകൊണ്ടു എറണാകുളം നഗരസഭ ഒരു പ്രമേയം പാസാക്കിയിരിക്കുന്നു.



# ചെറുകഥ

## "കൊച്ചച്ചാ, ജോണിയെ നോക്കിക്കോണേ"

(ജോയ് ചെറിയാൻ, എളങ്കുന്നപ്പുഴ)

ആ കൊച്ചുഗ്രാമത്തിൻെറ പ്രകൃതിസൗന്ദര്യത്തിനു് ഇന്നുവരെ യാതൊരു കുറവും സംഭവിച്ചിട്ടില്ല. അതൊന്നു കാണേണ്ടതുതന്നെയാണു്. മുകളിൽ നീലനിർമ്മലമായ ആകാശം; താഴെ കണ്ണെത്താതെ നീണ്ടുപരന്നുകിടക്കുന്ന പച്ചപ്പട്ടുവിരിച്ച നെല്പാടങ്ങൾ. അങ്ങുമിങ്ങും കൈപ്പത്തികളും വിടർത്തിപ്പിടിച്ചുകൊണ്ടു് തഴച്ചുവളർന്നുനില്ക്കുന്ന തെങ്ങിൻകൂട്ടം. കിഴക്കുഭാഗത്തുള്ള ചെറുകുന്നുകളുടെ മറയിലൂടെ ബാലാദിത്യൻ തങ്കരശ്മികൾപരത്തി എത്തിനോക്കാറുണ്ടു്, അനുദിനം ആ മലനാടിനെ. തെങ്ങോലകളിലും നെൽക്കൊടികളിലും തടവിക്കൊണ്ടു്, കാട്ടുപുഷ്പങ്ങളുടെ സൗരഭ്യംവഹിക്കുന്ന മന്ദാനിലൻ ആ ചെറുഗ്രാമത്തെ തലോടുക പതിവാണു് എല്ലാ പ്രഭാതത്തിലും. ഒരിഞ്ചു നെല്പാടത്തിനുവേണ്ടി പരസ്പരം കടിച്ചുകീറി മരിക്കാൻ തയ്യാറുള്ള മനുഷ്യലക്ഷങ്ങളുടെ ക്രൂരമായ മൃഗീയതയെ പരിഹസിച്ചുകൊണ്ടു് പറവജാലങ്ങൾ അതിരാവിലെ ഉണൎന്നു ചിലയ്ക്കാറുണ്ടു് ആ പരിഷ്കാരരഹിതമായ കൊച്ചുനാട്ടിൽ. സദാസമയവും അവിടെങ്ങും കളിയാടിക്കൊണ്ടിരുന്നു, അലൗകമനോഹരമായ ഒരു ശാന്തത. ഇന്നുവരെ അതിനു യാതൊരു കുറവും സംഭവിച്ചിട്ടില്ല.

ആ മനോഹരമലനാടിൻെറ ഹൃദയസ്ഥാനത്തുതന്നെ സ്ഥിതിചെയ്യുന്നു, കലാകുതുകികളുടെ മനം കവരുന്ന മനോജ്ഞമായ ഒരു ചെറുദേവാലയം. ആ നാട്ടുകാരുടെ ഒത്തൊരുമിച്ചുള്ള പരിശ്രമഫലമാണു് കലാസമ്പന്നമായ ആ പള്ളി. അവൎക്കെന്തു മതിപ്പാണെന്നോ അവരുടെ കൊച്ചുപള്ളിയെക്കുറിച്ചു്!! അനുദിനപൂജയിൽ സംബന്ധിക്കുന്നവരാണു് അവിടത്തെ ആളുകളിൽ ഭൂരിഭാഗവും. ഇൻഡ്യയിൽ പ്രവൎത്തനംനടത്തുന്ന സകല മിഷനറിമാരും അറിയും ആ ഇടവകയെ. പ്രതിവർഷം അവർ ഓരോരുത്തരും സ്വീകരിക്കും എന്തെങ്കിലുമൊരു സംഭാവന ആ പള്ളിയുടെ വകയായി. എല്ലാ മിഷനിലുമുണ്ടു് ആ ഇടവകക്കാരായ വൈദികരും, കന്യാസ്ത്രീകളും, സഹോദരന്മാരും. പ്രതിവർഷം അവിടെനിന്നു പോകും ഒന്നുരണ്ടു യുവതിടമ്പുകളെങ്കിലും മിശിഹായുടെ മുന്തിരിത്തോട്ടത്തിൽപണിയെടുക്കുവാനായി. ദൈവവിളി പരിപാലിക്കേണ്ടതെങ്ങനെയാണെന്നു് അവിടത്തുകാൎക്കു നന്നായിട്ടറിയാം. പോരാഞ്ഞിട്ടു്, മിഷൻചൈതന്യം നിറഞ്ഞുതുളുമ്പുന്ന ഒരു "ചെറുപ്പക്കാരൻ" വികാരിയച്ചനും. അവിടത്തെ ധനവാന്മാരുടെ ഔദാൎയ്യം കൊണ്ടു് എത്ര വിദ്യാൎത്ഥികൾ വൈദികപഠനത്തിനായി പോയിട്ടുണ്ടെന്നോ? അനാവശ്യച്ചിലവുകൾ വെട്ടിക്കുറച്ചു സമ്പാദിക്കുവാനും, ആ സമ്പാദ്യം യഥാവിധി വിനിയോഗിക്കുവാനും പഠിച്ചിട്ടുള്ളവരാണു് അവിടെയുള്ള പണക്കാർ.

ആ ഇടവകയിലെ പാരമ്പൎയ്യമുള്ള "മലയിൽ"കുടുംബത്തിലെ മാത്തച്ചൻമുതലാളിയാണു് ബ്രദർ ജയിംസിൻെറവൈദികപഠനച്ചെലവുകൾ മുഴുവനും വഹിക്കുന്നതു്. മാത്തച്ചൻമുതലാളിക്കും, ഭാൎയ്യ മേരിക്കും എന്തു കാൎയ്യമാണെന്നോ ബ്രദർ ജയിംസിനോടു്; അതുപോലെ മുതലാളിയുടെ മക്കൾക്കും. അവരുടെ ദാമ്പത്യജീവിതത്തിലെ മൂന്നാമത്തെ ആശ്വാസദൂതനായ ജോണിയോടായിരുന്നു ജയിംസ്ശെമ്മാശനു കൂടുതൽ സ്നേഹം; അവൻെറ സ്വഭാവം അത്ര നല്ലതായിരുന്നു. തേഡ്ഫോറത്തിൽ പഠിക്കുന്ന ആ പന്ത്രണ്ടുകാരൻ എല്ലാവരുടേയും കണ്ണിലുണ്ണിയാണു്.

ജയിംസ്ശെമ്മാശൻ എല്ലാവെക്കേഷനും ഇടവകയിൽവരും. എല്ലാ വീടുകളും കയറിയിറങ്ങി സ്നേഹാന്വേഷണങ്ങൾ നടത്തും. "പിള്ളേരുടെ ചെമ്മാച്ചൻ"—അങ്ങനെയാണു് ആ നാട്ടുകാർ അദ്ദേഹത്തെ വിളിക്കാറു പതിവു്. വേദോപദേശം പഠിപ്പിക്കുക; സൊഡാലിററി സംഘടിപ്പിക്കുക; മിഷൻസമ്മേളനങ്ങളും റാലികളും നടത്തുക; കുട്ടികൾക്കായി വാർഷികധ്യാനം നടത്തുക എന്നുതുടങ്ങിയ കാൎയ്യങ്ങളുടെ നിൎവ്വഹണത്തിൽ ശെമ്മാശൻ വളരെ ഉത്സാഹപൂൎവ്വം പ്രവൎത്തിക്കും. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരുപോലെ സ്നേഹമാണു് ശെമ്മാശനോടു്. മാതാപിതാക്കന്മാരുടെ കാൎയ്യം പറയാനുമില്ല. വികാരിയച്ചൻെറ വലംകൈയാണു് വെക്കേഷൻകാലത്തു് ബ്രദർ ജയിംസു്. അതു് അദ്ദേഹം പലരോടും പറഞ്ഞിട്ടുമുണ്ടു്. ശെമ്മാശൻ ആ ഇടവകയിൽ വന്നാൽ ഒരു നവോന്മേഷം അവിടെയുണ്ടാകും. എന്തു ത്യാഗങ്ങളും കുട്ടികൾ സഹിച്ചുകൊള്ളും അവരുടെ "ചെമ്മാച്ചൻ" കൂടെയുണ്ടെങ്കിൽ.

വെക്കേഷൻകഴിഞ്ഞു് ശെമ്മാശൻ സെമ്മിനാരിയിലേക്കു തിരിച്ചുപോകും. സ്നേഹനിധിയും ത്യാഗസമ്പന്നനും വിനീതനുമായ അദ്ദേഹത്തിൻെറ വേർപാടിൽ ബാലഹൃദയങ്ങൾ പൊട്ടിക്കരയും, അതു കാണുമ്പോൾ മാതാപിതാക്കളും. ജോണിയുടെ ദുഃഖം തീരണമെന്നുണ്ടെങ്കിൽ ആഴ്ചകൾ പലതു കഴിയണം, സെമ്മിനാരിയിൽ ചെന്നതിനുശേഷം ശെമ്മാശൻെറ ഒരെഴുത്തും അതിനുള്ളിൽ ജോണിക്കായി ഒരു പടവും കിട്ടണം. അതു് അദ്ദേഹം പതിവായി അയക്കാറുള്ളതാണു്; അതുമാത്രമേ മാത്തച്ചൻമുതലാളിയുടെ വലിയ ഉപകാരത്തിനു പ്രത്യുപകാരമായി ബ്രദർ ജയിംസു് ചെയ്യുവരുന്നുള്ളു, അഥവാ ചെയ്യുവാൻ കഴിയുന്നുള്ളു. ജയിംസ്ബ്രദറിൻെറ കൃതജ്ഞതാനിർഭരമായ എഴുത്തു വായിക്കുമ്പോൾ, ഭവനസന്ദർശനവേളയിൽ ജോണിയേയും കൂട്ടിക്കൊണ്ടു് പാവപ്പെട്ടവരുടേയും "തെണ്ടിക"ളുടേയും വീടുകൾ കയറിയിറങ്ങുന്ന ശെമ്മാശനോടുള്ള മേരിയുടെ പിണക്കം പാടേ അങ്ങു മാറും. ആ നാട്ടിലെ പ്രമുഖ കുടുംബാംഗമായ ജോണിയെ സാധുക്കളുടെ വീട്ടിൽ കയററിയതിൽ അവൻെറ അമ്മയ്ക്കു അല്പം നീരസം ശെമ്മാശനോടു തോന്നിയെങ്കിൽ അതു വെറും സ്വാഭാവികമെന്നേ പറയുവാനുള്ളു.

കാലം അതിൻെറ പൊൻചിറകുകൾ വിരിച്ചു് നാലഞ്ചുവത്സരം പറന്നു. ബ്രദർ ജയിംസിൻെറ പുത്തൻകുർബാനയുടെ വിവരം പള്ളിയിൽ പ്രസിദ്ധംചെയ്തു. ഇടവകയിലെ ആബാലവൃദ്ധം ജനങ്ങൾക്കും ആ സദ്വാൎത്ത ഒരു സുവിശേഷമായിരുന്നു. ഇടവകക്കാരുടെ പൊതുയോഗത്തിൽ നവവൈദികനു് ഒരു വമ്പിച്ച സ്വീകരണവും, മംഗളപത്രവും, അദ്ദേഹത്തിൻെറ പ്രേഷിതരംഗത്തേക്കുള്ള യാത്രാവേളയിൽ ഒരു സെൻറ്ഓഫും, പണക്കിഴിയും. ഐകകണ്ഠ്യേന അവ തീരുമാനിക്കപ്പെട്ടു. മിഷൻലീഗും സൊഡാലിററിയും സംഘടിച്ചു് അവരുടേതായിട്ടുള്ള ചിലചില ആഘോഷപരിപാടികൾ ആവിഷ്കരിച്ചു. അവരുടെ തീരുമാനങ്ങളിൽ ഒന്നു് ഇതുവരേയും അവിടെങ്ങും നടന്നിട്ടില്ലാത്ത ഒന്നായിരുന്നു. ഒരു പുതിയ പരിപാടിയായിരുന്നു അതു്—ഒരാൾ നവവൈദികനെ അനുഗമിക്കണം മിഷൻരംഗംവരെ. പററുമെങ്കിൽ അദ്ദേഹത്തെ സഹായിച്ചുകൊണ്ടു് മിഷൻരംഗങ്ങളിൽ പ്രവൎത്തിക്കണം. ദൂരദേശത്തേക്കു വിദ്യാഭ്യാസത്തിനും മററുമായി കുട്ടികൾ പോകാറുണ്ടല്ലോ, അതുപോലെ കണക്കാക്കിയാൽ മതി ഇതും. അതായിരുന്നു അവരുടെ വാദഗതി.

ആരാണു് കാടും മേടുംകടന്നു് മിഷൻരംഗത്തിലേക്കു ആ നവവൈദികനെ അനുഗമിക്കുവാൻ തയ്യാറുള്ളതു്? സമ്മേളനത്തിൽ അതൊരു ചോദ്യചിഹ്നമായി ഉയൎന്നുനിന്നു. എല്ലാവൎക്കും സമ്മതം, പക്ഷെ ഓരോരുത്തനും വിസമ്മതം. മാതാപിതാക്കളാണു് ചിലരുടെ തടസ്സം. അനാരോഗ്യം മററു ചിലരുടേതു്. പ്രായക്കുറവു്, അതാണു് മൂന്നാമതൊരുകൂട്ടരുടേതു്. ഒഴിവുകഴിവുകളുടെ ഒരു നീണ്ട പട്ടിക ഓരോരുത്തനും തയ്യാറാക്കി. എന്നാൽ ജോണിക്കു തടസ്സങ്ങളൊന്നുമില്ല. അവൻ തയ്യാറാണു് അവൻെറ പ്രിയപ്പെട്ട കൊച്ചച്ചനെ അനുഗമിക്കുവാൻ. അപ്പച്ചൻേറയും അമ്മച്ചിയുടേയും സമ്മതം ഉണ്ടാകുമെന്നു അവൻ തീൎത്തും വിശ്വസിച്ചു. പക്ഷെ അതൊരു "പിള്ളകളി"യാണെന്നു് മററുള്ളവർ പറഞ്ഞുതള്ളി. "ഈ കൊച്ചു് ആ മലനാട്ടിൽ ചെന്നിട്ടു് എന്തു ചെയ്യാൻ?" പക്വമതികൾ ചോദിച്ചുപോയങ്ങനെ. മേരിക്കു ഒട്ടും സമ്മതമുണ്ടായിരുന്നില്ല അവളുടെ ഏകമകനെ പിരിഞ്ഞു് ഒരു രാത്രിയെങ്കിലും കഴിക്കുവാൻ. മാത്തച്ചനും ജോണിയെ ഈ "സാഹസ"ത്തിനു അനുവദിക്കുവാൻ ഇഷ്ടമുണ്ടായില്ല. എങ്ങനെ ഇഷ്ടമുണ്ടാകാനാണു്. അനവധിനാളത്തെ പ്രാർത്ഥനയുടേയും നേർച്ചകാഴ്ചകളുടേയും ഫലമാണു് രണ്ടു പെൺകുട്ടികൾക്കുശേഷമുണ്ടായ ആ ആൺകുഞ്ഞു്. പതിനാറുകൊല്ലമായിട്ടും ജോണിയെ അവർ കൺകുളിർക്കെ കണ്ടിട്ടില്ല അങ്ങനെയുള്ള "ഓമനജോണി" അവരിൽനിന്നു വേർപിരിയുവാനോ? ഹാ! അതവൎക്കു് ഓൎക്കുവാൻപോലും സാദ്ധ്യമല്ലായിരുന്നു. ജോണിയുടെ മിഷൻപ്രേമവാൎത്ത നാടാകെ പരന്നു. അവനും പോകണം മിഷനു്!

പുത്തൻകുർബാനയും കഴിഞ്ഞു് കൊച്ചച്ചൻ വീടുകൾതോറും കയറിയിറങ്ങി യാത്രപറഞ്ഞു. പലരും പലതും സമ്മാനിച്ചു. പണവും പ്രാൎത്ഥനയും വാഗ്ദാനംചെയ്തു. പലരും ഭാവിയിൽ തന്നെ അനുധാവനംചെയ്തുകൊള്ളാമെന്നു ഉറപ്പുകൊടുത്തു. മിഷൻസ്പിരിററു് കയറിബാധിച്ചിരുന്ന കുട്ടികളുടെ വാഗ്ദാനമായിരുന്നു അതു്.

പണ്ടുമുതലേ അവിടത്തെ വിശിഷ്ടാതിഥിയായിരുന്ന ശെമ്മാശൻ ഒരു കൊച്ചച്ചനായിട്ടാണു് ഇന്നു മാത്തച്ചൻമുതലാളിയുടെ—തൻെറ ഏററവും വലിയ ഉപകാരിയുടെ—വീട്ടിൽ വന്നിരിക്കുന്നതു്. ആ കുടുംബത്തിൽനിന്നു ഒരു വൈദികനുണ്ടായാലുള്ള സന്തോഷം അവർ അനുഭവിച്ചു. അല്ലാ! അവരുടേതല്ലേ ആ കൊച്ചച്ചൻ. നവവൈദികനുവേണ്ടി രാജകീയമായ ഒരു സ്വീകരണമാണു് അവിടെ നടത്തിയതു്. വിഭവസമൃദ്ധമായ ഒരു ഡിന്നർപാർട്ടിയും. അവരുടെ സഹായത്താൽ പഠിച്ച ജയിംസച്ചൻെറ തിരുതൈലംപൂശിയ കരങ്ങൾ മുട്ടുകുത്തി ചുംബിച്ചപ്പോൾ, മേരിക്കും മാത്തച്ചനും, ഡേയ്സിക്കും ലില്ലിക്കും, ജോണിക്കുമുണ്ടായ ആത്മസംതൃപ്തി ഒന്നു വേറെയായിരുന്നു. പ്രകൃതി അവരുടെ സന്തോഷത്തിൽ പങ്കുകൊണ്ടു. സൗരഭ്യസംവാഹിയായ ഇളംകാററു് അവരെ തലോടി കടന്നുപോയി.. എവിടേയും ആനന്ദം ഓളംവെട്ടി. പക്ഷെ ജോണിയുടെ മിഷനുപോക്കു്—ആ കുഴഞ്ഞ പ്രശ്നം—ഒരു ശോകച്ഛായകലൎത്തി ആ മധുരാന്തരീക്ഷത്തിൽ. ആ സംഗതിയെക്കുറിച്ചു് ഓൎക്കുകതന്നെ അസഹനീയമായിരുന്നു അവിടെ കൂടിയ ഓരോരുത്തൎക്കും. സഹോദരി ഡെയ്സിക്കു വലിയ വിഷമമില്ല, അതുപോലെതന്നെ ലില്ലിക്കും, ജോണിയെ പിരിയുന്നതിൽ. എന്തുകൊണ്ടെന്നാൽ അത്ര്യ്ക്കുണ്ടായിരുന്നു അവരുടെ മിഷൻപ്രേമം.

ആ പ്രശ്നത്തിനു എന്തെങ്കിലുമൊരു തീരുമാനമുണ്ടാകണമല്ലോ. "ജോണി മിഷനിൽ എന്തു ചെയ്യാൻ?" മേരിയായിരുന്നു അതു ചോദിച്ചതു്.

"കൊച്ചച്ചാ, അവൻ സിക്സ്ത്തു പാസ്സായിട്ടല്ലേ ഉള്ളു. കുറേക്കൂടി പഠിച്ചിട്ടു വന്നാൽ പോരേ?" ജോണിയുടെ അപ്പച്ചനായിരുന്നു ആ ചോദ്യകൎത്താവു്.

"അപ്പച്ചാ, അന്നെന്നെ വിടുമെന്നുണ്ടെങ്കിൽ, ഇന്നുതന്നെ എന്നെ അനുവദിക്കുക. ഞാൻ കൊച്ചുകുട്ടികളുടെ മിഷനറിയായിരിക്കും അവിടെ. ഞാൻ അവരെ കൊന്തചൊല്ലിക്കും, കുർബാനയ്ക്കൊരുക്കും, കുർബാനയ്ക്കു കൂട്ടും, വേദോപദേശം പഠിപ്പിക്കും, അമ്മച്ചീ, ഇതൊക്കെയാണു് ഞാൻ ചെയ്യാൻ ഉദ്ദേശിക്കുന്നതു്" ജോണി ഒററശ്വാസത്തിനു പറഞ്ഞു നിറുത്തി. ഡെയ്സിയും ലില്ലിയും ശബ്ദിച്ചില്ല.

ഇത്രനേരവും മൗനമായിരുന്ന കൊച്ചച്ചൻ ധൎമ്മസങ്കടത്തിലായി. "ജോണി, നീ നിൻെറ അപ്പച്ചനേയും അമ്മച്ചിയേയും അനുസരിക്കൂ."

ഇതുവരേയും ബ്രദർ ജയിംസിൻെറ ഒരു കാൎയ്യത്തിലും വിഷമം ഉണ്ടായിട്ടില്ലാത്ത ആ ദമ്പതിക്


### തൃശ്ശിവപേരൂർ ലൂർദ്ദ് പള്ളി

ബ: കേരള ഗവൺമെണ്ടിൽനിന്നുംസിദ്ധിച്ച D. Dis. Ins. 3-12216/56 നമ്പ്ര് ഓർഡർ അനുസരിച്ചു തുടങ്ങുന്ന

## പുതിയ മാസക്കുറി

111 നറുക്കു്. നറുക്കു് 1 ക്കു് 100 ക. 11100 ക. സല


ആദ്യനറുക്കെടുപ്പു്:— 1957 ഫെബ്രുവരി 11-ാംനു-

കുറിയിൽ കുറഞ്ഞതു് 1/32നറുക്കു് (3ക. 2 ണയുടെ വീതം) വരെ ചേരാവുന്നതാണു്.

കൂടുതൽ വിവരത്തിനും അപേക്ഷാഫാറത്തിനും കുറിയാപ്പീസിൽ ആവശ്യപ്പെടുക:-

TRICHUR, ) VICAR & TRUSTEE
15-11-1956 ) THE LOURDES CHURCH KURI OFFICE





Head Office Buildings, Trichur

## The South Indian Bank Ltd.

*(a Scheduled Bank)*

### Branches:—

| | | | |
|---|---|---|---|
| Alleppy | Gobichettipalayam | Manjeri | Ponani |
| Alwaye | Irinjalakuda | Mannarghat | Salem |
| Bhavani | Kollengode | Nilambur | Tirupur |
| Cochin | Kunnamkulam | Ottapalam | Trichur |
| Coimbatore | Kozhikode | Palghat | Wadakancheri |
| Ernakulam | Madras | Pollachi | |

ൾക്കു് ഈ പ്രശ്നം വലിയ അസ്വാസ്ഥതയ്ക്കു കാരണമായി.

മേരി കൊച്ചച്ചന്റെയും ജോണിയുടേയും മുഖത്തു മാറിമാറി നോക്കി. "അപ്പച്ചൻ പറയുന്നതുപോലെ ചെയ്യോ" അതു പറഞ്ഞിട്ടു് മേരി അങ്ങു മാറിനിന്നു.

"അവന്റെ ഇഷ്ടം അതാണെങ്കിൽ അമ്മച്ചി വിടട്ടെ" മാത്തച്ചനു് അത്രമാത്രമേ പറയുവാനുണ്ടായിരുന്നുള്ളു.

തീരുമാനിക്കേണ്ടതു ജയിംസച്ചന്റെ ചുമതലയായിത്തീർന്നു. "പെങ്ങളേ," അദ്ദേഹം മേരിയോടു പറഞ്ഞു: "അടുത്ത ക്രിസ്തുമസ് വെക്കേഷൻവരെ ജോണി എന്റെ കൂട്ടത്തിൽ പോന്നുകൊള്ളട്ടെ. അവിടത്തെ കുട്ടികളുടെ മിഷനറിയായിത്തീരുവാനുള്ള യോഗ്യതകളെല്ലാമുണ്ടവനു്. ക്രിസ്തുമസിനു ഞാൻ വരുമ്പോൾ അവനേയും കൊണ്ടുപോരാം."

എന്തെന്നില്ലാത്ത ഒരു മൂകത അല്പനേരത്തേക്കു ആ അന്തരീക്ഷത്തിൽ തങ്ങിനിന്നു. മേരി അവസാനം മൂകതയെ ഭേദിച്ചുകൊണ്ടു പറഞ്ഞു: "എന്നാൽ അച്ചന്റെ ഇഷ്ടമതാണെങ്കിൽ ജോണി ക്രിസ്തുമസ്‌വരെ പോകട്ടെ" മാത്തച്ചനോടാണു് അതവൾ പറഞ്ഞതു്.

മാത്തച്ചനും എതിരൊന്നും പറയുവാനുണ്ടായിരുന്നില്ല. ഡെയ്സിയും ലില്ലിയും അതു ശരിവച്ചു. ജോണി പോകുവാനുറച്ചു. ദിവസവും തീരുമാനിച്ചു. ഞായറാഴ്ച 9-30 നുള്ള എക്സ്പ്രസ്‌വണ്ടിക്കു്. ജോണി സന്തോഷംകൊണ്ടു തുള്ളിച്ചാടി. കൊച്ചച്ചൻ മററു വീടുകളിലേക്കായി ഇറങ്ങി.

ഒരു മിഷനറിയായി പ്രവർത്തിക്കുവാൻ പോകുന്ന ഓരോ രംഗങ്ങളും ജോണിയുടെ ഭാവനയിലൂടെ കടന്നുപോയി. അടുത്ത ഞായറാഴ്ച; ഒരു കൊല്ലത്തിനുശേഷമുള്ള ഒരു മഹാ ദിവസമായി അവനു തോന്നി. സ്കൂളിൽ നിന്നു ജോണിക്കു് ഒരു സെൻറ്ഓഫുണ്ടായിരുന്നു. മിഷൻലീഗും സൊഡാലിററിയും അൾത്താരസഖ്യവും സംയുക്തമായി ജോണിക്കു് യാത്രയയപ്പു നൽകി.

പോകുവാനുള്ള ദിവസമായി. അന്നാണു് ജോണിക്കു വീട്ടിൽനിന്നുള്ള സെൻറ്ഓഫ്. ആ ഇടവകയിലെ എല്ലാവരും മലയിൽ കുടുംബത്തിൽ വന്നുകൂടി. സ്ത്രീകളുടെ മദ്ധ്യത്തിൽനിന്നു് "മേരിയുടെ ഹൃദയമില്ലായ്മ"യെ ചോദ്യം ചെയ്തുകൊണ്ടു് ഒന്നു രണ്ടു കമ്പിക്കരയൻ കവിണിക്കാർ സംസാരിച്ചു. ചില പട്ടുസാരിക്കാർ മേരിയെ സ്തുതിച്ചു. "ഇവളാണോ തമ്പുരാനെ ആ കൊച്ചിനെ പെററതു്! അവളെന്തു മനുഷ്യത്തിയാ!" ഒരു അമ്മൂമ്മയുടെ ആക്ഷേപമായിരുന്നു അതു്. പള്ളിയിൽ നിന്നു കൊച്ചച്ചൻ വന്നു ജോണിയെ കൂട്ടിക്കൊണ്ടു പോകുവാൻ. നിമിഷങ്ങൾ പലതു കടന്നുപോയി. എല്ലാവരിലും ഒരു മ്ലാനത. ജോണിമാത്രം ഉല്ലാസഭരിതനായി കാണപ്പെട്ടു.

മാത്തച്ചൻ കൊച്ചച്ചനും ജോണിക്കുമായി ഓരോ പണക്കിഴി സമർപ്പിച്ചു. മേരി അടക്കുവാനാവാത്ത ഖേദത്തോടെ അവളുടെ ഏകമകന്റെ കവിൾത്തടത്തിൽ ഒരു നൂറു നറും ചുംബനങ്ങൾ അർപ്പിച്ചു. "മകനേ, ആഴ്ചയിൽ ഒരെഴുത്തുവീതം നീ എനിക്കയക്കണം കേട്ടോ" എന്നു പറഞ്ഞുകൊണ്ടു് ആ വത്സലമാതാവു് ഒരു കെട്ടു് കവറും കാർഡും മകനെ ഏല്പിച്ചു. ആ വേർപാടു് കണ്ടുകൊണ്ടു നില്ക്കുവാൻ കുഞ്ഞുസഹോദരിമാർക്കു് മനക്കട്ടി ഇല്ലായിരുന്നു. മുഖംപൊത്തിക്കരയുവാൻ തുടങ്ങി ലില്ലി; ഡെയ്സിയും അവളെ അനുകരിച്ചു. ഇതെല്ലാം കണ്ടുകൊണ്ടുനിന്ന കൊച്ചച്ചന്റെ മുഖമൊന്നു മങ്ങി, കണ്ണുകൾ നിറഞ്ഞു. എങ്കിലും പ്രകൃതിദത്തമായ മന്ദഹാസത്തോടെ അദ്ദേഹം എല്ലാവരോടും യാത്രപറഞ്ഞു. "കൊച്ചച്ചാ, എന്റെ ജോണിയെ നോക്കിക്കോണമേ." മേരിയുടെ അവസാനത്തെ അപേക്ഷയായിരുന്നു അതു്. അതു പറഞ്ഞപ്പോൾ അവളുടെ കണ്ഠം ഇടറുന്നുണ്ടായിരുന്നു. ദേഹം വിറയ്ക്കുന്നുണ്ടായിരുന്നു. "പെങ്ങൾ വിഷമിക്കേണ്ട; ജോണിയുടെ കാര്യം ഞാനേററു" അച്ചൻ അവരെ സമാശ്വസിപ്പിച്ചു.

അമ്പത്തിഅഞ്ചു മോഡൽ ഒരു പ്ലീമത്തുകാർ ഓടി വന്നു ഗെയിററിങ്കൽനിന്നു. അച്ചനും ജോണിയും, അവസാനം മാത്തച്ചനും കയറി അതിനകത്തു്. ഡെയ്സിയും ലില്ലിയും കൂടി കയറിപ്പററി കുഞ്ഞാങ്ങളയുടെ കൂടെ. മാത്തച്ചൻ മുതലാളിയുടെ കാർ അതിശീഘ്രം ഓടി രണ്ടുമൂന്നു വളവുകൾ തിരിഞ്ഞു് സ്റ്റേഷനിലെത്തി. എക്സ്പ്രസ് വണ്ടി വരുവാൻ ഇനി അധികം താമസമില്ല. പള്ളിയിൽനിന്നും രണ്ടാമത്തെ കുർബാനയും കഴിഞ്ഞു് എല്ലാവരും സ്റ്റേഷനിൽ എത്തിയിട്ടുണ്ടു്. കൂടെ വികാരിയച്ചനും. സേവനത്തിനുവേണ്ടി ജീവിതം കാഴ്ചവച്ച ആ കൊച്ചുമിഷനറിയേയും, ആ നവവൈദികനേയും ഒരു നോക്കുകൂടി കണ്ടു തൃപ്തിയടയുവാൻ അവർ അവിടെ കൂടിയിരിക്കുകയാണു്. ജോണിയെ സമീപിച്ചു് പലരും പലതും ചോദിക്കുന്നുണ്ടു്. സുസ്മേരവദനനായി അവൻ എല്ലാവരോടും യാത്ര പറഞ്ഞു.

സ്റ്റീവൻസൺ കണ്ടുപിടിച്ച ആവിവണ്ടി ഒരു കാട്ടാനയെപ്പോലെ അലറിയടുത്തു. അതിന്റെ ഗർജ്ജനംപോലുള്ള ചൂളംവിളി അന്തരീക്ഷത്തിൽ മാറെറാലിക്കൊണ്ടു. അതിലിരുന്ന യാത്രക്കാർ പതിവിൽ കവിഞ്ഞ ജനസമൂഹത്തെ സ്റ്റേഷനിൽ കണ്ടപ്പോൾ ജിജ്ഞാസുക്കളായി തല പുറത്തേക്കിട്ടുനോക്കി. നാടും വീടും, കാടും മേടും കടന്നു് "അങ്ങു മിഷനുപോകുവാൻ" ജോണിയും അച്ചനും വണ്ടിയിൽ കയറി. എല്ലാവരും ആർത്തുവിളിച്ചു. ജോണി പുഞ്ചിരിക്കുവാൻ ശ്രമിച്ചു. പക്ഷേ ആ ശ്രമം ഒരു നാടകത്തിലെ അവിദഗ്ദ്ധമായ അഭിനയംപോലെ അർത്ഥശൂന്യമായി പരിണമിച്ചുപോയി. ഡെയ്സിയും ലില്ലിയും കണ്ണുപൊത്തി വിമ്മിവിമ്മി കരഞ്ഞു. മാത്തച്ചൻ അവസാനമായി മകന്റെ തുടുത്ത കവിൾത്തടവും, അച്ചന്റെ അഭിഷിക്തമായ കൈത്തലങ്ങളും ചുംബിച്ചു. വികാരിയച്ചനെ നോക്കി ജോണി സ്തുതി ചൊല്ലിയതിനിടയിൽ ദീർഘമായ ഒരു ചൂളംവിളിയോടെ അവരേയും വഹിച്ചുകൊണ്ടു് ഉരുണ്ടു നീങ്ങിത്തുടങ്ങി ആ തീവണ്ടി. കണ്ണിൽനിന്നും മറയുന്നതുവരെ ആ ജനക്കൂട്ടം അവിടെ നില്ക്കുന്നതായിക്കണ്ടു തല പുറത്തേക്കിട്ടു നോക്കിനിന്ന ജോണിയും അച്ചനും. വളവും തിരിവും കഴിഞ്ഞു ഒരു മല കയറിയിറങ്ങിയപ്പോൾ ആളുകൾ വീടുകളിലേക്കു മടങ്ങി ഓരോന്നു പറഞ്ഞുകൊണ്ടു്.

× × ×

കൊച്ചച്ചന്റെ എഴുത്തു് പിറേറ ആഴ്ചയിൽ ലഭിച്ചു മാത്തച്ചനു്. ജോണിയുടെ കുറിപ്പുകളും അക്കൂട്ടത്തിലുണ്ടായിരുന്നു. അതു് എല്ലാവരും വായിച്ചു. പള്ളിയിലും ചില ഭാഗങ്ങളൊക്കെ. ആ കുറിപ്പുകൾ ജോണിയുടെ കൂട്ടുകാരെ അവനിലേക്കാകർഷിച്ചു; അതുപോലെ മിഷനിലേക്കും. അവർക്കും പോകണം മിഷനു്. രണ്ടു മാസത്തിനുശേഷം കൊച്ചച്ചൻ വീണ്ടും ഒരെഴുത്തയച്ചു. ജോണിയുടെ വിവിധ മിഷൻ പ്രവർത്തനത്തെ ചിത്രീകരിക്കുന്ന കുറെ സ്നാപ്പുകളതിലുണ്ടായിരുന്നു. കുറെ കറുത്ത കുട്ടികളുടെ മദ്ധ്യത്തിൽ, ഒരു മാലാഖായെപ്പോലെ നിന്നുകൊണ്ടു് ജോണിവേദോപദേശം പഠിപ്പിക്കുന്നു; കൊന്ത കൈയിൽ പിടിച്ചുകൊണ്ടു് മററുള്ളവരെക്കൊണ്ടു് ചൊല്ലിക്കുന്നു; അൾത്താരയിൽ ശുശ്രൂഷിക്കുന്നു; രണ്ടുകൊച്ചുകുട്ടികളെ രണ്ടെളികളിലുമായി എടുത്തു് മാമ്മോദീസക്കായി കൊണ്ടുവരുന്നു. എട്ടു പടങ്ങൾ!!! മേരിയുടെ ഹൃദയം സന്തോഷസാഗരത്തിൽ ആറാടി. ജോണിയെ മിഷനു സമ്മാനിക്കുവാൻ സാധിച്ചതിൽ അവൾ അഭിമാനംകൊണ്ടു. ആ ഗ്രാമത്തിലെ മറെറാരു മാതാവിനും കിട്ടാത്ത ഒരു ദിവ്യാനുഗ്രഹം. മാത്തച്ചൻ പുളകം പൂണ്ടു. സഹോദരിമാർക്കു് അസൂയതോന്നി. ആ പടങ്ങളും ഇടവകയിലെങ്ങും കൈമാററം ചെയ്യപ്പെട്ടു. ആ പടങ്ങൾ എല്ലാം ജോണിയുടെ കൂട്ടുകാരെ മിഷനിലേക്കു ആകർഷിച്ചു. അവർക്കും പോകണം മിഷനു്. വികാരിയച്ചൻ ജോണിയുടെ മാതൃകയെ പ്രശംസിച്ചു് മിഷൻലീഗു മീററിംഗിൽ പ്രസംഗിച്ചു. ജോണിയുടെ രൂപം ആയിരങ്ങളുടെ ഹൃദയത്തിൽ ആഞ്ഞു പതിഞ്ഞു.

എഴുത്തുകൾ വീണ്ടും വന്നുകൊണ്ടിരുന്നു വീടിനും നാടിനും ആഹ്ളാദം നൽകിക്കൊണ്ടു്. ജോണിയുടെ നിസ്തുലസേവനങ്ങളെക്കുറിച്ചു കേൾക്കുമ്പോൾ ആ നല്ല മാതാപിതാക്കൾ സ്വയം മറന്നു പോകാറുണ്ടു്. അച്ചന്റെ ഓരോ എഴുത്തിനും മറുപടിയായി ഓരോ തുക മിഷനു് സംഭാവന ചെയ്തു മലയിൽ കുടുംബം.

മാസങ്ങൾ പലതു് ഓടി മറഞ്ഞു പല സംഭവവികാസങ്ങൾക്കു് ദൃക്സാക്ഷിയായിക്കൊണ്ടു്. ക്രിസ്തീയ ജനതയ്ക്കാകമാനം സന്തോഷവും ഉന്മേഷവും പ്രദാനം ചെയ്യുവാൻ, ആയിരമായിരം പൊൻപ്രതീക്ഷകളുമായി, ക്രിസ്തുമസ് സമാഗമിക്കുകയാണു്. ജോണിയും കൊച്ചച്ചനും—അവരാണു് ഇന്നത്തെ സംസാരവിഷയം, ആ ഇടവകക്കാരെ സംബന്ധിച്ചു്. അവർ വരും—അതാണവരുടെ പ്രതീക്ഷ—അങ്ങനെയാണു് അവരെ എഴുതി അറിയിച്ചിരിക്കുന്നതും. ക്രിസ്മസ് ദിനം പ്രതീക്ഷിച്ചു് അവർ നിമിഷങ്ങൾ തള്ളിനീക്കുകയാണു്.

× × ×

അങ്ങനെ അവർ കാത്തിരുന്ന ക്രിസ്മസ് ദിനം സമാഗമിച്ചു. എങ്ങും ആനന്ദമയം. മലയിൽകുടുംബത്തിൽ ജോണിയുടെ അഭാവം ഒരു ശോകച്ഛവി പരത്തി. മാത്തച്ചനും മേരിയും, ഡെയ്സിയും ലില്ലിയും പുറത്തേക്കു നോക്കിക്കൊണ്ടിരിക്കുകയാണു്, അവരുടെ മദ്ധ്യേ കാണേണ്ടതായ തങ്കക്കുടത്തെ പ്രതീക്ഷിച്ചുകൊണ്ടു്. വികാരിയച്ചന്റെ സമാഗമം അവരെ അല്പമൊന്നു ആഹ്ളാദിപ്പിച്ചു. ക്രിസ്മസിന്റെ മംഗളങ്ങൾ പരസ്പരം നേർന്നുകൊണ്ടു് അവർ സംഭാഷണത്തിൽ ഏർപ്പെട്ടു. ജോണിയെക്കുറിച്ചുമാത്രമേ അന്നവർ സംസാരിച്ചുള്ളു. ആ കുടുംബം മിഷനു ചെയ്ത സേവനം, മേരിയുടെ മഹാമനസ്കത, മാത്തച്ചന്റെ ഉദാരബുദ്ധി...അങ്ങനെ പലതും പറഞ്ഞു ആ വൈദികൻ. അവരുടെ കണ്ണുകൾ പടിക്കലേക്കുതന്നെ തിരിഞ്ഞിരുന്നു. ജോണിക്കായി ഉണ്ടാക്കിവച്ചിരുന്ന വിശിഷ്ടപലഹാരങ്ങളുടെ മണം അവിടെങ്ങും പരന്നുനിന്നു.

മണിക്കൂറുകൾ ഒന്നു രണ്ടു ഓടിക്കടന്നു. പെട്ടെന്നു് പടിക്കൽ ഒരു കാർ വന്നുനിന്നു. മേരിയും മാത്തച്ചനും സന്തോഷിച്ചു. ഡെയ്സിയും ലില്ലിയും തുള്ളിച്ചാടി പുറത്തുകടന്നു. വികാരിയച്ചനും അവരെ അനുഗമിച്ചു. ചിരപ്രതീക്ഷിതമായ ആ സമാഗമത്തിൽ ഹൃദയങ്ങൾ വിവിധ വികാരങ്ങളാൽ തിരതല്ലിയിരുന്നു. അവർ പാർലറിൽ സമ്മേളിച്ചു. മിഷ്യനെ സംബന്ധിച്ച വിവരങ്ങൾ ഗ്രഹിക്കുവാൻ മലയിൽകുടുംബത്തിലേക്കു ജനങ്ങൾ തിങ്ങിക്കൂടി. അവരുടെ സ്നേഹധാമമായ ജോണിയിൽനിന്നു ആ വിവരണങ്ങൾ കേൾക്കുന്നതിനുള്ള അവരുടെ ആഗ്രഹം അടിക്കടി വർദ്ധിച്ചുവന്നു. ആ ഇടവകയിലെ ഒരു മിഷ്യൻ കേന്ദ്രമായി മലയിൽ കുടുംബം. ആഴ്ചകൾ ചിലതു കടന്നുപോയി. ക്രിസ്മസ്സ് അവധിക്കാലം കഴിഞ്ഞു ജെയിംസച്ചൻ തിരിച്ചുപോകാനുള്ള സമയമായി. ഇത്തവണ യാത്രയയപ്പുസംബന്ധിച്ച ഒരു പ്രശ്നവും ഉദിച്ചില്ല. മിഷ്യൻരംഗത്തേക്കു ജെയിംസച്ചൻമാത്രമല്ല, ഒരു മിഷ്യനറിവൈദികനാകുന്നതിനു സെമ്മിനാരിയിൽ ചേരാൻ ജോണിയും, മിഷ്യനിൽ സേവനമനുഷ്ഠിക്കുവാൻ സന്യാസിനീസഭയിൽ ചേരുവാൻ ഡെയ്സിയും ലില്ലിയും യാത്രയായിക്കഴിഞ്ഞു. മാത്തച്ചനും മേരിയും യാതൊരു തടസ്സവും പറഞ്ഞില്ലെന്നു മാത്രമല്ല, ഈ വലിയ അനുഗ്രഹത്തെ ആ കുടുംബത്തിനു പ്രദാനം ചെയ്ത നല്ല ദൈവത്തെ ഹൃദയപൂർവ്വം സ്തുതിക്കുകയും ചെയ്തു. ഇന്നും മലയിൽകുടുംബം മിഷ്യനെ പോഷിപ്പിക്കുന്ന ഒരു ശക്തികേന്ദ്രമായി പരിലസിക്കുകയാണു്, ആ ചെറിയ ഇടവകയിൽ.

---

(11-ാം പേജ് തുടർച്ച)

വൻ നിന്നെ ഭരിക്കുകയുംചെയ്യും" (സൃ. III, 16) ശാരീരികമായ വേദനകളെ മാത്രമാണോ ഇവിടെ ഉദ്ദേശിക്കുന്നതു്? "വേദനകളോടെ" എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു് വേദനകളെ ലഘൂകരിക്കുവാനോ, വേദനയിൽനിന്നു് ഒഴിഞ്ഞിരിക്കാൻ ശ്രമിക്കാനോ പാടില്ലെന്നു് അർത്ഥമുണ്ടോ? മാർപ്പാപ്പാ തിരുമനസ്സിലെ പ്രഭാഷണത്തിൽ ഈ ചോദ്യങ്ങൾക്കു മറുപടി നൽകിയിരുന്നു.

1956 ജനുവരി 8-ാം തീയതി 700 ഡോക്ടർമാരോടും സൂതികർമ്മിണികളോടുംചെയ്ത ഒരു പ്രഭാഷണത്തിലാണു് പരിശുദ്ധ പിതാവു് വേദനാരഹിതമായ പ്രസവത്തെപ്പററിയുള്ള ഈ പ്രഖ്യാപനംചെയ്തതു്. യാതൊരു കൃത്രിമമാർഗ്ഗങ്ങളും ഉപയോഗിക്കാതെ, മാതാവിന്റെ സ്വാഭാവികമായ ശക്തികളെമാത്രം ഉപയോഗപ്പെടുത്തിയുള്ള വേദനാരഹിതമായ ഒരു സമ്പ്രദായത്തെപ്പററിയാണു് തിരുമേനി പ്രസ്താവിച്ചതു്. ഗർഭിണിയിൽനിന്നും ഭയത്തെ ഒഴിവാക്കിയും മാംസപേശികളെ ശരിയായി നിയന്ത്രിക്കാൻ പഠിപ്പിച്ചും, വിദഗ്ദ്ധരായ പരിചാരികമാരുടെ ശുശ്രൂഷനൽകിയുമാണു് പ്രസവത്തിൽ വേദന ഇല്ലാതാക്കുന്നതു്. ആദ്യന്തം മാതാവു് ബോധവതിയായിരിക്കും. തങ്ങൾ നിർവ്വഹിക്കുന്ന കർത്തവ്യത്തിന്റെ മഹത്വം ഗ്രഹിക്കുന്നതിനു് ഓരോ മാതാവിനും സാധിക്കുന്നുമുണ്ടു്.

"ഈ പദ്ധതി ധാർമ്മികമായി കുററമററതാണോ?" എന്നു ചോദിച്ചുകൊണ്ടു് പരിശുദ്ധ പിതാവു സുദീർഘമായി അതിനു മറുപടി പറയുകയും, ധാർമ്മികമായ നിലയിൽനിന്നു കുററംപറയത്തക്കതായി എന്തെങ്കിലും അതിൽ ഉണ്ടായിരിക്കുന്നില്ലെന്നു ചൂണ്ടിക്കാണിക്കുകയും ചെയ്തിരിക്കുന്നു. ഈ പദ്ധതിയുടെ വിഷയത്തേയും ഉദ്ദേശ്യത്തേയും പ്രേരണയേയും വിശകലനംചെയ്തശേഷമാണു് തിരുമേനി ഈ പ്രഖ്യാപനം ചെയ്തതു്. ഐന്ദ്രികസംവേദനങ്ങളെപ്പററി ശരിയായ ബോധമുണ്ടാകുക, അടിസ്ഥാനരഹിതമായ ഉൽക്കണ്ഠയും ഭയവും ഒഴിവാക്കുക, വിദഗ്ദ്ധമായ പരിചരണം ലഭിക്കുക, പ്രകൃതിയുമായി സഹകരിക്കുക, ആത്മനിയന്ത്രണത്തോടും ശാന്തതയോടുംകൂടെ വർത്തിക്കുക, മാതൃത്വത്തിന്റെ മാഹാത്മ്യത്തെപ്പററി ബോധവതിയായിരിക്കുക ഇതൊക്കെ ഒരുവിധത്തിലും കുററപ്പെടുത്തിക്കൂടാത്ത സൽഗ്ഗുണങ്ങളും സ്രഷ്ടാവിന്റെ ഇച്ഛയ്ക്കു പൂർണ്ണമായി അനുരോധവുമാണെന്നു തിരുമേനി പ്രസ്താവിച്ചു.

ഈ പദ്ധതിയുടെ വേദശാസ്ത്രപരമായ നിലയേയും തിരുമേനി ചൂണ്ടിക്കാണിച്ചു. അതു ക്രിസ്തുമതത്തിനോ വേദപുസ്തകത്തിനോ എതിരല്ലെന്നും, ഈ പദ്ധതി സ്വീകരിക്കുന്നതിനെതിരായി ക്രൈസ്തവതത്വശാസ്ത്രത്തിലോ സംസ്കാരത്തിലോ യാതൊന്നുമില്ലെന്നും പരിശുദ്ധ പിതാവു പറഞ്ഞു. "വേദനകളോടുകൂടെ കുട്ടികളെ പ്രസവിക്കുക"യെന്ന വേദപുസ്തകവാക്യം ഉദ്ധരിച്ചുകൊണ്ടു് തിരുമേനി പറഞ്ഞു: "നമ്മുടെ ആദിമാതാപിതാക്കന്മാർക്കും സന്താനപരമ്പരകൾക്കും ഈ ശിക്ഷ നൽകിയപ്പോൾ, സൃഷ്ടിയിലെ എല്ലാ സമ്പത്തുകളേയും മനുഷ്യർ ഉപയോഗിക്കുന്നതിനെ തടയണമെന്നു സ്രഷ്ടാവു് ഉദ്ദേശിച്ചിരുന്നില്ല; അവിടുന്നു തടഞ്ഞിട്ടുമില്ല. ഈ ലോകജീവിതം കൂടുതൽ സഹ്യവും മെച്ചവുമാക്കിത്തീർക്കുന്നതിനേയോ, പ്രയത്നം ക്ഷീണം വേദന, രോഗം, മരണം മുതലായവയുടെ ഭാരത്തെ ലഘൂകരിക്കുന്നതിനേയോ—ഒററവാക്കിൽ പറഞ്ഞാൽ ലോകത്തെ കീഴടക്കുന്നതിനെ (സൃഷ്ടി I, 28) അവിടുന്നു തടഞ്ഞിട്ടില്ല. അതുപോലെ ഹവ്വായെ ശിക്ഷിച്ചതിൽ, പ്രസവം എളുപ്പവും വേദനകുറഞ്ഞതുമാക്കിത്തീർക്കുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിൽനിന്നു മാതാക്കളെ അവിടുന്നു തടഞ്ഞിട്ടില്ല."

തിരുമേനി തുടർന്നു പറഞ്ഞു "വേദപുസ്തകത്തിലെ വാക്കുകൾ സ്രഷ്ടാവു് ഉദ്ദേശിക്കുകയും പ്രകടിപ്പിക്കുകയും ചെയ്ത അർത്ഥത്തിൽ യഥാർത്ഥമായിതന്നെ സ്ഥിതിചെയ്യുന്നു. അതായതു് മാതൃത്വം മാതാവിനു വളരെയധികം വേദന പ്രദാനംചെയ്തുകൊണ്ടിരിക്കുന്നു. ഈ ശിക്ഷ ഏതു പ്രത്യേകരൂപത്തിലാണു് ദൈവം ഉദ്ദേശിച്ചതെന്നോ, അതു് അവിടുന്നു എങ്ങനെയാണു നടപ്പിൽ വരുത്തുന്നതെന്നോ വേദപുസ്തകം പറയുന്നില്ല." പ്രസവം വേദനാരഹിതമാക്കാമെന്നും വേദപുസ്തകം അതിനെ നിരോധിക്കുന്നില്ലെന്നും പ്രസ്താവിച്ചശേഷം, യാതൊരു മനസ്സാക്ഷിക്കടിയും കൂടാതെ മാതാക്കൾക്കു് ഈ പദ്ധതി സ്വീകരിക്കാമെന്നു തിരുമേനി അനുശാസിക്കുന്നു. എന്നാൽ അതു സ്വീകരിക്കാതിരിക്കാനുള്ള സ്വാതന്ത്ര്യവും അവർക്കുണ്ടു്.

ആകയാൽ പരിശുദ്ധ പിതാവു വേദനകൂടാതെയുള്ള പ്രസവത്തെ സ്വാഗതംചെയ്തതു് ശരിയാണെന്നും അതിൽ ധാർമ്മികമായോ വേദശാസ്ത്രപരമായോ പിശകൊന്നുമില്ലെന്നും വ്യക്തമാണല്ലോ. മുന്നുദ്ധരിച്ച വേദപുസ്തകവാക്യത്തെ അക്ഷരാർത്ഥത്തിൽ ധരിക്കുന്നപക്ഷം അതിനടുത്ത വാക്യത്തേയും അങ്ങനെതന്നെ ധരിക്കേണ്ടിവരും. "നീ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു. നിന്റെ ജീവിതകാലം മുഴുവൻ ദുഃഖങ്ങളോടുകൂടെ നീ ഭക്ഷിക്കും" (സൃഷ്ടി III, 17) എന്നാണല്ലോ ദൈവം ആദത്തെ ശിക്ഷിച്ചതു്. ഭക്ഷണം കഴിക്കാനിരിക്കുമ്പോഴൊക്കെ കരയണമെന്നല്ലല്ലോ ഇതിനർത്ഥം.

—o—

# എത്യോപ്യൻസഭയും യാക്കോബായസഭയും

## ഇവ തമ്മിലുള്ള ഐക്യം അഭിലഷണീയമോ?

(ഫാദർ തോമസ് വടക്കേരി എൽ. ഡി.)

(തുടർച്ച)

"എത്യോപ്യൻ ചക്രവർത്തിക്കു സ്വാഗതം" എന്ന ശീർഷകത്തിൽ മലയാളമനോരമ എഴുതിയ മുഖപ്രസംഗത്തിൽ ഇപ്രകാരം പറയുന്നു: "അവിടുന്നു ചക്രവർത്തി തിരുമനസ്സുകൊണ്ടു് എത്യോപ്യയിലെ കോപ്റ്ററിക്കുസഭയുടെ ലൗകികപരമാധികാരികൂടെയാണു്... ഭാരതത്തിലെ പൗരസ്ത്യസഭയും വിദേശീയപൗരസ്ത്യസഭയും തമ്മിൽ സ്ഥായിയായ ഒരു ബന്ധം സ്ഥാപിക്കുന്നതിനു് ഈ രാജകീയസന്ദർശനം തീർച്ചയായും സഹായകരമായ ഒരു ഉപാധിയായി ഉപകരിക്കുമെന്നു പ്രതീക്ഷിക്കാം." (മനോരമ, 1956 ഒക്ടോബർ 28, മുഖപ്രസംഗം)

എത്യോപ്യൻസഭയോടു യാക്കോബായസഭ സ്ഥായിയായ ബന്ധം പിടിച്ചാൽ ഗുണമാണോ, ദോഷമാണോ ഉണ്ടാകുന്നതെന്നു സഭാനേതാക്കന്മാർ തലപുകച്ചു ചിന്തിക്കേണ്ടതത്രേ. എത്യോപ്യൻസഭയിൽനിന്നു മലങ്കരയാക്കോബായസഭയ്ക്കു എന്തെങ്കിലും ആദ്ധ്യാത്മികഗുണം ലഭിക്കത്തക്കവണ്ണം ആ സഭയ്ക്കു യാക്കോബായസഭയെക്കാൾ എന്തെങ്കിലും മേന്മയുണ്ടോ? ഇപ്പോഴത്തെ ചക്രവർത്തി തിരുമനസ്സിലെ ഭരണത്തിൽ എത്യോപ്യാ ഏട്ടുപത്തു കൊല്ലമായി രാഷ്ട്രീയമായ പുരോഗതി പ്രാപിച്ചുവരുകയാണെങ്കിലും പരിഷ്കാരത്തിലും സംസ്കാരത്തിലും ലോകത്തിലേക്കുംവച്ചു വളരെ പിന്നണിയിൽ നില്ക്കുന്ന ഒരു ക്രൈസ്തവജനവിഭാഗമാണു് എത്യോപ്യയിലുള്ളതു്. "എവരിമേൻസ് എൻസൈക്ലോപീഡിയാ" എന്ന സുപ്രസിദ്ധ ഗ്രന്ഥസഞ്ചയത്തിൽ എത്യോപരെപ്പററി പറഞ്ഞിരിക്കുന്നതു കേട്ടാലും: "In character the Abyssinians (Ethiopians) as a whole are indolent, easily appeased when offended, vain and selfish. Morally they are lax, and marriage laws are lightly regarded. Indeed, polygamy is a common practice: Their religion consists of a less enlightened Christianity and since their conversion in the fourth century they have kept their connection with the Alexandrian Church through a coptic headbishop." (Everyman's Encyclopedia, Vol, I, 1949-50-Abyssinia p. 36) പരിഭാഷ: "സ്വഭാവത്തിൽ അബിസീനിയർ (എത്യോപ്യർ) പൊതുവെ നിരുത്സാഹരും, ദ്രോഹിക്കപ്പെട്ടാൽ പെട്ടെന്നു ശാന്തരാകുന്നവരും, വ്യർത്ഥരും, സ്വാർത്ഥരുമാണു്. സാന്മാർഗ്ഗികകാര്യങ്ങളിൽ അവർ ശിഥിലരും, വിവാഹനിയമങ്ങളെ നിസ്സാരമായി കരുതുന്നവരുമാകുന്നു. ബഹുഭാര്യാത്വം അവരുടെ ഇടയിൽ സർവ്വസാധാരണമത്രേ. ക്രിസ്തുമതത്തിൽ ശ്രേഷ്ഠത വളരെ കുറഞ്ഞ ഒന്നാണു് അവരുടെ മതം. നാലാം ശതാബ്ദത്തിലുണ്ടായ അവരുടെ മാനസാന്തരത്തിനുശേഷം ഈജിപ്തായനായ ഒരു മെത്രാൻെറ മേധാവിത്വത്തിൽ അലക്സാണ്ട്റിയാസഭയോടു അവർ ബന്ധം പാലിച്ചുവരുന്നു" (എവരിമേൻസ് എൻസൈക്ലോപീഡിയാ, വാല്യം 1, 1949-50, പുറം 36). അലക്സാണ്ട്റിയാ പാത്രിയർക്കീസിനോടുള്ള ബന്ധം പരിത്യജിച്ചു് എത്യോപ്യൻസഭ അടുത്തകാലത്തു സ്വതന്ത്രസഭയായിത്തീന്നു എന്നല്ലാതെ മററു കാര്യങ്ങളിൽ എത്യോപ്യൻസഭയിൽ ഇപ്പോഴും സാരമായ വ്യത്യാസമൊന്നും ഉണ്ടായിട്ടില്ല.

ഡൊനാൾഡ് അററ്‌വാട്ടർ എന്ന ദേഹം സുപ്രസിദ്ധനായ ഒരു ഗ്രന്ഥകാരനാണു്. അദ്ദേഹം സ്വദേശമായ ഇംഗ്ലണ്ടിൽനിന്നും യാത്രപുറപ്പെട്ടു് 1917 മുതൽ 1920 വരെ പൗരസ്ത്യദേശങ്ങളിൽ വസിച്ചു് പൗരസ്ത്യസഭകളെപ്പററി പ്രത്യേകപഠനം നടത്തുകയുണ്ടായി. സ്വദേശത്തു തിരിച്ചുവന്നശേഷവും അദ്ദേഹം തൻെറ പഠനങ്ങൾ തുടന്നുകൊണ്ടിരുന്നു. ഒടുവിൽ 1935-ൽ "കത്തോലിക്കാ പൗരസ്ത്യസഭകൾ" (The Catholic Eastern Churches), "വിഭിന്ന പൗരസ്ത്യസഭകൾ" (The dissident Eastern Churches) എന്നിങ്ങനെ രണ്ടു വിപുലഗ്രന്ഥങ്ങൾ അദ്ദേഹം പ്രസിദ്ധപ്പെടുത്തി. പണ്ഡിതന്മാരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു ഈ രണ്ടു ഗ്രന്ഥങ്ങളും പാത്രീഭവിച്ചിരിക്കുന്നു. 1948-ൽ ഈ ഗ്രന്ഥങ്ങൾക്കു രണ്ടിനും പരിഷ്കരിച്ച രണ്ടാംപതിപ്പുണ്ടായി. പൗരസ്ത്യദേശത്തെ ക്രൈസ്തവസഭകൾ—"റോമ്മായുടെഐക്യത്തിലല്ലാത്ത സഭകൾ" (The Christian Churches of the East—Churches not in Communion with Rome) എന്ന പുതിയ പേരിൽ പ്രസിദ്ധപ്പെടുത്തിയ ഈ ഗ്രന്ഥത്തിൻെറ രണ്ടാം വാല്യത്തിൽ എത്യോപ്യൻസഭയെപ്പററി അററ്‌വാട്ടർ ഇപ്രകാരം രേഖപ്പെടുത്തുന്നു: "ഈ സഭയിൽ പറയത്തക്കവിധം ഗണ്യമായ സംഖ്യയിൽ ശമ്മാശന്മാരില്ല. ലോകത്തിലെ വൈദികരിൽവച്ചു് ഏററവും കുറവുള്ള സംഖ്യയാണു് അവരുടേതു്. പൊതുവെ വൈദികർക്കു ഒരു പരിശീലനമില്ല. പരീക്ഷായോഗ്യതയോ, കാര്യശേഷിയെ സംബന്ധിച്ചുള്ള സാക്ഷിപത്രങ്ങളോ ഒന്നുമില്ലാതെ പലഗഡുക്കളിലായി അവർക്കു പട്ടം നൽകിവരുന്നു. തന്നിമിത്തം അജ്ഞത, ദുഷ്ടജീവിതം, കൈക്കൂലികൊടുത്തുകൊണ്ടു് വൈദികസ്ഥാനങ്ങളിൽ പ്രവേശിക്കുക മുതലായ ഇടർച്ചകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഗീസ് എന്ന അവരുടെ ആരാധനഭാഷപോലും അറിഞ്ഞുകൂടാത്തവരാണു് ഈ പട്ടക്കാർ. അവരിൽ ചിലർ ഒരിക്കലും പൗരോഹിത്യപരമായ കർമ്മങ്ങൾ അനുഷ്ഠിക്കുകതന്നെയില്ല. അവർ പ്രസംഗിക്കയോ, ഇടവകജനങ്ങളെ മററുപ്രകാരത്തിൽ ഉപദേശിക്കയോ ചെയ്യുകയില്ല......ആറാംപട്ടക്കാരെ (ഡീക്കന്മാരെ) ചെറുപ്രായത്തിൽതന്നെ പട്ടക്കാരാക്കുന്നു......പള്ളികളിൽ പാട്ടുപാടുന്ന അൽമായക്കാർക്കാണു് വൈദികരേക്കാൾ ജ്ഞാനമുള്ളതു്. അവർ സ്കൂളുകളിൽ പഠിപ്പിക്കുന്നു. ഇവരുടെ സഹായമില്ലാതെ പട്ടക്കാർക്കു മതകർമ്മങ്ങളൊന്നും നടത്തുവാൻ സാധിക്കയില്ല. പട്ടക്കാരേക്കാൾ ഇവർ ഉയന്നവരാണെന്നത്രേ ഇവരുടെ ഭാവം! ......സന്യാസിമാർ ഇടവകപ്പട്ടക്കാരേക്കാൾ ബഹുമാനിക്കപ്പെട്ടുവരുന്നു. എന്നാൽ ഇവരിൽ പലരുടേയും ജീവിതം വളരെ ശിഥിലവും, ജീവിതരീതി വളരെ താണതുമാണു്. പലരും അലഞ്ഞു നടക്കുന്നവരത്രെ ...മഹമ്മദീയരുടെ ശക്തി അവിടെ പല സ്ഥലങ്ങളിലും ഭയങ്കരമായി വർദ്ധിച്ചുവരുന്നു......മഹമ്മദീയരാൽ ആക്രമിക്കപ്പെടുകയും, അനേകശതാബ്ദങ്ങളായി മററു ക്രിസ്തീയവിഭാഗങ്ങളോടു ബന്ധമില്ലാതിരിക്കയും ചെയ്യുന്നതുകൊണ്ടു് എത്യോപ്യർ ഇപ്പോഴും ലോകത്തിലേക്കുംവച്ചു പിന്നണിയിൽ നില്ക്കുന്ന ക്രിസ്തീയവിഭാഗമാണെന്നുള്ളതു വിസ്മയകരമല്ല......ആളുകൾ തീരെ അജ്ഞരും, വിശ്വാസാചാരങ്ങളിൽ യൂദന്മാരുടേയും പുറജാതികളുടേയും അന്ധവിശ്വാസങ്ങൾ സ്വീകരിച്ചിട്ടുള്ളവരുമാണു്......കൂടുതൽ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുടെ ഇടയിലും സാന്മാർഗ്ഗികനില വളരെ താണതാണു്. പ്രത്യേകിച്ചു് വേശ്യകളൊന്നിച്ചുള്ള ജീവിതവും ബഹുഭാര്യാത്വവും സാധാരണമാണു്......കഠിനമായ ഉപവാസങ്ങളും മററു കർമ്മങ്ങളും നടത്തി ഇവർ ബാഹ്യമായി ഭക്തി പ്രകടിപ്പിക്കുമെങ്കിലും കൂദാശകൾ സ്വീകരിക്കുക അപൂർവ്വമത്രേ. മാലാഖാമാരോടു ഇവർക്കുള്ള വലിയ ഭക്തി പിശാചുക്കളോടുള്ള അത്യധികമായ സേവയുമായി സംഘടിക്കപ്പെട്ടിരിക്കുന്നു. ഉറവകളും മരങ്ങളും ധാരാളമുള്ള സ്ഥലങ്ങളിൽ ഇവർ ചെയ്യുന്ന അന്ധവിശ്വാസപരമായ ചടങ്ങുകൾ യാതൊരു ക്രിസ്ത്യാനിക്കും ന്യായീകരിക്കുവാൻ സാദ്ധ്യമല്ല......യൂറോപ്യൻമിഷനറിമാർ എത്യോപ്യരിൽ നല്ലതും സ്നേഹപാത്രവുമായ യോഗ്യതകളും ഭാവിയിൽ നന്നാകുന്ന ലക്ഷണങ്ങളും കാണാതിരുന്നിട്ടില്ല. അനേകശതാബ്ദങ്ങളായി തീരെ അപൂർണ്ണമായ ഒരു ക്രിസ്തുമതത്തെ അവലംബിച്ചുവന്നിട്ടും അവർ മഹമ്മദുമതത്തിനും പുറജാതിമതത്തിനും അടിമകളായിത്തീന്നില്ലെന്നുള്ള കാര്യം വിസ്മരിക്കത്തക്കതല്ല.

"എത്യോപ്യൻസഭയിൽ ഈജിപ്തായസഭയിലെപ്പോലെ മാമ്മോദീസാമുക്കുന്ന ക്രമവും അതിനെ സംബന്ധിച്ചുള്ള ഉപദേശവും സത്യവിശ്വാസത്തിനു് അനുസരണമാണെങ്കിലും മാമ്മോദീസാ നൽകുന്നതിൽ തീരെ ശ്രദ്ധയില്ലാത്തതുകൊണ്ടും, കർമ്മം നടത്തുന്നതു് ഓരോരുത്തൻേറയും ഇഷ്ടമനുസരിച്ചാകയാലും ഈ സഭയിലെ മാമ്മോദീസാ സാധുവാകുമോ എന്നു വളരെ സംശയമുണ്ടു്. ഇക്കാരണത്താൽ കത്തോലിക്കാസഭയിൽ പ്രവേശിക്കുന്ന എത്യോപ്യൻ സഭക്കാരെ സോപാധികമായി (Conditionally) മാമ്മോദീസാമുക്കി സ്വീകരിക്കയാണു പതിവു്......കത്തോലിക്കാപട്ടക്കാർ ഈജിപ്തായ പട്ടക്കാരെ മാമ്മോദീസാമുക്കുവാൻ പഠിപ്പിക്കുന്നതിനു് വളരെ പരിശ്രമിച്ചിട്ടുണ്ടു്. ഒരു ഫ്റാൻസിസ്കൻ സന്യാസിയായ ഫൊത്തുനാത്തസ് (കത്തോലിക്കൻ) ഈജിപ്തായസഭയിലെ മെത്രാന്മാരോടു് എല്ലാ പട്ടക്കാരേയും ഇക്കാര്യം പഠിപ്പിക്കാമെന്നു ഉദ്ബോധിപ്പിക്കയുണ്ടായി. ചിലപ്പോൾ അങ്ങനെ ചെയ്യാൻ അവർ അദ്ദേഹത്തിനു് അനുവാദം നൽകിയിട്ടുണ്ടു്. ഈജിപ്തായസഭയിലും എത്യോപ്യൻസഭയിലും ശമ്മാശന്മാർക്കു് പുരോഹിതപട്ടം കൊടുക്കുന്നതു് ഓരോ വ്യക്തിക്കുമായിട്ടല്ല. എല്ലാവർക്കുമായി ഒരുമിച്ചുകൊടുക്കുന്നതിനാൽ (en masse) ഇവരുടെ പട്ടംതന്നെ ശരിയാണോ എന്നുള്ള കാര്യം വളരെ സംശയാസ്പദമത്രേ. ആകയാൽ കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്ന പട്ടക്കാർക്കു് പലപ്പോഴും സോപാധികമായി പട്ടം കൊടുത്തുവരുന്നു.

"സ്ഥിരീകരണം (മൂറോൻ), രോഗികളുടെ തൈലാഭിഷേകം (അന്ത്യലേപനം) എന്നീ കൂദാശകൾ എത്യോപ്യൻസഭയിൽ ഉപയോഗത്തിൽ ഇല്ലാതാണിരിക്കുന്നതു്......വി. കർബാനയ്ക്കു പുളിച്ച അപ്പമാണു് ഇവർ ഉപയോഗിക്കുന്നതെങ്കിലും പെസഹാവ്യാഴാഴ്ചത്തെ കർബാനയ്ക്കു പുളിക്കാത്തതും ഉപയോഗിക്കാറുണ്ടു്. വി. കർബാനയ്ക്കു ഉപയോഗിക്കുന്ന വീഞ്ഞു് അപ്പഴപ്പോൾ ഉണക്കമുന്തിരിങ്ങാ അശ്രദ്ധയോടുകൂടി പിഴിഞ്ഞതാകയാൽ ഇതുപയോഗിച്ചു ചൊല്ലുന്ന കർബാന വാസ്തവമാകുമോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു......കുമ്പസാരിക്കുന്നതിനു "ഞാൻ പാപംചെയ്തു; എന്നെ മോചിക്കണം" എന്നു പട്ടക്കാരനോടു പറയുകയും "നിനക്കു മോചിക്കപ്പെടട്ടെ" എന്നു പട്ടക്കാരൻ മറുപടി പറയുകയും ചെയ്താൽ മതിയത്രേ......സാധാരണമായി മരിക്കാറായി കിടക്കുമ്പോൾ മാത്രമേ ഈ വിധത്തിലെങ്കിലും അവർ കുമ്പസാരിക്കയുള്ളൂ. വിവാഹമോചനം അനുവദനീയമല്ലെന്നു താത്വികമായി അവർ സമ്മതിക്കുമെങ്കിലും സാധാരണ സ്ത്രീപുരുഷന്മാർക്കു് അനുസരിക്കുവാൻ അസാദ്ധ്യമായ ഒരു ഉപദേശമായി ഇതിനെ പരിഗണിക്കുന്നു. മഹമ്മദീയരെ അനുകരിച്ചു് ബഹുഭാര്യാത്വവും ഇവരുടെ ഇടയിൽ ചിലപ്പോൾ നടന്നുവരുന്നു. പട്ടക്കാർ ഇങ്ങനെയുള്ള വിവാഹങ്ങൾ നടത്തിക്കൊടുക്കുകയില്ലെങ്കിലും ദുർവൃത്തരായ വിശ്വാസികളെ ശാസിക്കാറില്ല ......

"ഈജിപ്തായ രീതിയിൽ പല മാററങ്ങളും കൂട്ടിച്ചേർക്കലും വരുത്തിയതാണു് എത്യോപ്യൻ റീത്തു്. പള്ളികളിലെ പാട്ടുകാർക്കു ഒരു പരിശീലനവും സിദ്ധിച്ചിട്ടില്ല. പാട്ടുപാടുമ്പോൾ ചെണ്ട, കൈമണി, വീണ, കുഴൽ എന്നിവ ഉപയോഗിക്കയും, കാലുകൊണ്ടു നിലത്തു ചവുട്ടി താളംപിടിക്കയും ചെയ്യുന്നു. ഇതിനിടയ്ക്കു നൃത്തവും നടത്താറുണ്ടു്. പാശ്ചാത്യർക്കു ഈ പാട്ടുകൾ കർണ്ണകഠോരമായും സംഗീതസ്പർശമില്ലാത്തവയായും തോന്നും.

"എത്യോപ്യൻപള്ളികൾ മിക്കവയും മണ്ണുകൊണ്ടുള്ളവയും ഓലമേഞ്ഞവയും വൃത്താകൃതിയോടുകൂടിയവയുമാകുന്നു......ഇവ വളരെ ഇരുട്ടുനിറഞ്ഞതും, വൃത്തികെട്ടതും, അപരിഷ്കൃതവുമത്രേ......ആളുകൾ മിക്കവാറും പള്ളിക്കു പുറത്തുനിന്നാണു് ആരാധനയിൽ സംബന്ധിക്കുന്നതു്.

(തുടരും,

ഏതാണ് സത്യമതം?

By ഫ്റാൻസീസ് അന്തിക്കാട്ടു്

താത്വികവും സയുക്തികവും സമഗ്രവുമായ മറുപടി. നിഷ്പക്ഷചിന്തകനായ സത്യാന്വേഷിയുടെ സത്യമതത്തിലേക്കുള്ള മാർഗ്ഗദീപം—അക്രൈസ്തവ-അകത്തോലിക്കാ സഹോദരങ്ങൾ വായിക്കുവാൻ ഇടവരുത്തുക—നിങ്ങൾ വലിയൊരു മിഷൻവേല ചെയ്തുകഴിഞ്ഞു—50 പേജുകൾ. വില 3 ണ. ഒരു കോപ്പിക്കു 4 ണയ്ക്കുള്ള സ്റ്റാമ്പയക്കുക. രണ്ടു കോപ്പികൾക്കു പോസ്റ്റേജ സൗജന്യം. പന്ത്രണ്ടു കോപ്പികൾക്കു് 25% കമ്മീഷൻ, പോസ്റ്റേജ് സൗജന്യം.

ഉടൻ എഴുതുക:-

മാനേജർ, യൂണിയൻപ്രസ്സ്, മരിയാപുരം, ഒല്ലൂർ P. O.

(2-ാം പേജ തുടർച്ച)

ശിക്ഷിക്കുന്നതിനുമുള്ള അധികാരവും കൊടുത്തിട്ടുണ്ടു്. "നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതോ സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും" (മത്തായി XVI 19)എന്ന വാക്യങ്ങളിൽ നമ്മുടെ ദിവ്യരക്ഷകൻ വി. പത്രോസിനു് കെട്ടുവാനും അഴിക്കുവാനും അധികാരം നൽകിയിരിക്കുന്നു.

സഭയുടെ അധികാരം ഭൗതികമല്ല, ആദ്ധ്യാത്മികമാണു്. തൻമൂലം നിയമങ്ങൾ അനുസരിക്കാത്തവർക്കു സഭ നൽകുന്ന ശിക്ഷയും ആദ്ധ്യാത്മികമാകുന്നു. തൻമൂലം ഏതെങ്കിലും ഒരു നിയമം—ഉദാഹരണമായി ഞായറാഴ്ച ദിവ്യപൂജ കാണുക—അനുസരിക്കാത്തതു ചാവുദോഷമാകുമെന്നു സഭ അനുശാസിക്കുന്നു. അതു സഭ നൽകുന്ന ശിക്ഷയാണു്. എന്നാൽ ആരെങ്കിലും തുടർച്ചയായി അനുസരണക്കേടിൽ തന്നെ വർത്തിക്കുന്നുവെങ്കിൽ അങ്ങനെയുള്ളവരെ സഭയുടെ സംസർഗ്ഗത്തിൽനിന്നു വിച്ഛേദിക്കുന്നു. അതായതു് സഭയുടെ അംഗത്വത്തിൽനിന്നു നീക്കുകയും, സഭയുടെ കൂദാശാകർമ്മങ്ങളിലോ ആരാധനക്രമങ്ങളിലോ സംബന്ധിക്കുന്നതിനുള്ള അവകാശം നിഷേധിക്കുകയും, മററുള്ളവരോടു് അങ്ങനെയുള്ള ആളുമായി സംസർഗ്ഗം ചെയ്യരുതെന്നു ഗുണദോഷിക്കുകയും ചെയ്യുന്നു. ഇതിനാണു മഹറോൻ ശിക്ഷ എന്നു പറയുന്നതു്.

"എന്നാൽ...സഭയോടു പറയുക. അവൻ സഭയുടെ വാക്കും കേൾക്കാതിരുന്നാൽ അവൻ നിനക്കു ചുങ്കക്കാരനെപ്പോലെയും പുറജാതിക്കാരനെപ്പോലെയും ആയിരിക്കട്ടെ" (മത്താ: XVIII 17) എന്നു നമ്മുടെ കർത്താവുതന്നെ അനുശാസിച്ചിരിക്കുന്നു. "ദൂഷണം പറയാതിരിക്കേണ്ടതിനു ശിക്ഷിക്കപ്പെടുവാനായി സാത്താനു് ഞാൻ ഏല്പിച്ചുകൊടുത്ത" (I തിമോ I, 20) എന്നു വിശുദ്ധ പൗലോസ് പറയുമ്പോൾ, അദ്ദേഹം മഹറോൻ ശിക്ഷയിൽ ഉൾപ്പെടുത്തിയവരെയാണു് ഉദ്ദേശിക്കുന്നതു്. "ഞങ്ങൾ നിങ്ങളോടു അറിയിച്ചതുവിട്ടു ഞങ്ങൾതന്നെയാകട്ടെ, സ്വർഗ്ഗത്തിൽനിന്നു് ഒരു മാലാഖയാകട്ടെ, നിങ്ങളോടു് അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ" (ഗാല: I, 8) എന്നു വിശുദ്ധ പൗലോസ് പറഞ്ഞിരിക്കുന്നതും ഇവിടെ സ്മർത്തവ്യമാണു്.

അനുസരണയില്ലാത്ത ഒരു അംഗത്തെ സ്വാധികാരമുപയോഗിച്ചു് സഭയുടെ ഐക്യത്തിൽനിന്നു വേർപെടുത്തുന്ന സഭയ്ക്കു്, അവൻ അനുസരണയുള്ളവനായിത്തീരുമ്പോൾ സഭയുടെ ഐക്യത്തിലേക്കു തിരികെ സ്വീകരിക്കുവാനും അധികാരമുണ്ടായിരിക്കുമല്ലോ. മഹറോൻചൊല്ലപ്പെട്ടവരെ തിരിച്ചു സ്വീകരിക്കുവാൻ സഭയ്ക്കു അധികാരമുണ്ടു്; അങ്ങനെ തിരിച്ചു സ്വീകരിച്ചിട്ടുമുണ്ടു്.

54 ചോ: സ്ത്രീകൾ വേദനയോടുകൂടി ശിശുക്കളെ പ്രസവിക്കട്ടെയെന്നു ദൈവം പറഞ്ഞിരിക്കെ, പരിശുദ്ധ പിതാവു വേദന കൂടാതെയുള്ള പ്രസവത്തെ സ്വാഗതം ചെയ്തിരിക്കുന്നതു ശരിയാണോ?

(കെ. സി. ജെ. ചങ്ങനാശേരി)

ഉ: വിലക്കപ്പെട്ട കനി ഭക്ഷിച്ചതിനെത്തുടന്നു് ആദത്തേയും ഹവ്വായേയും ശിക്ഷിച്ച അവസരത്തിൽ ദൈവം ഹവ്വായോടു് ഇങ്ങനെ പറയുകയുണ്ടായി: "നിൻെറ ദുഃഖങ്ങളും ഗർഭധാരണങ്ങളും ഞാൻ അധികമായി വർദ്ധിപ്പിക്കും. വേദനകളോടുകൂടെ കുട്ടികളെ നീ പ്രസവിക്കും. നിൻെറ ഭർത്താവിൻ പക്കലേക്കു നീ തിരിയും. അ

(ശേഷം 10-ാംപേജിൽ)

Wednesday December 19 1956

# THE SATHYADEEPAM

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293 Vol. 30 No. 19




പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,



നിർമ്മല ലില്ലിപ്പുഷ്പം പോലെ മനോഹരിയായ ആഗ്നസ് അവളുടെ ഹൃദയപരിശുദ്ധിയേയും ക്രിസ്തുവിലുള്ള വിശ്വാസത്തേയും സംരക്ഷിക്കുന്നതിനുവേണ്ടി പ്രതിയോഗികളുടെ എല്ലാ തന്ത്രങ്ങളേയും വ്യാമോഹിപ്പിക്കുന്നവാഗ്ദാനങ്ങളേയും ഭീഷണികളേയും ധൈര്യസമേതം എതിർക്കുകയും സുസ്ഥിരമായിനിന്നു ഭയാനകങ്ങളായ പീഡകളെല്ലാം സഹിക്കുകയും ചെയ്തു. കഠിനമായ ശരീരമർദ്ദനത്തിനു ശേഷം ഇരുമ്പുചങ്ങലകളിൽ അവൾ ബന്ധിക്കപ്പെട്ടിരിക്കുന്നു, മരണമടയുവാൻ വേണ്ടി. അവളുടെ കാമുകനായ റൂഫസ് മാക്സ് ഒരവസാനയാചന ചെയ്യുന്നതിനു വന്നിരിക്കുകയാണ് അവളുടെ മുമ്പിൽ:- "എൻ്റെ ആഗ്നസേ, ഇനിയെങ്കിലും നിൻ്റെ ക്രിസ്തീയവിശ്വാസം ഉപേക്ഷിച്ചു നിന്നെത്തന്നെ രക്ഷപെടുത്തുക. നീ മരിക്കരുതേ; നിൻ്റെ സകല കാര്യങ്ങളും ഞാനേറ്റുകൊള്ളാം". ദാരുണമായ മരണം ഒരു വശത്ത്—ജീവിതവും സകലവിധ ലോകസുഖങ്ങളും മറുവശത്ത്. ഏതു വേണമെങ്കിലും ആഗ്നസിനു ഈ അന്ത്യനിമിഷത്തിലും തിരഞ്ഞെടുക്കാം. റൂഫസ്മാക്സ് നിന്നിമേഷനായി കാത്തുനില്ക്കുകയാണ് അവളുടെ തീരുമാനമറിയാൻ. അവൾ ഉണങ്ങിവരണ്ട അവളുടെ ചെഞ്ചുണ്ടുകളെ മന്ദം മന്ദം അനക്കുന്നു. ചില കുഞ്ഞുവാക്കുകൾ അവിടത്തെ നിശ്ചലനിശ്ശബ്ദതയെ ഭഞ്ജിക്കുന്നു: "എൻ്റെ ഈശോ, എന്നെ കൈവിടരുതേ." അവളുടെ ഹൃദയം ആ യുവാവിൻ്റെ മാനസാന്തരത്തിനുവേണ്ടി ദിവ്യനാഥനോടു തീവ്രമായി പ്രാർത്ഥിക്കുകയായിരുന്നു ഇതിനിടയിൽ... അത്ഭുതം! ദൈവാനുഗ്രഹം അവൻ്റെ അന്തർനേത്രങ്ങളെ പ്രകാശിപ്പിച്ചു. അവൻ്റെ ഹൃദയത്തിൽ ഒരു കോളിളക്കമുണ്ടായി. അവനിൽ വിശ്വാസം ഉദ്ദീപ്തമായി. റൂഫസ് മാക്സ് ക്രിസ്തുവിൽ വിശ്വസിച്ചു. ഒരു ക്രിസ്ത്യാനിയായി സ്വയം പ്രഖ്യാപിച്ചു. ആഗ്നസിനോടുണ്ടായിരുന്ന അദ്ദേഹത്തിൻ്റെ ജഡികസ്നേഹം, ആഗ്നസിനു അദ്ദേഹത്തോടുണ്ടായിരുന്ന ആത്മീയസ്നേഹത്താൽ പരാജയപ്പെടുത്തപ്പെട്ടു. ക്രിസ്തുനാഥൻ വിജയിച്ചു. ഭരണാധിപൻ്റെ പുത്രൻ ക്രിസ്ത്യാനിയായി! രാജ്യനിയമം അതു സഹിച്ചില്ല. രാഷ്ട്രനീതി അതു ക്ഷമിച്ചില്ല. ശിരച്ഛേദം! അതായിരുന്നു അതിനുള്ള പ്രതികാരം. അതും നിർവ്വഹിക്കപ്പെട്ടു. അങ്ങിനെ രക്തസാക്ഷിമരണമാകുന്ന മോഹനകവാടം കടന്നു ആഗ്നസും അവളുടെ കാമുകനും സ്വർഗ്ഗം പൂകി.

കുഞ്ഞനുജന്മാരേ, കുഞ്ഞനുജത്തികളേ, നിങ്ങൾ നിങ്ങളുടെ ഹൃദയവിശുദ്ധിയെ ഭദ്രമായി സംരക്ഷിക്കുക. വിശുദ്ധ ആഗ്നസിനെ അനുകരിക്കുക. കഠിന ദാരിദ്ര്യത്തിലും ക്ലേശങ്ങളുടെ മദ്ധ്യത്തിലും ബെത്ലേഹമിലെ പുൽതൊട്ടിയിൽ നമുക്കുവേണ്ടി പിറന്ന ഉണ്ണീശോയുടെ തൃപ്പാദത്തിങ്കൽ നിങ്ങളുടെ ഹൃദയവിശുദ്ധിയെ നിങ്ങൾ കാഴ്ചയർപ്പിക്കുക. ആ പുൽക്കൂടിനു ചുറ്റും മഞ്ഞുതുള്ളികൾ വീണു ചാഞ്ചാടിക്കൊണ്ടിരുന്ന നിർമ്മല ലില്ലിപ്പുഷ്പങ്ങൾ പോലെ നിങ്ങളും ദിവ്യഉണ്ണിയോടൊന്നിച്ചു നിർമ്മലതയിൽ വിരാജിക്കുവാൻ അവിടുന്നു നിങ്ങളെ അനുഗ്രഹിക്കട്ടെ. ക്രിസ്തുമസ് മംഗളങ്ങൾ!

(ആഗ്നസിൻ്റെ ചരിത്രം സമാപ്തം) വല്യേട്ടൻ



## 98-ാം നമ്പ്ര് പ്രശ്നത്തിൻ്റെ ഉത്തരം

എൻ്റെ പേര് —സമാധാനം

## പ്രശ്നം നമ്പ്ര് 99

(ജേക്കബ് കുഴിക്കാട്ട് Reg. No. 105)

ഞാൻ അറുതിയില്ലാത്ത പ്രതാപവാനാണ്. പക്ഷെ എൻ്റെ ആവിർഭാവം കടുംദാരിദ്ര്യത്തിലും ക്ലേശസാഹചര്യങ്ങളിലുമാണ്. ഞാൻ ലോകത്തിനൊരു പ്രശ്നം തന്നെയാണെന്നും. എൻ്റെ പേരിനു അഞ്ചക്ഷരമുണ്ട്. ആദ്യക്ഷരം ക്രിമിനൽ കേസിലുണ്ടാകും, സിവിൽകേസിൽ കാണുകയില്ല. രണ്ടാമത്തെ അക്ഷരം ലോകവസ്തുക്കളിലുണ്ട്, സ്വർഗ്ഗസൗഭാഗ്യത്തിലില്ല. മൂന്നാമത്തെ അക്ഷരം രാഷ്ട്രങ്ങളിലുണ്ട്, സംസ്ഥാനങ്ങളിലില്ല. നാലാമത്തെ അക്ഷരം ജനാധിപത്യത്തിലുണ്ട്, സ്വേച്ഛാധിപത്യത്തിലില്ല അവസാനത്തെ അക്ഷരം മാൻപേടയിലുണ്ട്, കാട്ടുമൃഗങ്ങളിലില്ല. എൻ്റെ പേരു പറയാമോ? (ഉത്തരം അടുത്തതിൽ)

## ഉണ്ണീശോയുടെ പിറവി

(തോമസ് കാട്ടൂക്കാരൻ Reg No. 63)

സർവ്വചരാചരങ്ങളുടേയും സൃഷ്ടികർത്താവായ ദൈവപുത്രൻ അനേകദീർഘദർശികളുടെ പ്രവചനങ്ങൾക്കനുസരിച്ച്, ആദിമാതാപിതാക്കന്മാരുടെ ദൈവപ്രമാണലംഘനത്താൽ നിത്യമരണത്തിനടിമപ്പെടേണ്ടിവന്ന മനുഷ്യലോകത്തെ രക്ഷിക്കുവാൻ കാലത്തിൻ്റെ തികവിൽ ഒരു മനുഷ്യനായി ജാതനായി. മനുഷ്യകുലപരിത്രാണകനായ ഈശോയുടെ അവതാരത്തിൻ്റെ വൈശിഷ്ട്യത്തേയോ അതിലടങ്ങിയിരിക്കുന്ന രഹസ്യങ്ങളേയോപറ്റി ശരിയായി വിവരിക്കുവാൻ അസാദ്ധ്യമാണ്.

ഏതൊരുവിനാഴികയിൽ ആദിമനുഷ്യൻ പാപത്തിനടിമപ്പെട്ടുവോ ആ നിമിഷംമുതൽ മനുഷ്യലോകം നിത്യനരകവും കഷ്ടതയും അനുഭവിക്കേണ്ടതായും വന്നുകൂടി. എന്നാൽ കാരുണ്യവാനായ ദൈവം മനുഷ്യരെ രക്ഷിക്കുവാൻ ഒരു രക്ഷകനെ അയക്കുവാൻ കനിഞ്ഞു തീർച്ചയാക്കി. പല ദീർഘദർശികളും അതേപ്പറ്റി പ്രവചിക്കുവാൻതുടങ്ങി.

ദൈവപുത്രനു മനുഷ്യാവതാരം ചെയ്യുന്നതിനായി അവിടുന്നു ദാവീദുഗോത്രത്തിൽ പരിശുദ്ധ മറിയത്തെ ജന്മപാപംകൂടാതെ സൃഷ്ടിച്ചു. ആ വംശത്തിലാണല്ലോ ഈശോ ജനിക്കുമെന്നു ദീർഘദർശികൾ പ്രവചിച്ചിരുന്നതു്. ഒരുദിവസം ഗബ്രിയേൽദൈവദൂതൻ മറിയത്തിനു പ്രത്യക്ഷപ്പെട്ടു് മംഗലവാർത്തയറിയിച്ചു. റൂഹാദക്കുദിശായുടെ ശക്തിയാൽ മറിയം ഗർഭം ധരിച്ചു.

മറിയത്തിനു പ്രസവത്തിനുള്ള കാലം സമീപിച്ചു. അപ്പോൾ ഓരോരുത്തരും അവരവരുടെ ഗോത്രങ്ങളുടെ രാജ്യത്തുപോയി ജനസംഖ്യക്കു കണക്കുകൊടുക്കണമെന്നു് സീസർ അഗസ്റ്റസ്ചക്രവർത്തിയുടെ കല്പന പുറപ്പെട്ടു. മറിയവും യൗസേപ്പും ദീർഘയാത്രകഴിച്ചു് സ്വന്തനഗരമായ ബത്ലേഹത്തിലേക്കു പോകുവാൻ തീർച്ചയാക്കി. ഗ്ലീലായിലെ പട്ടണമായ നസ്രസ്സിൽനിന്നു യൂദായിൽ ബത്ലഹം എന്നു വിളിക്കപ്പെട്ടുന്ന ദാവീദിൻ്റെ പട്ടണത്തിലേക്കുള്ള ആ യാത്ര ക്ലേശപൂർണ്ണമായിരുന്നു. അവർ അവിടെ ചെന്നപ്പോൾ എല്ലാ വീടുകളിലും ആളുകൾ തിക്കിത്തിരക്കി കൂടിയിരുന്നു. അവർക്കു ഒരു ദിക്കിലും സ്ഥലം കിട്ടിയില്ല. സർവ്വത്തിൻ്റേയും അധിപനായ ദൈവപുത്രനെ വഹിച്ചുകൊണ്ടിരുന്ന മറിയത്തിനു ഒന്നു കയറിക്കിടക്കുവാൻകൂടി സ്ഥലംകിട്ടിയില്ല!! അവസാനം അവർ കന്നുകാലികളുടെ വിശ്രമസ്ഥലമായ ഒരു ഗുഹയിൽ ചെന്നുചേർന്നു. നേരം പാതിരാത്രിയായി. മറിയത്തിനു പ്രസവിക്കേണ്ട നിമിഷമായി. കന്യകാമാതാവു ദൈവപുത്രനെ പ്രസവിച്ചു് അവിടെ പുൽക്കൂട്ടിൽ കിടത്തുകയുംചെയ്തു. ആ ശിശുവിൻ്റെ സ്ഥിതി എന്താണ്? തണുപ്പു സഹിക്കവയ്യാതെ ദിവ്യശിശുവിൻ്റെ കൈകാലുകൾ പിടയ്ക്കുന്നു. ദരിദ്രയായ മാതാവു് കാച്ചു കീറിയ പഴന്തുണികൾകൊണ്ടു പൈതലിനെ പുതറുന്നു. ഹാ! എത്ര ഉയർന്നതാണ് അവിടുത്തെ സ്ഥിതി? എത്ര താഴ്ന്നതായിരിക്കുന്നു അവിടുത്തെ ജനനം? ഈ ഏകസംഭവംവഴി എളിമയിൽനിന്നാണ് ഉയർച്ചയെന്നു അവിടുന്നു നമ്മെ പഠിപ്പിക്കുന്നു. ദയനീയമായ ആ കിടപ്പിൽ കിടന്നുകൊണ്ടു് അവിടുന്നു നമ്മെ വിളിക്കുന്നുണ്ടു്, "അദ്ധ്വാനിക്കുന്നവരും ഭാരംവഹിക്കുന്നവരും എൻ്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" എന്നു പറഞ്ഞുകൊണ്ടു്.

മാലാഖയുടെ സന്ദേശം ആട്ടിടയന്മാരെ അവിടുത്തെ പക്കലേക്കു ക്ഷണിച്ചു. അവർ വന്നു ദിവ്യശിശുവിനെ ആരാധിച്ചു അവർ അനുഗ്രഹീതരായി തിരിച്ചുപോയി. വിജ്ഞാനികളായ പൂജരാജാക്കൾ ഈശോയെ ആരാധിക്കുവാൻ നക്ഷത്രത്തെ അനുഗമിച്ചു് ബെത്ലേഹമിലെത്തി. അവർ വന്നു ഈശോയെ ആരാധിച്ചു് പൊന്നു, മീറ, കുന്തുരുക്കം ഇവ കാഴ്ചവെച്ചു് അനുഗ്രഹീതരായി അവരുംമടങ്ങി.

രക്ഷകൻ്റെ പിറവിയുടെ സ്മരണ നാമും ആചരിക്കുന്നു. ബത്ലേഹമിൻ്റെ അന്തരീക്ഷം നമ്മെ വലയംചെയ്യുന്നു. മാലാഖായുടെ സന്ദേശം നമ്മുടെ ചെവികളിൽ മുഴങ്ങുന്നു. നമുക്കും അവിടുത്തെ സമീപിച്ചു് രക്ഷകനെ കുമ്പിട്ടാരാധിക്കാം. അനുഗ്രഹീതരായി നമുക്കും അവിടെനിന്നു വിരമിക്കാം.

## വിനോദവേള

ഒരു വക്കീലാപ്പീസിലേക്കു കയറിച്ചെന്ന പാർസനോടു് കുശലപ്രശ്നങ്ങൾക്കുശേഷം വക്കീൽ, അവിടെയുണ്ടായിരുന്ന രണ്ടുപേരെ ചൂണ്ടിക്കാണിച്ചിട്ടു ചോദിച്ചു:- ഫാദർ, ഇവർ രണ്ടുപേരും നിങ്ങളുടെ പാരീഷിൽ പെട്ടവരല്ലേ? അവർ വെള്ള ആടുകളിൽ പെടുമോ, കറുത്ത ആടുകളിൽ പെടുമോ?

പാർസൻ:- അവർ വെള്ളയാടുകളിൽ പെടുമോ കറുത്ത ഗണത്തിൽ പെടുമോ എന്നു എനിക്കു തീർച്ചപറയാൻ നിവൃത്തിയില്ല. ഇവിടെവച്ചു കണ്ടതുകൊണ്ടു് ഒന്നു തീർച്ചയാണ്. അവരുടെ രോമം മുഴുവൻ വെട്ടിയേ ഇവിടെനിന്നു വിടൂ.

x x x

ലൂസി:- അപ്പച്ചാ, അതാണോ ജിറാഫ്? അതിൻ്റെ കഴുത്തിനെന്തിനാ ഇത്രവളരെ നീളം?

പിതാവ്:- മകളേ, അതു വൃക്ഷങ്ങളിലെ ഇല തിന്നാണ് ജീവിക്കുന്നതു്. അതുകൊണ്ടു് നീണ്ട കഴുത്തുണ്ടെങ്കിലല്ലാതെ ഇല പറിക്കാൻ സാധിക്കുമോ?

ലൂസി:- അപ്പച്ചാ, അപ്പോൾ വൃക്ഷങ്ങൾക്കെന്തിനാ ഇത്ര പൊക്കം? അവയ്ക്കു പൊക്കംകുറഞ്ഞതായിക്കൂടേ?

പിതാവ്:- എൻ്റെ മകളേ, വൃക്ഷങ്ങൾക്കു പൊക്കമില്ലെങ്കിൽ ജിറാഫിനു എന്തു ക്ലേശമായിരിക്കും അതിൻ്റെ തല താഴ്ത്തി ഇല പറിക്കാൻ. അതല്ലേ, വൃക്ഷങ്ങൾക്കു ഇത്ര ഉയരമുള്ളതു്?

x x x



"എന്തിനാ പൗലോച്ചാ, നീ ആ സാറേപ്പിടിച്ചു് അസംബ്ലി തെരഞ്ഞെടുപ്പിനു നിറുത്തുന്നതു്. പാവം, അവക്കെന്തറിയാം?"

"അവൾക്കു് നാക്കിനു നീളമെത്രയുണ്ടെന്നറിയില്ലേ വല്യപ്പൻ. പത്തുപന്ത്രണ്ടു ബില്ലൊക്കെ പാസാക്കാൻ അവൾ വായൊന്നു പതുക്കെ തുറന്നാമതി!"

x x x

ജഡ്ജി:- അതുകൊണ്ടു് പ്രതിക്കു ഞാൻ അഞ്ചുകൊല്ലത്തെ കഠിന തടവു വിധിച്ചിരിക്കുന്നു.

പ്രതി:- യജമാനനേ, ആ വിധിയൊന്നു ഭേദപ്പെടുത്തണം. കഴിഞ്ഞമാസം എന്നെ പരിശോധിച്ച ഡോക്ടർ പറഞ്ഞതു് ഞാൻ ഒരു കൊല്ലത്തിലധികം ജീവിക്കുകയില്ലെന്നാണ്.

x x x



ശീമോനേ, ഇവിടിരുന്ന സ്രാട്ടെവിടെ, കാണുന്നില്ലല്ലോ. എനിക്കൊന്നു ബോറു്കളിക്കാൻ പോകേണ്ടതാണല്ലോ."

"കൊച്ചമ്മ മീൻമേടിച്ചേച്ചുവരാമെന്നുപറഞ്ഞു് അതെടുത്തു ഒച്ചുകേൾപ്പിച്ചോണ്ടിരിക്കുന്നതേ ഞാൻ കണ്ടുള്ളൂ ഏമാനേ."

—o—

Permissu Ecclesiastico

Printed & Published by

K. L. Varkey

a; the Mar Louis Memorial Press'

Ernakulam-1